32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 31, 2024 | Vol. XXXII No. 22 | Periodicals Postage Paid







പിസിനാക്കിന്റെ നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, സെക്രട്ടറി രാജു പൊന്നോലിൽ, സംസ്ഥാന പ്രതിനിധി സജി ഫിലിപ്പ്, സജി ജോൺ എന്നിവർ കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, മാനേജിംഗ് എഡിറ്റർ ഡോ. ടൈറ്റസ് ഈപ്പൻ, മാധ്യമ പ്രവർത്തകൻ കുര്യൻ ഫിലിപ്പ് എന്നിവരോടൊപ്പം.

Visit Our Website: www.keralaexpress.com

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** / ATLANTA : 404 633 4200 / CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com



# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*




K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com




# INDIA PENTECOSTAL ASSEMBLY
## 544 TIPTON RD
## IRVING TX 75060

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**
**pastorsearchipa@gmail.com**

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 രാജ്കോട്ട് തീപിടിത്തം: മരണം 33
8 കെ. സുധാകരനെ കുറ്റവിമുക്തനാക്കി
9 വടംവലി മത്സരത്തിന്റെ കിക്കോഫ്
14 'ഐ ഗ്ലാസ് ഡ്രൈവ്' ഉദ്ഘാടനം ചെയ്തു
16 വിവാ ഇൽ ഗോസ്പൽ ക്വിസ് മത്സരം സംഘടിപ്പിച്ചു

## അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡനെ ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ സന്ദർശിച്ചു



വാഷിങ്ടൺ ഡിസി: അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡനെ ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ സന്ദർശിച്ചു. മെയ് ഒന്നാം തീയതിയായിരുന്നു സന്ദർശനം. ഇരുപത് മിനിട്ട് നീണ്ടുനിന്ന കൂടിക്കാഴ്ചയിൽ ഫൊക്കാനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അമേരിക്കൻ മലയാളികളുടെ സംഘടനാ കൂട്ടായ്മയെക്കുറിച്ചും വിശദമായി സംസാരിച്ചു. 2024 ജൂലൈ മാസത്തിൽ നടക്കുന്ന ഫൊക്കാന അന്തർദ്ദേശീയ കൺവൻഷനിലേക്ക് പ്രസിഡണ്ട് ജോ ബൈഡനെ ഔദ്യോഗികമായി ക്ഷണിക്കുകയും ചെയ്തതായി ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു. അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമം, വളർച്ച എന്നിവയെക്കുറിച്ച് വളരെ ആകാംക്ഷയോടെയാണ് അമേരിക്കൻ പ്രസിഡണ്ട് സംസാരിച്ചതെന്നും ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു.

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ പ്രസിഡണ്ട്പദം ഏറ്റെടുത്ത ശേഷം നിരവധി ലോകനേതാക്കളുമായി കൂടിക്കാഴ്ച നടത്തുവാനും അവരുമായി മലയാളി സമൂഹത്തെക്കുറിച്ച് സംസാരിക്കുവാനും ഡോ. ബാബു സ്റ്റീഫന് കഴിഞ്ഞിട്ടുണ്ട്. അന്തർദ്ദേശീയ തലത്തിൽ ഫൊക്കാനയെ വളർത്തുന്നതിന്റെ ഭാഗമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള മലയാളി സംഘടനകളുമായി ബന്ധം സ്ഥാപിക്കുകയും ഒരു ആഗോള മലയാളി സംഘടനാ നേതൃത്വമായി ഫൊക്കാനയെ മാറ്റിയെടുക്കുവാനും ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിനു കഴിഞ്ഞിട്ടുണ്ട്.

### മദ്യനയം തിരുത്തൽ:
## കോഴയാരോപണം വിവാദമായി

തിരുവനന്തപുരം: മദ്യനയത്തിൽ അനുകൂല മാറ്റം വരുത്താൻ സർക്കാരിനു കോഴ നൽകണമെന്നു പറയുന്ന ബാർ ഹോട്ടൽ ഉടമകളുടെ സംഘടനാ നേതാവിന്റെ ശബ്ദരേഖ കേരള രാഷ്ട്രീയത്തിൽ വൻ കോളിളക്കം സൃഷ്ടിച്ചിരിക്കയാണ്. പ്രതിപക്ഷം എക്സൈസ് മന്ത്രി എം.ബി. രാജേഷിന്റെ രാജി ആവശ്യപ്പെട്ടു രംഗത്തു വന്നു.

ഇതേസമയം, ശബ്ദരേഖ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മന്ത്രി എം.ബി. രാജേഷ് സംസ്ഥാന പോലീസ് മേധാവിക്ക് കത്തു നൽകി. സംഭവത്തിൽ എക്സൈസിന്റെ ഇന്റേണൽ വിജിലൻസ് പ്രാഥമിക പരിശോധന ആരംഭിച്ചു. ഇതിനിടെ ആരോപണം അടിസ്ഥാനരഹിതമാണെന്നു പറഞ്ഞ് കേരള ബാർ ഹോട്ടൽ അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് വി. സുനിൽകുമാർ രംഗത്തെത്തി.

തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നീക്കിയാലുടൻ മദ്യനയത്തിൽ മാറ്റം വരുത്തുമെന്ന വാർത്തകൾ പുറത്തുവന്നതിനു പിന്നാലെയാണ് ശബ്ദരേഖ പുറത്തു വരുന്നത്. ഐടി പാർക്കുകളിൽ മദ്യവില്പനയ്ക്ക് അനുമതി നൽകുന്ന ചട്ടഭേദഗതി ഈയിടെ നിയമസഭാ സമിതി അംഗീകരിച്ചിരുന്നു. ഡ്രൈ ഡേ ഒഴിവാക്കുമെന്നും ബാറുകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുമെന്നുമുള്ള വാർത്തകളും വന്നിരുന്നു.

അസോസിയേഷൻ നേതാവായ അനിമോൻ ഇടുക്കി ജില്ലയിലെ ബാർ ഹോട്ടലുകൾക്ക് അയച്ച ശബ്ദസന്ദേശത്തിലാണ് രണ്ടര ലക്ഷം രൂപ വീതം നൽകാൻ ആവശ്യപ്പെടുന്നത്. പണം കൊടുക്കാതെ ആരും നമ്മെ സഹായിക്കില്ലെന്നും തെരഞ്ഞെടുപ്പു കഴിഞ്ഞാൽ പുതിയ മദ്യനയം വരുമെന്നും പറയുന്നുണ്ട്. ഡ്രൈ ഡേ എടുത്തുകളയുമെന്നും അതു ചെയ്തു തരാൻ കൊടുക്കേണ്ടതു കൊടുക്കണമെന്നും ശബ്ദരേഖയിൽ പറയുന്നു.

പിരിവു നടത്തിയത് അസോസിയേഷൻ ഓഫീസ് ബിൽഡിംഗ് വാങ്ങാനാണെന്നാണ് അസോസിയേഷൻ പ്രസിഡണ്ട് വി. സുനിൽകുമാറിന്റെ വിശദീകരണം. സംഘടനയിൽനിന്നു സസ്പെൻഡ് (ശേഷം 24-ാം പേജിൽ)

## തൃണമൂൽ കോൺഗ്രസിനെതിരായ ബിജെപിയുടെ പരസ്യങ്ങൾ അപമാനകരമെന്ന് സുപ്രീംകോടതി



ന്യൂഡൽഹി: തൃണമൂൽ കോൺഗ്രസിനെതിരായ പരസ്യവിവാദത്തിൽ ബിജെപിക്ക് സുപ്രീം കോടതിയിൽ തിരിച്ചടി. തൃണമൂലിനെ അവഹേളിക്കുന്ന പരസ്യങ്ങൾ വിലക്കിയതിനെതിരായ ഹർജിയിൽ കോടതി ഇടപെട്ടില്ല. പരസ്യങ്ങൾ പ്രഥമദൃഷ്ട്യാ അപമാനകരമാണെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. കോടതി പരാമർശത്തിന്റെ പശ്ചാത്തലത്തിൽ ഹർജി പിൻവലിക്കുകയാണെന്ന് ബിജെപി അറിയിച്ചു. പരസ്യങ്ങൾ കൊൽക്കത്ത ഹൈക്കോടതി വിലക്കിയതിനെതിരെയാണ് ബിജെപി സുപ്രീം കോടതിയെ സമീപിച്ചത്. ടെലിവിഷൻ മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രസിദ്ധീകരിച്ച പരസ്യങ്ങളിലാണ് സുപ്രീം കോടതിയുടെ സുപ്രധാന നിരീക്ഷണം പുറത്തുവന്നിരിക്കുന്നത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിനു പുറമെ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങളുടെയും ലംഘനമാണ് പരസ്യങ്ങളെന്നാണ് കൊൽക്കത്ത ഹൈക്കോടതി നേരത്തെ നിരീക്ഷിച്ചത്. നിശബ്ദപ്രചാരണ ദിനത്തിലും വോട്ടിംഗ് ദിനത്തിലുമാണ് ബിജെപി ഈ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചത്.

## യുപിയിലെ ആശുപത്രിയിലും തീപിടിത്തം

ലക്നൗ: ഉത്തർപ്രദേശിലെ ബാഗ്പഥ് ജില്ലയിൽ ആശുപത്രിയിലും വൻ തീപിടിത്തം. 27-ന് പുലർച്ചെ ബാഗ്പഥ് ജില്ലയിലെ ബറൗത്ത് പട്ടണത്തിലെ ആസ്ത ആശുപത്രിയുടെ മുകളിലത്തെ നിലയാണ് അഗ്നിക്കിരയായത്. ആശുപത്രിയിൽ ചികിത്സയിലായിരുന്ന 15 കുട്ടികളെ സുരക്ഷിതമായി പുറത്തെത്തിച്ചെന്ന് അധികൃതർ അറിയിച്ചു. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. വിവരമറിഞ്ഞ് അഗ്നിരക്ഷാസേന ഉടൻ സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി. നാലോളം യൂണിറ്റ് അഗ്നിരക്ഷാ വാഹനങ്ങളെത്തി തീ കെടുത്തിയതായും 12 പേരെ രക്ഷിച്ചതായും ചീഫ് ഫയർ ഓഫീസർ പറഞ്ഞു. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിനു കാരണമെന്നാണ് പ്രാഥമിക നിഗമനം. പോലീസും ഫയർഫോഴ്സും അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

### ഡൽഹി ആശുപത്രിയിൽ വൻ തീപിടിത്തം:
## നവജാതശിശുക്കൾ പൊള്ളലേറ്റു മരിച്ചു

ന്യൂഡൽഹി: കിഴക്കൻ ഡൽഹിയിലെ വിവേക് വിഹാറിൽ നവജാതശിശുക്കൾക്കായുള്ള സ്വകാര്യ ആശുപത്രിയിലുണ്ടായ വൻ തീപിടിത്തത്തിൽ ഏഴ് നവജാതശിശുക്കൾ പൊള്ളലേറ്റുമരിച്ചു. മെയ് 25-ന് രാത്രി പതിനൊന്നരയോടെ ബേബി കെയർ ന്യൂബോൺ ആശുപത്രിയിലുണ്ടായ ദുരന്തത്തിൽ 12 കുഞ്ഞുങ്ങളെ നിസ്സാര പരുക്കുകളോടെ മറ്റൊരാശുപത്രിയിലേക്കുമാറ്റി.

ജനിച്ചയുടൻ ആരോഗ്യപ്രശ്നങ്ങളുള്ള കുഞ്ഞുങ്ങളെ പ്രത്യേക നിരീക്ഷണത്തിൽ വെക്കുന്ന ആശുപത്രിയായിരുന്നു ഇത്. ഇരുനിലക്കെട്ടിടത്തിലുള്ള ആശുപത്രി സമുച്ചയത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിച്ചിരുന്ന അനധികൃത ഓക്സിജൻ റീഫില്ലിങ് സെന്ററിലുണ്ടായ പൊട്ടിത്തെറിയാണ് തീപിടിത്തത്തിന് കാരണമായതെന്നാണ് അഗ്നിരക്ഷാ സേനയുടെ പ്രാഥമിക നിഗമനം. ഓടിക്കൂടിയ നാട്ടുകാരാണ് ആദ്യഘട്ട രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്.

സംഭവം നടന്ന ഉടൻ ജയ്പൂരിലേക്ക് രക്ഷപ്പെട്ട ആശുപത്രി ഉടമ പശ്ചിംവിഹാർ സ്വദേശി ഡോ. നവീൻ കിച്ചിയെ 26-ന് വൈകിട്ടോടെ മനപ്പൂർവമല്ലാത്ത നരഹത്യ ചുമത്തി ഡൽഹി പോലീസ് അറസ്റ്റുചെയ്തു. ഇത്തരത്തിൽ ഇദ്ദേഹത്തിന് ഡൽഹിയിൽ ഒട്ടേറെ ആശുപത്രികളുണ്ടെന്ന് പോലീസ് പറഞ്ഞു.

തീപിടിത്തത്തിൽ കുട്ടികൾ മരിച്ച സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, രാഷ്ട്രപതി ദ്രൗപദി മുർമു, മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ, ഡൽഹി മന്ത്രിമാർ, കേന്ദ്രമന്ത്രിമാർ, ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വി.കെ. സക്സേന, രാഹുൽ ഗാന്ധി തുടങ്ങിയവർ അനുശോചിച്ചു. പരുക്കേറ്റ കുഞ്ഞുങ്ങൾക്ക് സൗജന്യ ചികിത്സാ സഹായം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു. (ശേഷം 24-ാം പേജിൽ)



ബേബി കെയർ ന്യൂബോൺ ആശുപത്രിയിൽ തീപിടിത്തമുണ്ടായതിനെത്തുടർന്ന് നവജാതശിശുവിനെ രക്ഷാപ്രവർത്തകർ ജനലിലൂടെ പുറത്തെടുക്കുന്നു.

# രാജ്കോട്ട് തീപിടിത്തം: മരണം 33; രണ്ടുപേർ അറസ്റ്റിൽ

രാജ്കോട്ട്: ഗുജറാത്തിലെ രാജ്കോട്ടിൽ ടിആർപി ഗെയിം സോണിലെ താത്കാലിക കെട്ടിടത്തിലുണ്ടായ



വൻ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം 33 ആയി. ഗുരുതര പരുക്കുകളോടെ മൂന്നുപേർ ആശുപത്രിയിൽ തുടരുകയാണ്. സുരക്ഷാമാനദണ്ഡങ്ങൾ പൂർണമായും ലംഘിച്ചാണു കേന്ദ്രം പ്രവർത്തിച്ചിരുന്നതെന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായി.

മധ്യവേനലവധിക്കു പുറമേ ആഴ്ചയവസാനം ടിക്കറ്റ് നിരക്കിൽ ഇളവുകൂടി അനുവദിച്ചതിനാൽ വിനോദസഞ്ചാരകേന്ദ്രത്തിൽ സാധാരണയിലേറെ തിരക്കായിരുന്നു. അടിയന്തരഘട്ടങ്ങൾക്കായുള്ള സുരക്ഷാമാനദണ്ഡങ്ങളൊന്നും തീപിടിച്ച കെട്ടിടത്തിൽ ഉണ്ടായിരുന്നില്ല. മൂന്നുനില കെട്ടിടത്തിന്റെ ഉയരത്തിൽ മെറ്റൽഷീറ്റുകൾ ഉപയോഗിച്ചു നിർമിച്ച കെട്ടിടത്തിന് 50 മീറ്റർ വീതിയും 60 മീറ്റർ നീളവുമാണുണ്ടായിരുന്നത്. ഒരു വാതിൽ മാത്രമാണു കെട്ടിടത്തിൽ ഉണ്ടായിരുന്നത്. തീ ആളിപ്പടർന്നതോടെ ആളുകൾ ഇതിൽ കുടുങ്ങുകയായിരുന്നു. മണിക്കൂറുകൾ നീണ്ട തീപിടിത്തത്തെത്തുടർന്ന് കിലോമീറ്ററുകളോളം പുകപടലം നിറഞ്ഞു.

ഇതിനിടെ കെട്ടിടം നിലംപതിച്ചതോടെ മൃതദേഹങ്ങൾ കത്തിക്കരിഞ്ഞ നിലയിലായി. അപകടവുമായി ബന്ധപ്പെട്ട് ആറുപേർക്കെതിരെ കേസെടുത്തതായി പോലീസ് അറിയിച്ചു. മൂന്നുപേരെ അറസ്റ്റുചെയ്തു. ടിആർപി ഗെയിം സോണിന്റെ നടത്തിപ്പുകാരായ റെയ്സ്‌വേ എന്റർപ്രൈസസ് പാർട്ണർ യുവരാജ് സിംഗ് സോളങ്കി, ടിആർപി ഗെയിംസ് വിനോദ വിഭാഗം മാനേജർ നിതിൻ ജെയിൻ എന്നിവരാണ് അറസ്റ്റിലായത്.

ഷോർട്ട് സർക്യൂട്ടാണ് അപകടകാരണമെന്നു സംശയിക്കുന്നതായി അന്വേഷണസംഘം പറഞ്ഞു. ഗെയിം സോണിനു രാജ്കോട്ട് മുനിസിപ്പൽ കോർപറേഷന്റെ പ്രവർത്തന ലൈസൻസ് ഉണ്ടായിരുന്നില്ല. മേയർ നയന പെധാഡിയ ഇക്കാര്യം സ്ഥിരീകരിച്ചു.

കൊല്ലപ്പെട്ടവരെ തിരിച്ചറിയുന്നതിനായി ഡിഎൻഎ സാമ്പിളുകൾ ശേഖരിച്ചുതുടങ്ങി. കത്തിക്കരിഞ്ഞ നിലയിലാണു മൃതദേഹങ്ങളിലേറെയും കണ്ടെത്തിയിരിക്കുന്നത്. അതിനിടെ അപകടത്തിന്റെ പശ്ചാത്തലത്തിൽ ഗുജറാത്ത് ഹൈക്കോടതിയുടെ പ്രത്യേക ബെഞ്ച് സ്വമേധയാ കേസെടുത്തു. പ്രാഥമികവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇത് മനുഷ്യനിർമിത ദുരന്തമാണെന്ന് ഹൈക്കോടതി ജഡ്ജിമാരായ ജസ്റ്റിസ് ബിരേൻ വൈഷ്ണവും ജസ്റ്റിസ് ദേവൻ ദേശായിയും വിലയിരുത്തി.

ഏതു നിയമത്തിന്റെ പിൻബലത്തിലാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ച് കോടതി മുമ്പാകെ റിപ്പോർട്ടുനൽകാൻ അഹമ്മദാബാദ്, വഡോദര, സൂറത്ത്, രാജ്കോട്ട് മുനിസിപ്പൽ കോർപറേഷനുകളിലെ അഭിഭാഷകരോട് കോടതി ആവശ്യപ്പെട്ടു.

പ്രധാനമന്ത്രി നരേന്ദ്രമോദി മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് രണ്ടുലക്ഷം രൂപവീതവും പരുക്കേറ്റവർക്ക് 50,000 രൂപവീതവും സഹായധനം പ്രഖ്യാപിച്ചു.

നാന-മാവ റോഡിലെ ദുരന്തസ്ഥലവും പൊള്ളലേറ്റവർ ചികിത്സയിലുള്ള ആശുപത്രികളും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ സന്ദർശിച്ചു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നാലുലക്ഷം രൂപവീതവും പരുക്കേറ്റവർക്ക് 50,000 രൂപവീതവും സഹായധനം പ്രഖ്യാപിച്ചു.

## വോട്ട് വിവരം പുറത്തുവിട്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: വിവാദങ്ങൾക്കൊടുവിൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അഞ്ച് ഘട്ടങ്ങളിലും പോൾ ചെയ്ത വോട്ടുകളുടെ വിവരങ്ങൾ തെരഞ്ഞെടുപ്പു കമ്മീഷൻ പുറത്തുവിട്ടു. ഇതു സംബന്ധിച്ച ഹർജിയിൽ ഇപ്പോൾ ഇടപെടുന്നില്ലെന്ന് ഈയിടെ സുപ്രീംകോടതി പറഞ്ഞതിനു പിന്നാലെയാണു കഴിഞ്ഞ അഞ്ച് ഘട്ടങ്ങളിലും ഓരോ ലോക്സഭാ മണ്ഡലങ്ങളിലും ആകെ പോൾ ചെയ്ത വോട്ടുകളും ശതമാനവും പ്രസിദ്ധീകരിച്ചത്. പോസ്റ്റൽ വോട്ടുകൾ ഒഴികെയുള്ള വിവരങ്ങളാണു നൽകിയിരിക്കുന്നത്.

വോട്ടിങ് അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന പ്രതിപക്ഷ ആരോപണങ്ങൾക്കു വിശദീകരണവും കമ്മീഷൻ നൽകിയിട്ടുണ്ട്. ചെയ്ത വോട്ടുകളുടെ എണ്ണത്തിൽ അട്ടിമറി സാധ്യമല്ലെന്നു കമ്മീഷൻ വിശദീകരിച്ചു. എല്ലാ വിവരവും വോട്ടർ ടേൺ ഔട്ട് ആപ്പിൽ ലഭ്യമാക്കിയിരുന്നു. ആകെ വോട്ടർമാരുടെ എണ്ണവും വോട്ടിങ് ശതമാനവും കിട്ടിയാൽ ആർക്കും പോൾ ചെയ്ത വോട്ടുകൾ ലഭ്യമാകുമായിരുന്നുവെങ്കിലും ആക്ഷേപങ്ങളുയർന്ന സാഹചര്യത്തിൽ ഓരോ പാർലമെന്റ് മണ്ഡലത്തിലെയും പോൾചെയ്ത വോട്ടുകൂടി ഉൾപ്പെടുത്താൻ തീരുമാനിക്കുകയായിരുന്നുവെന്നും കമ്മീഷൻ വൃത്തങ്ങൾ പറഞ്ഞു.

വോട്ടിങ് ശതമാനം മാത്രം നൽകുകയും അതിനുശേഷം ശതമാനത്തിൽ വർധന വരികയും ചെയ്യുന്നതു തെരഞ്ഞെടുപ്പ് അട്ടിമറിക്കാനാണെന്ന് പ്രതിപക്ഷ കക്ഷികൾ ആശങ്ക പ്രകടിപ്പിച്ചിരുന്നു. ഓരോ മണ്ഡലത്തിലും പോൾചെയ്ത വോട്ടുകൾ കൃത്യമായി നൽകാൻ കമ്മീഷനോടു നിർദേശിക്കണമെന്നാവശ്യപ്പെട്ട് അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് സുപ്രീംകോടതിയെ സമീപിക്കുകയും ചെയ്തു.

വോട്ടിങ് വിവരങ്ങളിൽ ക്രമക്കേടുണ്ടെന്നുകാട്ടി തൃണമൂൽ കോൺഗ്രസ് നേതാവ് മഹുവ മൊയ്ത്ര 2019-ൽ നൽകിയ ഹർജിയിലേതിന് സമാനമായ ആവശ്യങ്ങളാണ് ഇപ്പോഴത്തെ ഇടക്കാല അപേക്ഷയിലുള്ളതെന്ന് നിരീക്ഷിച്ച സുപ്രീംകോടതി, ഇവ ഒരുമിച്ച് പിന്നീട് കേൾക്കാനായി മാറ്റിവെച്ചു. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് നൽകിയ ഇടക്കാല അപേക്ഷയിൽ ഉത്തരവിറക്കിയാൽ അത് നേരത്തേ നിലനിൽക്കുന്ന മുഖ്യ കേസിൽ നടപടിയെടുത്തതു പോലെയാകും. അതിനാൽ മുഖ്യഹർജിക്കൊപ്പം സ്ഥിരം ബെഞ്ചുതന്നെ ഇടക്കാല അപേക്ഷയും പിന്നീട് പരിഗണിക്കും.

വോട്ടെടുപ്പ് കഴിഞ്ഞാലുടൻ അതത് പോളിങ് സ്റ്റേഷനുകളിലെ യഥാർഥ വിവരങ്ങളടങ്ങുന്ന ഫോം 17-സി പരസ്യപ്പെടുത്തണമെന്നാണ് ഹർജിക്കാരുടെ ആവശ്യം. നിലവിൽ ദിവസങ്ങൾ കഴിഞ്ഞുമാത്രം യഥാർഥ കണക്കുകൾ പുറത്തുവരുമ്പോൾ ആദ്യം പറഞ്ഞതിൽനിന്ന് വലിയ വ്യത്യാസങ്ങളുണ്ടാകുന്നുവെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി. എന്നാൽ, ഇലക്ട്രോണിക് വോട്ടിങ് യന്ത്രവും വിവിപാറ്റുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയിൽ വരുന്ന വിഷയങ്ങൾതന്നെയാണ് ഇപ്പോഴത്തെ പരാതിയിലും ഉന്നയിച്ചിരിക്കുന്നതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനുവേണ്ടി മുതിർന്ന അഭിഭാഷകൻ മനീന്ദർ സിങ് വാദിച്ചു.

## ജാമ്യം നീട്ടണമെന്ന ആവശ്യവുമായി കെജ്‌രിവാൾ

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഇടക്കാല ജാമ്യം നീട്ടിനല്കണമെന്നാവശ്യപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സുപ്രീംകോടതിയിൽ. ജാമ്യം ഒരാഴ്ചത്തേയ്ക്കു കൂടി നീട്ടണമെന്നാവശ്യപ്പെട്ടാണ് കെജ്‌രിവാൾ സുപ്രീം കോടതിയിൽ ഹർജി നല്കിയത്. പെറ്റ് സ്കാനുൾപ്പെടെയുള്ള പരിശോധന നടത്തേണ്ടതുള്ളതിനാലാണ് ജാമ്യം ആവശ്യപ്പെടുന്നതെന്നാണ് ഹർജിയിൽ പറയുന്നത്. മദ്യനയക്കേസിൽ അറസ്റ്റിലായി 50 ദിവസം ജയിലിൽ കഴിഞ്ഞ കെജ്‌രിവാളിന് മെയ് 11-നാണ് സുപ്രീംകോടതി ജാമ്യം അനുവദിച്ചത് തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കാൻ ജൂൺ ഒന്നുവരെ ഉപാധികളോടെയായിരുന്നു ജാമ്യം അനുവദിച്ചത്.

## സർക്കാരിനെ വിശ്വാസത്തിലെടുക്കാനാകില്ല: ഹൈക്കോടതി

രാജ്കോട്ട്: രാജ്കോട്ട് ഗെയിമിങ് സെന്ററിലെ തീപിടിത്തത്തിൽ സംസ്ഥാന സർക്കാരിനെ വിശ്വാസത്തിലെടുക്കാനാകില്ലെന്ന് ഗുജറാത്ത് ഹൈക്കോടതിയുടെ വിമർശനം. കുഞ്ഞുങ്ങൾ ഉൾപ്പെടെ 33 പേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ സർക്കാരിന്റെയും രാജ്കോട്ട് മുൻസിപ്പൽ കോർപ്പറേഷന്റെയും ഭാഗത്തുനിന്നുണ്ടായ വീഴ്ചകളെ സർക്കാർ രൂക്ഷമായി വിമർശിച്ചു. രണ്ടു വർഷമായി ലൈസൻസോ അഗ്നിരക്ഷാ സംവിധാനങ്ങളോ ഇല്ലാതെയാണ് രണ്ട് ഗെയിമിങ് സെന്ററുകളും പ്രവർത്തിച്ചിരുന്നത് എന്ന വിവരം അറിയിച്ചപ്പോഴാണ്, സർക്കാരിനെ വിശ്വസിക്കാനാവില്ലെന്ന് കോടതി പ്രതികരിച്ചത്.

“ഇത്രനാൾ നിങ്ങൾക്ക് കണ്ണു കാണില്ലായിരുന്നോ? അതോ ഉറങ്ങുകയായിരുന്നോ? ഇപ്പോൾ പ്രാദേശിക സംവിധാനത്തെയോ സംസ്ഥാന സർക്കാരിനെയോ ഞങ്ങൾ വിശ്വസിക്കുന്നില്ല.” – കോടതി പറഞ്ഞു.

ഗെയിമിങ് സെന്ററിന് പ്രവർത്തനാനുമതി തേടിയിരുന്നില്ലെന്ന് പറഞ്ഞ മുൻസിപ്പൽ കോർപ്പറേഷനെയും കോടതി ശക്തമായ ഭാഷയിൽ ശകാരിച്ചു. രണ്ടര വർഷമായി സെന്റർ നിയമവിരുദ്ധമായി പ്രവർത്തിക്കുമ്പോൾ മുൻസിപ്പൽ ഉദ്യോഗസ്ഥർ എവിടെയായിരുന്നെന്ന് കോടതി ചോദിച്ചു. മുൻസിപ്പൽ ഓഫീസർമാർ ഗെയിമിങ് സെന്ററിൽ നിൽക്കുന്ന ചിത്രം ശ്രദ്ധയിൽപ്പെട്ടതോടെ കോടതിയുടെ വാക്കുകൾ കൂടുതൽ പരുഷമായി. ഫോട്ടോയിലുള്ള ഉദ്യോഗസ്ഥർ ആരാണെന്നും അവരും ഗെയിമിങ് സെന്ററിൽ കളിക്കുകയായിരുന്നോയെന്നും കോടതി ചോദിച്ചു.

അഹമ്മദാബാദിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റ് രണ്ട് ഗെയിമിങ് സെന്ററുകൾ കൂടിയുണ്ടെന്നും ഇത്തരം കേസുകൾ അന്വേഷിച്ച് 72 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേക അന്വേഷണസംഘത്തെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ കോടതിയെ അറിയിച്ചു. നാല് വർഷത്തിനുള്ളിൽ പല തീരുമാനങ്ങളും നിർദേശങ്ങളും പുറപ്പെടുവിച്ചതിനുശേഷവും ഇത്തരത്തിലുള്ള ആറ് സംഭവങ്ങളുണ്ടായതായി കോടതി നിരീക്ഷിച്ചു. സംഭവത്തിൽ കോടതി സ്വമേധയാ കേസെടുക്കുകയായിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 22
May 31, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


### മഹദ്വചനം

കഠിനാധ്വാനം എല്ലാറ്റിനെയും അതിജീവിക്കും. **ഹോമർ**

നിങ്ങൾക്കു ചെയ്യാൻ സാധിക്കാത്ത കർമം ഏറ്റെടുക്കരുത്. എന്നാൽ, വാക്കുപാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**ജോർജ് വാഷിംഗ്ടൺ**


"THIS IS THE LORD'S DOING; IT IS MARVELOUS IN OUR EYES." - PSALM 118:23
SHARON
fellowship church - chicago
SILVER JUBILEE
CELEBRATION
CELEBRATING
25th
Anniversary
1999-2024
JUNE 1, 2024 AT 5:30 PM
KENOSHA BIBLE CHURCH
5405 67TH ST, KENOSHA, WI
SFC CHICAGO BOARD OF DIRECTORS
REV. JIJU OOMMEN
PRESIDENT
SHERRY GEORGE
SECRETARY
C.T. KURIAN
TREASURER
REV. P.V. KURUVILLA
ELDER
TITUS MATHEWS
MEMBER
SAJI JOHN
MEMBER
JOSEPH MANI
MEMBER
WATCH LIVE AT SFCCHICAGO.COM/LIVE
CONTACT: PR. JIJU OOMMEN (224) 280-8023 | SHERRY GEORGE (414) 469-9903


Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537
Fee Discounts Available To Malayalee Clients On Specific Cases
A+ Rating
Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence
2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കർഷക പെൻഷൻ നിർത്താൻ സർക്കാർ നീക്കം

കണ്ണൂർ: ഒന്നാം പിണറായി സർക്കാരിന്റെ അവസാന കാലയളവിൽ തുടക്കമിട്ട കർഷക ക്ഷേമനിധി പെൻഷൻ പദ്ധതി നിർത്താൻ സർക്കാർ നീക്കം. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം നിർത്തിയിരിക്കുകയാണ്. കർഷക ക്ഷേമനിധി പെൻഷനുവേണ്ടിയുള്ള കർഷക രജിസ്ട്രേഷൻ ഓൺലൈനായി നടത്തുന്നതിനുള്ള സോഫ്റ്റ്വേർ 2021 ഡിസംബർ ഒന്നിനാണു കൃഷിമന്ത്രി തുറന്നുകൊടുത്തത്. എന്നാൽ, മെയ് 22 വരെ 18,404 പേർ രജിസ്റ്റർ ചെയ്തെങ്കിലും 15,343 പേരുടെ രജിസ്ട്രേഷൻ മാത്രമാണു പൂർത്തിയായിരിക്കുന്നത്.

പദ്ധതിയുടെ തുടക്കത്തിൽ 20 ലക്ഷം അംഗങ്ങളെ ചേർക്കാൻ ശ്രമിച്ച സർക്കാരിന് 30 മാസം പിന്നിട്ടപ്പോഴും 20,000 അംഗങ്ങളെപ്പോലും ചേർക്കാൻ സാധിച്ചില്ല. പെൻഷൻ പദ്ധതിക്കു കൃഷിവകുപ്പ് മുഖേന പ്രചാരണം നടത്താൻ നിർദേശം നൽകിയെങ്കിലും ഇപ്പോൾ അംഗങ്ങളെ ചേർക്കാൻ പ്രചാരണം വേണ്ടെന്നാണു കൃഷി ഓഫീസർമാർക്കു ലഭിച്ച നിർദേശം.

നിയമസഭാ തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പു പ്രഖ്യാപിച്ച കർഷക പെൻഷൻ പദ്ധതി മന്ത്രിസഭ അംഗീകരിക്കുകയും മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. 22 പേരെ ഉൾപ്പെടുത്തി കർഷക ക്ഷേമനിധി ബോർഡ് രൂപവത്കരിക്കുകയും ചെയ്തിരുന്നു. ഇടതുപക്ഷ സർക്കാരിനു തുടർഭരണം ലഭിക്കാൻ ഇടയാക്കിയതിനു പിന്നിലും കർഷക പെൻഷൻ പദ്ധതിക്കു പങ്കുണ്ടെന്നു വിലയിരുത്തപ്പെട്ടിരുന്നു.

സംസ്ഥാനതലത്തിൽ പദ്ധതിയുടെ അവലോകനം കർഷക ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ എല്ലാ മാസവും നടത്തിവന്നിരുന്നു. എന്നാൽ, കഴിഞ്ഞ മൂന്നു മാസമായി പദ്ധതി അവലോകനം നടത്തുന്നില്ല. രജിസ്ട്രേഷൻ നടപടികൾ പരിശോധിക്കാൻ കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് ഓഫീസുകൾ പ്രവർത്തിക്കുന്നത്. എന്നാൽ, പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരേണ്ടതില്ലെന്നാണ് ഇവർക്കു ലഭിച്ച നിർദേശം.

രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന കർഷകർക്കു പ്രതിമാസം അംശാദായം അടയ്ക്കാനുള്ള കുറഞ്ഞ തുക 100 രൂപയാണ്. എന്നാൽ, അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. 100 രൂപ കർഷകൻ അടച്ചുകഴിഞ്ഞാൽ 100 രൂപ സർക്കാർ അടയ്ക്കണം. ഇങ്ങനെ 250 രൂപ വരെ സർക്കാരിന്റെ വിഹിതമായി അടയ്ക്കും. എന്നാൽ, നിലവിൽ കഴിഞ്ഞ 30 മാസമായി സർക്കാർ വിഹിതം അടച്ചിട്ടില്ല. കർഷകർ അടച്ച തുക മാത്രമാണ് ബാങ്കിലുള്ളത്. അതിനാൽ, കർഷകരുടെ തുകയ്ക്കുള്ള പലിശ മാത്രമാണു ബാങ്കിലുള്ളത്.

അഞ്ചുവർഷത്തിൽ കുറയാതെ അംശാദായം അടയ്ക്കുകയും ക്ഷേമനിധി കുടിശികയില്ലാതെ 60 വയസുവരെ അംശദായം അടച്ച് അംഗമായി തുടരുകയും ചെയ്ത കർഷകർക്കാണ് അടച്ച തുകയുടെയും കാലയളവിന്റെയും ആനുപാതികമായി പദ്ധതി പ്രകാരമുള്ള തുക പെൻഷനായി ലഭിക്കുന്നത്.

കൂടാതെ, പദ്ധതിയിൽ ചേരുന്നവർക്ക് നിരവധി ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിരുന്നു. 2027 ജനുവരി മുതൽ കർഷക പെൻഷൻ പദ്ധതിയിൽ ചേർന്നവർക്കു പെൻഷൻ കൊടുത്തു തുടങ്ങേണ്ടതാണ്.

എന്നാൽ, തുകയിലും മറ്റാനുകൂല്യങ്ങൾ നല്കുന്നതിലും സർക്കാർ ഇതുവരെയും തീരുമാനമെടുത്തിട്ടില്ല.

## ഇനി മഴയുടെ കാലം; പകർച്ചവ്യാധികളുടേയും

മഴക്കാലം എത്തി. അതോടൊപ്പം പകർച്ചവ്യാധികളും. വെന്തുരുകിയ വേനൽച്ചൂടിനുശേഷം കടന്നുവന്ന ഇടവപ്പാതിയെ വളരെ ജാഗ്രതയോടെ വേണം കാണുവാൻ. കാലാവസ്ഥയിലെ പെട്ടെന്നുള്ള വ്യതിയാനംമൂലം ഒട്ടേറെ പകർച്ചവ്യാധികളാണ് നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്നത് എന്നകാര്യം വളരെ ഗൗരവമേറിയതാണ്. എലിപ്പനി, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം എന്നിവ കൂടാതെ അമീബിക് മസ്തിഷ്ക ജ്വരം, വെസ്റ്റ് നൈൽ പനി തുടങ്ങിയ രോഗങ്ങൾ എല്ലാംതന്നെ ആശങ്ക പടർത്തുന്ന ഒന്നാണ്. കോട്ടയം ജില്ലയുടെ പല പ്രദേശങ്ങളിലും മഞ്ഞപ്പിത്തം പടർന്നുപിടിക്കുന്നതായ വാർത്ത വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. മഴയോടൊപ്പം വന്നെത്തുന്ന രോഗങ്ങൾ നമ്മുടെ ജീവിതശൈലീരോഗങ്ങൾക്ക് പുറമേയാണെന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക. വരുംദിനങ്ങളിൽ ശക്തമായ മഴമുന്നറിയിപ്പുകളാണ് കേന്ദ്ര കാലാവസ്ഥാനിരീക്ഷണ കേന്ദ്രങ്ങൾ നല്കിയിരിക്കുന്നത്. മഴ ശക്തമായാൽ മഴക്കാല രോഗങ്ങളും പടർന്നുപിടിക്കും. വെള്ളപ്പൊക്കമുണ്ടായാൽ പകർച്ചവ്യാധികളുടെ വ്യാപനം അതിരൂക്ഷമാകും. ഏതൊരു പ്രതിസന്ധിയെയും നേരിടാൻ നമ്മുടെ സർക്കാരും തദ്ദേശ സ്ഥാപനങ്ങളും മറ്റ് സന്നദ്ധ സംഘടനകളും ആരോഗ്യ കേന്ദ്രങ്ങളുമൊക്കെ യുദ്ധകാലാടിസ്ഥാനത്തിൽ വേണ്ട ക്രമീകരണങ്ങൾ എത്രയും വേഗം നടത്തിയേ മതിയാവൂ. മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളുമൊക്കെ മുൻകൂട്ടി തടയാൻ കാലവർഷം ആരംഭിക്കുംമുമ്പേ മാലിന്യനിർമ്മാർജനവും പരിസര ശുചീകരണവുമൊക്കെ ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങളോ സർക്കാരോ ഇക്കാര്യത്തിൽ ഫലപ്രദമായ ഒരു നടപടിയും എടുത്തിട്ടില്ലായെന്നത് ഏറെ ഖേദകരമാണ്. മഴയല്ല പകർച്ചപ്പനി പോലെയുള്ള പല രോഗങ്ങളെയും കൊണ്ടുവരുന്നത്. മലിനജലത്തിലൂടെയാണ് പല രോഗങ്ങളും പടരുന്നത്. മഴവെള്ളവും മാലിന്യവും ചേരുമ്പോൾ പകർച്ചവ്യാധികൾക്കുള്ള കളമൊരുങ്ങുകയായി. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏപ്രിൽ പകുതിയോടെ മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ ആരംഭിക്കുകയാണ് പതിവ്. എന്നാൽ ലോകസഭാതെരഞ്ഞെടുപ്പിന്റെ തിരക്കിൽപ്പെട്ട് സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണത്തിന് താളംതെറ്റിയെന്ന് പറയാതെ വയ്യ. കൊതുകുകളുടെ ഉറവിട നശീകരണം, ജലാശയങ്ങൾ വൃത്തിയാക്കൽ, ഓടകളിലെ മണ്ണുകോരൽ പൊതു - സ്വകാര്യ സ്ഥാപനങ്ങളുടെയെല്ലാം പരിസരം വൃത്തിയാക്കൽ, ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുക എന്നിവയൊക്കെ നടക്കേണ്ടതായിരുന്നുവെങ്കിലും ഇത്തവണ ഇവയൊന്നും വേണ്ടവിധം നടന്നില്ല. വോട്ടെടുപ്പിന് ശേഷമാണ് ഇക്കുറി മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങളിലേക്ക് സർക്കാർ കടന്നതുതന്നെ. അപ്പോഴേക്കും മിക്ക ജില്ലകളിലും അതിശക്തമായിത്തന്നെ വേനൽമഴ വരവറിയിച്ചുതുടങ്ങി. ഇതോടെ ശുചീകരണപ്രവർത്തനങ്ങളുടെയെല്ലാം താളംതെറ്റി എന്നു പറയാതെവയ്യ.

മഴക്കാലപൂർവ്വ ശുചീകരണം എന്ന വലിയ ദൗത്യത്തെ ഇനിയെങ്കിലും വളരെ ഗൗരവത്തോടെ കണ്ടില്ലായെങ്കിൽ മഴക്കാലരോഗങ്ങൾ ജനജീവിതത്തെ എപ്രകാരം ബാധിക്കുമെന്ന് കാത്തിരുന്ന് കാണുകതന്നെ വേണം. ആരോഗ്യ കേന്ദ്രങ്ങളും തദ്ദേശസ്ഥാപനങ്ങളും മറ്റ് സന്നദ്ധ സംഘടനകളുമെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ മുന്നിട്ടിറങ്ങിയാൽ മഴക്കാലരോഗങ്ങളെ ഒരു പരിധിവരെയെങ്കിലും നമുക്ക് തടയാനാവും. അതല്ലായെങ്കിൽ നമ്മെ കാത്തിരിക്കുന്നത് പകർച്ചവ്യാധികളുടെയും മാരകരോഗങ്ങളുടെയും ഒരു ഘോഷയാത്രതന്നെയായിരിക്കും. പകർച്ചവ്യാധികൾ വ്യാപിക്കുന്നതും അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളും മരണങ്ങളുമൊക്കെ സംഭവിക്കുന്നത് ഒഴിവാക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ബന്ധപ്പെട്ടവർ എത്രയും വേഗം നടപടിയെടുക്കുകയാണാവശ്യം.

### സദ്ചിന്ത

## ഉരുളുന്ന കല്ലുകൾ

നദികളിൽ പല വലുപ്പത്തിലും ആകൃതിയിലുമുള്ള കല്ലുകൾ കാണും. കോണും മുഴയും കളഞ്ഞ് ആരോ രാകി മിനുക്കിയപോലെ മിനുസപ്പെട്ട കല്ലുകൾ. വെള്ളത്തിൽ നിശ്ചലമായിക്കിടക്കുന്ന പാറകളിൽ പായൽ പറ്റിപ്പിടിച്ചു വളരും. ഒഴുക്കിനൊത്ത് ഉരുളുന്ന കല്ലുകളിൽ പായൽ പറ്റിപ്പിടിക്കില്ല. തട്ടിയും മുട്ടിയും തമ്മിലുരഞ്ഞും ഉരുണ്ടുകൊണ്ടിരിക്കുന്ന കല്ലുകളാണു മിനുസപ്പെട്ട് ആകർഷകങ്ങളായിത്തീരുന്നത്.

ജീവിതനദിയിൽ വന്നുപെട്ട കല്ലുകളല്ലേ നാമെല്ലാം? കാലത്തിനൊത്ത് നീങ്ങാതെ അനങ്ങാപ്പാറകളായി അടിഞ്ഞു കിടന്നാൽ മനുഷ്യ ജീവിതത്തിലും പായൽ പിടിക്കും. എപ്പോഴും എന്തെങ്കിലും ജോലിയിൽ വ്യാപൃതരായിരിക്കുക. വെറുതെയിരിക്കുന്നവന്റെ ഹൃദയത്തിലാണ് പിശാച് കൂട് കൂട്ടുകയെന്ന് കേട്ടിട്ടില്ലേ. തപ്പിത്തടഞ്ഞും തട്ടിയും മുട്ടിയും പ്രതിബന്ധങ്ങളെ നേരിട്ടും തരണം ചെയ്തും മുന്നോട്ടു പോകാൻ കഴിഞ്ഞാൽ ഒഴുക്കിലുരുളുന്ന കല്ലുകളെപ്പോലെ നമ്മുടെ ജീവിതത്തിനും ആകർഷകമായ രൂപം കൈവരും.

എന്തു പ്രവൃത്തിയിലും മനസ്സാക്ഷിയെന്ന തീപ്പൊരി അണയാതെ സൂക്ഷിക്കുക. വിജയം നിങ്ങൾക്കൊപ്പമായിരിക്കും. ഭയാശങ്കകളുടെയും നൈരാശ്യബോധത്തിന്റെയും പായൽ പറ്റിപ്പിടിക്കുകയില്ല. അനുഭവ സമ്പത്ത് ജീവിതത്തെ മിനുസപ്പെടുത്തി ആകർഷകമാക്കും. സംസ്കാര സുന്ദരമാക്കും. നിശ്ചലത കൈവെടിയുക. ഉരുളുക. നിരന്തരമായി പ്രവർത്തിക്കുക. ഫലം ദൈവം നല്കും ഉറപ്പ്.

## കേരള സെനറ്റ്: കോടതിവിധിക്കെതിരെ ഗവർണർ അപ്പീൽ നൽകില്ല

തിരുവനന്തപുരം: കേരള സർവകലാശാലാ സെനറ്റിലേക്ക് വിദ്യാർത്ഥി പ്രതിനിധികളായി ഗവർണർ നടത്തിയ നാമനിർദേശം റദ്ദാക്കിയ ഹൈക്കോടതിവിധിക്കെതിരെ രാജ്ഭവൻ അപ്പീൽ



പോകില്ല. വിധി അംഗീകരിക്കാനാണ് ചാൻസലറെന്നനിലയിൽ ഗവർണറുടെ തീരുമാനം. പുതിയ നാമനിർദേശം നടത്താൻ സർവകലാശാലാ വിസിയോട് പുതിയ പട്ടിക ഗവർണർ ആവശ്യപ്പെടും.

അപ്പീൽ പോയാലും മറിച്ചൊരു വിധി ഉണ്ടാകാനിടയില്ലെന്നാണ് പ്രാഥമിക വിലയിരുത്തൽ. സെനറ്റിലേക്ക് ഗവർണർ നടത്തിയ മറ്റു നിയമനങ്ങൾക്ക് വിലക്കില്ല. സെനറ്റ് നിയമനത്തിന് ചാൻസലർക്ക് അധികാരമുണ്ടെങ്കിലും നിയമത്തിൽ പറയുന്ന യോഗ്യത ഉറപ്പാക്കുന്നതിലെ വീഴ്ചയാണ് തിരിച്ചടിയായത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ എണ്ണം കൂട്ടുന്നത് സംബന്ധിച്ച ഓർഡിനൻസിന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി തേടാനും ഗവർണർ നിർദേശിച്ചു. മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം സംബന്ധിച്ച സർക്കാർ ശിപാർശയ്ക്കും തടവുകാരെ വിട്ടയ്ക്കുന്നതിലെ ശിപാർശയ്ക്കും കമ്മീഷന്റെ അനുമതി വാങ്ങാൻ നിർദേശിച്ചിട്ടുണ്ട്. നാലുവരെയാണ് പെരുമാറ്റച്ചട്ടം നിലവിലുള്ളത്. നാലാംതീയതിക്കുശേഷം സർക്കാർ ഇവ വീണ്ടും സമർപ്പിക്കാനാണ് സാധ്യത.

എട്ട് സർവകലാശാലകളിൽ സ്ഥിരം വിസിമാരില്ലാത്തതിനാൽ നിയമനടപടികളുമായി മുന്നോട്ടുപോകാൻ കോടതിയുടെ അനുമതി തേടുന്നതും ഗവർണറുടെ പരിഗണനയിലാണ്. ചാൻസലറുടെയും യുജിസി, സർവകലാശാല എന്നിവയുടെ പ്രതിനിധികളും അടങ്ങുന്ന മൂന്നംഗസമിതിയാണ് നിയമനത്തിനുള്ള പാനൽ സമർപ്പിക്കേണ്ടത്.

കോടതിയുടെ അനുമതി ലഭിച്ചാൽ വിസി നിയമനത്തിലേക്കു കടന്ന് ഉന്നത വിദ്യാഭ്യാസമേഖല നേരിടുന്നപ്രതിസന്ധി പരിഹരിക്കുകയാണ് ലക്ഷ്യം. കേരളത്തിലെ മൂന്നു സർവകലാശാലകളിൽ മാത്രമാണ് സ്ഥിരം വൈസ് ചാൻസലർമാരുള്ളത്. ആരോഗ്യം, കാലിക്കറ്റ്, ഡിജിറ്റൽ സർവകലാശാലകളിലാണ് സ്ഥിരം വിസിമാരുള്ളത്.

## കൊച്ചി കപ്പൽശാലയുടെ ലാഭത്തിൽ വൻ വർധന

കൊച്ചി: ഇന്ത്യയിലെ ഏറ്റവും വലിയ കപ്പൽ നിർമാണശാലയായ കൊച്ചിൻ ഷിപ്പ്യാഡിന്റെ അറ്റാദായത്തിൽ 558.28 ശതമാനം വർധന. പ്രവർത്തന ഫലത്തിലെ മികവു പ്രതീക്ഷിച്ച് ഏതാനും ദിവസമായി കുതിപ്പിലായിരുന്ന ഓഹരി വില റെക്കോർഡ് നിലവാരമായ 2030 രൂപവരെ ഉയർന്നു. കേരളത്തിൽനിന്നു നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വ്യാപാരം അനുവദിച്ചിട്ടുള്ള കമ്പനികളുടെ ഓഹരികളിൽ ഏറ്റവും വിലയേറിയതെന്ന സ്ഥാനമാണ് ഇതോടെ കൈവന്നിരിക്കുന്നത്. മാർച്ച് 31-ന് അവസാനിച്ച ത്രൈമാസത്തിൽ കമ്പനി നേടിയ അറ്റാദായം 258.9 കോടി രൂപയാണ്. മുൻ വർഷം ഇതേ കാലയളവിൽ നേടിയ അറ്റാദായം 39.33 കോടി മാത്രമായിരുന്നു. പ്രവർത്തന വരുമാനം 600.08 കോടിയിൽനിന്ന് 1286.04 കോടിയിലേക്കാണു വർധിച്ചിരിക്കുന്നത്. സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അറ്റാദായ വർധന 157 ശതമാനമാണ്. 304.70 കോടിയായിരുന്ന അറ്റാദായം 783.27 കോടിയിലേക്ക് ഉയർന്നു.

പ്രവർത്തനഫലം പരിഗണിച്ച ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ഓഹരിയൊന്നിന് 2.25 രൂപ നിരക്കിൽ അന്തിമ ലാഭവിഹിതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അഞ്ചു രൂപ മുഖവിലയുള്ള ഓഹരിയുടെ വിപണി വില വ്യാപാരാവസാനത്തോടെ 1912.55 നിലവാരത്തിലേക്കു താഴുകയുണ്ടായെങ്കിലും ഒരു വർഷത്തിനിടയിലെ വർധന 716 ശതമാനമാണ്. 10 രൂപ മുഖവിലയുണ്ടായിരുന്ന ഓഹരികൾ ജനുവരിയിലാണു രണ്ടായി വിഭജിക്കപ്പെട്ടത്.

കൊച്ചിൻ ഷിപ്പ്യാഡ് ഉൾപ്പെടെ ഇന്ത്യയിലെ എല്ലാ കപ്പൽ നിർമാണശാലകളുടെയും ഓഹരിവില ഇപ്പോൾ റെക്കോർഡ് നിലവാരത്തിലാണ്. ഗാർഡൻ റീച്ച് ഷിപ്പ്ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയേഴ്സ് ലിമിറ്റഡിന്റെ ഓഹരി വില 1459.70 രൂപ. മാസഗൺ ഡോക് ഷിപ്പ്ബിൽഡേഴ്സ് ലിമിറ്റഡ് ഓഹരിയുടെ വില 3176.85 രൂപയിലെത്തി. എല്ലാ കപ്പൽശാലകളും പൊതുമേഖലയിൽപ്പെട്ടതാണ്.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



B&M AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and EFFICIENT

Quality REPAIR



WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

## മെഡി. ഇൻഷുറൻസ് ക്ലെയിമുകൾക്കെല്ലാം ഒറ്റ പോർട്ടലാകും

ന്യൂഡൽഹി: ഇന്ത്യയിലുടനീളമുള്ള മെഡിക്കൽ ഇൻഷുറൻസ് കമ്പനികളുടെ ക്ലെയിമുകൾ ഏകീകരിക്കാൻ ദേശീയ ആരോഗ്യ അതോറിറ്റിക്ക് (എൻഎച്ച്എ) കീഴിൽ ഏകജാലക പോർട്ടൽ വികസിപ്പിക്കാൻ കേന്ദ്ര ആരോഗ്യമന്ത്രാലയം. 'നാഷണൽ ഹെൽത്ത് ക്ലെയിംസ് എക്സ്ചേഞ്ച്' എന്ന് പേരിട്ട പുതിയ പോർട്ടൽ ഇന്ത്യയിലുടനീളമുള്ള 200-ലധികം ആശുപത്രികളെയും അമ്പതിലധികം മെഡിക്കൽ ഇൻഷുറൻസ് ദാതാക്കളെയും ഒരു കുടക്കീഴിലെത്തിക്കും.

ഇൻഷുറൻസ് ക്ലെയിമുകൾ കൈകാര്യംചെയ്യാൻ ആശുപത്രികളെ സഹായിക്കുന്ന പോർട്ടൽവഴി രോഗികൾക്കും ക്ലെയിം വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കും. ഒപ്പം ഭാവിയിൽ ഇൻഷുറൻസ് പ്രീമിയങ്ങൾ കുറയ്ക്കാനും സാധിക്കും. ബിജെപി സർക്കാർ വീണ്ടും അധികാരത്തിലെത്തുകയാണെങ്കിൽ നടപ്പാക്കാൻ നിശ്ചയിച്ച നൂറുദിന പദ്ധതികളിലൊന്നായാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

ആശുപത്രികൾ, ഇൻഷുറൻസ് ദാതാക്കൾ, ഇൻഷുറൻസ് റെഗുലേറ്ററായ ഐആർഡിഎഐ (ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ) എന്നിവരുമായി ആലോചിച്ചാണ് ഇത് വികസിപ്പിച്ചതെന്ന് ആരോഗ്യമന്ത്രാലയവൃത്തങ്ങൾ പ്രതികരിച്ചു. നിലവിൽ, ഓരോ സ്വകാര്യ ഇൻഷുറൻസ് ദാതാക്കൾക്കും അവരുടേതായ പ്രത്യേക പോർട്ടലുകളാണുള്ളത്. അതിനുപകരം വിവിധ ഇൻഷുറൻസ് കമ്പനികൾക്ക് ആവശ്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു പൊതു ഡേറ്റാശേഖരണ ഫോർമാറ്റാകും പുതിയ പോർട്ടൽ. മൂന്നുമാസത്തിനുള്ളിൽ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുമെന്നും മന്ത്രാലയവൃത്തങ്ങൾ അറിയിച്ചു.

## ജയരാജൻ വധശ്രമക്കേസ്: കെ. സുധാകരനെ കുറ്റവിമുക്തനാക്കി

കൊച്ചി: ഇ.പി. ജയരാജൻ വധശ്രമക്കേസിൽ കെപിസിസി പ്രസിഡണ്ട് കെ. സുധാകരനെ ഹൈക്കോടതി കുറ്റവിമുക്തനാക്കി. കേസിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സുധാകരൻ തിരുവനന്തപുരം അഡീ. സെഷൻസ് കോടതിയിൽ നല്കിയ ഹർജി തള്ളിയ ഉത്തരവ് ചോദ്യംചെയ്ത് സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിലാണ് ഹൈക്കോടതിയുടെ ഉത്തരവ്.

തമ്പാനൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ കെ. സുധാകരൻ ഒന്നാംപ്രതിയായിരുന്നു. കേസിലെ മൂന്നാം പ്രതിയായിരുന്ന രാജീവനെയും ഹൈക്കോടതി കുറ്റവിമുക്തനാക്കി. കെ. സുധാകരനെതിരായ എല്ലാ നിയമനടപടികളും അവസാനിപ്പിക്കാനാണ് ഹൈക്കോടതി നിർദേശം.

ഇ.പി. ജയരാജൻ വധശ്രമക്കേസിൽ ഗൂഢാലോചനക്കുറ്റമായിരുന്നു കെ. സുധാകരനെതിരെ ചുമത്തിയിരുന്നത്. വിചാരണ തുടങ്ങാനിരിക്കെയാണ് കുറ്റപത്രത്തിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കെ. സുധാകരൻ ഹൈ



ക്കോടതിയെ സമീപിച്ചത്. കെ. സുധാകരനെതിരെയുള്ള കേസ് നിലനില്ക്കില്ല എന്ന് വിലയിരുത്തിയാണ് ഹർജി അനുവദിച്ചത്.

ഈ കേസിൽനിന്ന് തന്നെ കുറ്റവിമുക്തനാക്കണമെന്നാവശ്യപ്പെട്ട് സുധാകരൻ നല്കിയ ഹർജിയിൽ 2016-ൽ ഹൈക്കോടതി വിചാരണ നടപടികൾ സ്റ്റേ ചെയ്തിരുന്നു. 2016 ജൂൺ മൂന്നിനാണ് സുധാകരനും രാജീവനും സമർപ്പിച്ച വിടുതൽ ഹർജികൾ തിരുവനന്തപുരം സെഷൻ കോടതി തള്ളിയത്. ആന്ധ്രാ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ഗൂഢാലോചന സംബന്ധിച്ച് പോലീസ് അന്വേഷണം നടന്നിട്ടില്ലെന്നു ചൂണ്ടിക്കാട്ടി ഇ.പി. ജയരാജൻ സ്വകാര്യ അന്യായം സമർപ്പിച്ചതിനെ തുടർന്നാണ് തമ്പാനൂർ പോലീസ് സുധാകരനെതിരെയും മറ്റും കേസെടുത്ത് കുറ്റപത്രം സമർപ്പിച്ചത്. ശരിയായ അന്വേഷണം നടന്നിട്ടില്ലെന്ന കാരണം പരിഗണിച്ച് വീണ്ടും എഫ്ഐആർ രജിസ്റ്റർ ചെയ്തത് നിലനില്ക്കില്ലെന്ന് കോടതി വ്യക്തമാക്കി.

## മുല്ലൂർത്തോട്ടം കൊലക്കേസ്: അമ്മയ്ക്കും മകനും വധശിക്ഷ കേരളത്തിൽ ആദ്യം

നെയ്യാറ്റിൻകര: ഒറ്റയ്ക്കു താമസിച്ചിരുന്ന വയോധികയെ സ്വർണാഭരണങ്ങൾക്കായി ക്രൂരമായി കൊലപ്പെടുത്തി മൃതദേഹം വാടകവീടിന്റെ തട്ടിൻപുറത്ത് ഒളിപ്പിച്ചകേസിൽ അമ്മയ്ക്കും മകനും മകന്റെ സുഹൃ



വിഴിഞ്ഞം ശാന്തകുമാരി കൊലക്കേസിൽ നെയ്യാറ്റിൻകര അഡീഷണൽ ജില്ലാ കോടതി വധശിക്ഷയ്ക്കു വിധിച്ച പ്രതികളായ റഫീക്ക, അൽഅമീൻ, ഷെഫീഖ്.

ത്തിനും വധശിക്ഷ. അമ്മയ്ക്കും മകനും തൂക്കുകയർ വിധിക്കുന്നത് കേരളത്തിൽ ആദ്യമാണ്. വിചാരണക്കോടതി ഒരു സ്ത്രീക്ക് വധശിക്ഷ വിധിക്കുന്നത് ഒന്നര പതിറ്റാണ്ടിനു ശേഷവും. 2022 ജനുവരി 14-നു വിഴിഞ്ഞം മുല്ലൂർത്തോട്ടം ആലുമൂട് വീട്ടിൽ ശാന്തകുമാരിയെ (74) കൊലപ്പെടുത്തിയ കേസിലാണ് വിഴിഞ്ഞം ടൗൺഷിപ്പ് കോളനി ഹൗസ് നമ്പർ 44-ൽ റഫീക്ക (51), പാലക്കാട് പട്ടാമ്പി വിളയൂർ വള്ളികുന്നത്ത് വീട്ടിൽ അൽഅമീൻ (27), റഫീക്കയുടെ മകൻ ഷെഫീക്ക് (25) എന്നിവരെ നെയ്യാറ്റിൻകര അഡീഷണൽ ജില്ലാ സെഷൻസ് കോടതി ജഡ്ജി എ.എം. ബഷീർ ശിക്ഷിച്ചത്. ശാന്തകുമാരിയുടെ അയൽവീട്ടിൽ വാടകയ്ക്കു താമസിച്ചവരായിരുന്നു പ്രതികൾ. സ്വർണം കൈക്കലാക്കാൻ വേണ്ടിയുള്ള കൊലപാതകത്തിൽ ഗൂഢാലോചന, തെളിവു നശിപ്പിക്കൽ, കവർച്ച എന്നിവ കോടതി കണ്ടെത്തി. പ്രതികളുടെ ക്രൂരതയ്ക്ക് വധശിക്ഷയിൽ കുറഞ്ഞൊന്നും അർഹിക്കുന്നില്ലെന്ന് ജഡ്ജി വിധിന്യായത്തിൽ പറഞ്ഞു. പ്രതികൾ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു.

ഭർത്താവ് നാഗപ്പൻ മരിച്ചതിനെ തുടർന്ന് ഒറ്റയ്ക്കായിരുന്നു ശാന്തകുമാരിയുടെ താമസം. രണ്ട് മക്കൾ ജോലിക്കായി മറ്റിടങ്ങളിലായിരുന്നു. വാടകവീട് ഒഴിയുന്ന ദിവസം മൂന്ന് പ്രതികളും ശാന്തകുമാരിയെ വാടകവീട്ടിലേക്കു വിളിച്ചുവരുത്തി. റഫീക്ക ചുറ്റിക ഉപയോഗിച്ച് ആദ്യം ശാന്തകുമാരിയുടെ തലയ്ക്കടിച്ചു. അൽഅമീൻ ചുറ്റികകൊണ്ട് നെറ്റിയിലും തലയുടെ പിൻഭാഗത്തും വീണ്ടും അടിച്ച് തലയോട്ടി തകർത്തു. തുടർന്ന് അൽ അമീനും ഷെഫീക്കും ചേർന്നു കൈലി ഉപയോഗിച്ച് ശാന്തകുമാരിയുടെ കഴുത്തിൽ കുരുക്കിട്ട് കൊലപ്പെടുത്തി. മൃതദേഹത്തിൽനിന്ന് അഞ്ചര പവൻ സ്വർണാഭരണം കവർന്നു. കുഴിച്ചിടാൻ കഴിയാത്ത സാഹചര്യമായതിനാൽ വാടകവീടിന്റെ തട്ടിൻപുറത്ത് മൃതദേഹം ഒളിപ്പിച്ചശേഷം മൂവരും കടന്നുവെന്നായിരുന്നു കേസ്.

## എൽവിഎം–3 റോക്കറ്റ് നിർമാണം സ്വകാര്യമേഖലയ്ക്ക്

തിരുവനന്തപുരം: വാണിജ്യ ആവശ്യങ്ങൾക്കു ഭാരമേറിയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കാനുള്ള മത്സരമേറിയതോടെ, കരുത്തുറ്റ എൽവിഎം-3 റോക്കറ്റ് നിർമാണവും സ്വകാര്യ മേഖലയ്ക്ക്. 2020-ൽ ബഹിരാകാശ രംഗം സ്വകാര്യ മേഖലയ്ക്കു തുറന്നു നൽകിയതിനുശേഷമുള്ള ഏറ്റവും വലിയ കരാറുകളിലൊന്നാകും ഇത്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ലോഞ്ച് വെഹിക്കിൾ മാർക്ക്-3 (എൽവിഎം-3) എന്ന ഇന്ത്യയുടെ ഏറ്റവും കരുത്തുള്ള റോക്കറ്റ് നിർമിക്കാൻ ഇന്ത്യൻ കമ്പനികളെയോ കമ്പനികളുടെ കൂട്ടായ്മയെയോ (കൺസോർഷ്യം) ആണ് ഐഎസ്ആർഒയുടെ വാണിജ്യ സംരംഭമായ ന്യൂസ്പേസ് ഇന്ത്യ ലിമിറ്റഡ് (എൻഎസ്ഐഎൽ) ക്ഷണിക്കുന്നത്.

കുറഞ്ഞ ചെലവിൽ വലിയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കാനുള്ള ഇന്ത്യയുടെ ശേഷി തെളിയിക്കപ്പെട്ടതോടെ ലോക വ്യാപകമായി സ്വകാര്യ സംരംഭകർ ഉൾപ്പെടെ ഐഎസ്ആർഒയുടെ സഹായം തേടാൻ തുടങ്ങി. ഇന്ത്യൻ ബഹിരാകാശ മേഖലയുടെ വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ എൽവിഎം-3 റോക്കറ്റുകൾ സമയബന്ധിതമായി നിർമിച്ച് വാണിജ്യ ആവശ്യങ്ങൾ നിറവേറ്റുകയാണ് പുതിയ കരാറിന്റെ ലക്ഷ്യം.

എൽവിഎം-3: ഇന്ത്യയുടെ വിശ്വാസ്യതയുള്ള കരുത്തൻ റോക്കറ്റ്, ചന്ദ്രയാൻ-2, 3 എന്നിവയെ ഭൂമിയിൽനിന്നു ചന്ദ്രനിലേക്കുള്ള കൃത്യമായ പാതയിലെത്തിച്ചു. രണ്ടു ഘട്ടങ്ങളിലായി ഉപഗ്രഹ ഇന്റർനെറ്റ് ദാതാക്കളായ വൺവെബിന്റെ 72 ഉപഗ്രഹങ്ങളെ താഴ്ന്ന ഭൗമ ഭ്രമണപഥത്തിൽ (ലിയോ) എത്തിച്ചു. ഇപ്പോൾ ഐഎസ്ആർഒ നിർമിക്കുന്നത് - വർഷം രണ്ട് എൽവിഎം-3 റോക്കറ്റ്. ലക്ഷ്യം - സ്വകാര്യ മേഖലയിൽ രണ്ട് വർഷംകൊണ്ട് റോക്കറ്റ് നിർമാണത്തിന് അടിസ്ഥാന സൗകര്യമൊരുക്കണം. മൂന്നാം വർഷം മുതൽ എൽവിഎം-3 റോക്കറ്റ് നിർമിച്ചു തുടങ്ങണം. ആറാം വർഷം മുതൽ ഓരോ വർഷവും കുറഞ്ഞത് ആറ് റോക്കറ്റ് നിർമിക്കണം. 14 വർഷംകൊണ്ട് ആകെ 65 എൽവിഎം-3 റോക്കറ്റ് നിർമിക്കണം.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers

24 Hour Emergency Service

• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
☎ 8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 10–ാമത് ഇന്റർനാഷണൽ വടംവലി മത്സരത്തിന്റെ കിക്കോഫ് അവിസ്മരണീയമായി

മാത്യു തട്ടാമറ്റം






ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിലുള്ള പത്താമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ കിക്കോഫ് പാലാ എംഎൽഎയും സിനിമാ നിർമ്മാതാവും മുൻ ഇന്ത്യൻ വോളിബോൾ താരവുമായ മാണി സി. കാപ്പൻ നിർവ്വഹിച്ചതോടുകൂടി ചിക്കാഗോ അന്താരാഷ്ട്ര വടംവലി മത്സരത്തിന് ഔദ്യോഗികമായി കൊടി ഉയർന്നു. ചിക്കാഗോയിലെ സോഷ്യൽ ക്ലബ്ബിന്റെ ആസ്ഥാനത്ത് നടന്ന പ്രൗഢഗംഭീരമായ കിക്കോഫ് ചടങ്ങിൽ ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പ്രസിഡന്റ് സിബി കദളിമറ്റം അദ്ധ്യക്ഷനായിരുന്നു.

മറ്റ് കായിക ഇനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ വടംവലിക്കു വേണ്ടി ഇത്ര വിപുലമായ ഒരു മത്സരം ചിക്കാഗോയിൽ സംഘടിപ്പിക്കുന്ന സോഷ്യൽ ക്ലബ്ബിനെ മാണി സി. കാപ്പൻ അഭിനന്ദിച്ചു. മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് ചിക്കാഗോയിലെ മലയാളികളുടെ ഐക്യം ശ്രദ്ധേയമാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു പക്ഷേ വടംവലി മത്സരത്തിന് ലോകത്ത് ഏറ്റവും വലിയ സമ്മാനത്തുക നൽകുന്നതും ചിക്കാഗോ സോഷ്യൽ ക്ലബ്ബായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വടംവലിയുടെ വേൾഡ് കപ്പ് എന്നറിയപ്പെടുന്ന ചിക്കാഗോ ഇന്റർനാഷണൽ വടംവലിക്ക് ഇനി മൂന്നു മാസങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോൾ ചിക്കാഗോ മലയാളി സമൂഹത്തിൽനിന്ന് വളരെയധികം സഹായ സഹകരണങ്ങൾ കിട്ടുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് പ്രസിഡന്റ് സിബി കദളിമറ്റം പറഞ്ഞു.

2024 സെപ്റ്റംബർ 2–ന് ചിക്കാഗോ സെന്റ് മേരീസ് പള്ളി അങ്കണത്തിൽ നടക്കുന്ന വടംവലി മത്സരം ഏറ്റവും മികച്ചതായിരിക്കുമെന്നും വൻ സർപ്രൈസുകൾ കാത്തിരിക്കുന്നുണ്ടെന്നും വടംവലി മത്സരത്തിന്റെ സംഘാടകസമിതി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ പറഞ്ഞു. മത്സരത്തിന് ലോകത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള ടീമുകൾ പങ്കെടുക്കും. വടംവലി മാത്രമല്ല ഫുഡ് ഫെസ്റ്റിവൽ, സെലിബ്രിറ്റികളുടെ സാന്നിദ്ധ്യം തുടങ്ങി വമ്പിച്ച പരിപാടികളാണ് നടക്കുകയെന്ന് സിറിയക് കൂവക്കാട്ടിൽ വ്യക്തമാക്കി.




സംഘാടകസമിതി ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ് ആശംസകൾ അർപ്പിച്ചു. വടംവലിയുടെ വിജയത്തിനായി പ്രവർത്തിക്കുന്ന എല്ലാവരേയും അഭിവാദ്യം ചെയ്ത അദ്ദേഹം പരിപാടി മികച്ചതും ശ്രദ്ധേയവുമായിരിക്കുമെന്ന് പറഞ്ഞു. ചിക്കാഗോ സോഷ്യൽ ക്ലബ്ബ് സെക്രട്ടറി സിബി കൈതക്കത്തൊട്ടിയിൽ നന്ദി അറിയിച്ചു. വടംവലി സംഘാടകസമിതിയിലെ ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ ജോസ് മണക്കാട്ട്, ചിക്കാഗോ സോഷ്യൽ ക്ലബ്ബ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠത്തിൽ, ജോയിന്റ് സെക്രട്ടറി സാബു പടിഞ്ഞാറേൽ, ട്രഷറർ ജോമോൻ തൊടുകയിൽ, വടംവലി സംഘാടകസമിതി ഭാരവാഹികളായ ബിജു കരികുളം, പബ്ലിസിറ്റി കൺവീനർ മാത്യു തട്ടാമറ്റം, സെന്റ് മേരീസ് പള്ളി ട്രസ്റ്റ് ഭാരവാഹികളായ സാബു കട്ടപ്പുറം, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, വടംവലി ഗ്രാന്റ് സ്പോൺസർമാരായ പേരന്റ് പെട്രോളിയത്തിന്റെ ജോ ആലിപേർട്ട, മറ്റ് സ്പോൺസർമാരായ ഗോൾഡ് റഷ് ഗെയിമിംഗ് നെയ്തൻ പീറ്റർ, ടോണി കിഴക്കേക്കുറ്റ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ഒന്നാം സമ്മാനം ജോയി നെടിയകാലായിൽ സ്പോൺസർ ചെയ്യുന്ന 11111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയുമാണ്. രണ്ടാം സമ്മാനമായ 5555 ഡോളറും ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്യുന്നത് ശ്രീ. ഫിലിപ്പ് മുണ്ടപ്ലാക്കലും, മൂന്നാം സമ്മാനമായ 3333 ഡോളറും ചാക്കോ & മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്യുന്നത് എലൈറ്റ് ഗെയിമിംഗ് ടോണി ഫ്രാൻസിസ് കിഴക്കേക്കുറ്റും, നാലാം സമ്മാനമായ 1111 ഡോളർ സ്പോൺസർ ചെയ്യുന്നത് മംഗല്യ ജ്വല്ലറിയുമാണ്.

ജോസ് മണക്കാട്ട് ആയിരുന്നു സോഷ്യൽ ക്ലബ്ബിന്റെ വടംവലി മത്സരത്തിന്റെ കിക്കോഫിന്റെ അവതാരകൻ. തുടർന്ന് സ്നേഹവിരുന്നോടുകൂടി യോഗം പര്യവസാനിച്ചു.











# അന്റാർട്ടിക്കയിൽ 'മൈത്രി 2' സ്ഥാപിക്കാൻ ഇന്ത്യ

കൊച്ചി: അന്റാർട്ടിക്കയിൽ ഇന്ത്യ നാല് വർഷത്തിനകം പുതിയ ഗവേഷണ കേന്ദ്രം 'മൈത്രി 2' സ്ഥാപിക്കും. അന്റാർട്ടിക്കയിലെ ഗവേഷണ പദ്ധതികൾ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണു 'മൈത്രി 2' സ്ഥാപിക്കുന്നതെന്നു കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. അന്റാർട്ടിക്കയുടെ സംരക്ഷണത്തിനായി ഒപ്പുവെച്ച ഉടമ്പടിയിലുൾപ്പെട്ട അംഗരാജ്യങ്ങളുടെ കൂടിയാലോചന യോഗം (എടിസിഎം) ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.



കൊച്ചിയിൽ നടക്കുന്ന അന്റാർട്ടിക്ക ട്രീറ്റി കൺസൽറ്റേറ്റിവ് മീറ്റിങ് (എടിസിഎം) കേന്ദ്രമന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്യുന്നു.

അന്റാർട്ടിക്കയിൽ മൈത്രി, ഭാരതി എന്നീ രണ്ട് ഗവേഷണ കേന്ദ്രങ്ങളാണ് ഇന്ത്യയ്ക്കുള്ളത്. രണ്ട് കേന്ദ്രങ്ങളിലായി വേനൽക്കാലത്ത് 100 ഇന്ത്യൻ ശാസ്ത്രജ്ഞർക്കു വരെ പര്യവേക്ഷണം നടത്താനുള്ള സൗകര്യമാണു നിലവിലുള്ളത്.

1989-ൽ പ്രവർത്തനം തുടങ്ങിയ മൈത്രിക്കു പകരമാണ് പുതിയ ഗവേഷണ കേന്ദ്രം സ്ഥാപിക്കുക. രണ്ട് വർഷത്തിനകം ഗവേഷണ കേന്ദ്രത്തിന്റെ രൂപകൽപന പൂർത്തിയാകുമെന്നു ഭൗമശാസ്ത്ര മന്ത്രാലയം സെക്രട്ടറിയും സമ്മേളനത്തിലെ ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ മേധാവിയുമായ ഡോ. എം. രവിചന്ദ്രൻ പറഞ്ഞു.

പുതിയ ഗവേഷണ കേന്ദ്രം ആരംഭിക്കാനുള്ള പദ്ധതി എടിസിഎമ്മിൽ ഇന്ത്യ അവതരിപ്പിക്കും. സൗരോർജവും കാറ്റിൽ നിന്നുള്ള വൈദ്യുതിയും ഉപയോഗിക്കുന്ന തരത്തിലാണു പുതിയ ഗവേഷണ കേന്ദ്രം നിർമിക്കുക.

അന്റാർട്ടിക്കയിലെ വിനോദസഞ്ചാരം നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള നയരൂപീകരണം ഇത്തവണത്തെ എടിസിഎമ്മിൽ നടക്കും. ഗവേഷണത്തിനു വേണ്ടിയല്ലാതെ അന്റാർട്ടിക്ക സന്ദർശിക്കുന്നവരുടെ എണ്ണം ഗണ്യമായി ഉയർന്ന സാഹചര്യത്തിലാണിത്. കഴിഞ്ഞ വർഷം 1.10 ലക്ഷം ടൂറിസ്റ്റുകളാണ് അന്റാർട്ടിക്ക സന്ദർശിച്ചത്. ഇതു മുൻകാലങ്ങളെക്കാൾ ഏറെ കൂടുതലാണ്. പരിസ്ഥിതി ലോല മേഖലയായ അന്റാർട്ടിക്കയുടെ സംരക്ഷണം ഉറപ്പുവരുത്തി മാത്രമേ അവിടെ ടൂറിസം പ്രോത്സാഹിപ്പിക്കാവൂവെന്നാണ് ഇന്ത്യയുടെ നിലപാട്. ദേശീയ സുരക്ഷ ഉപദേശക സമിതി അംഗവും എടിസിഎം ചെയർമാനുമായ പങ്കജ് ശരൺ, വിദേശകാര്യ മന്ത്രാലയം സെക്രട്ടറി പവൻ കപൂർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് (എൻഐഎഎസ്) ഡയറക്ടർ ഡോ. ശൈലേഷ് നായിക് തുടങ്ങിയവർ പ്രസംഗിച്ചു.

ഇന്ത്യ രണ്ടാം തവണയാണ് എടിസിഎമ്മിന് ആതിഥ്യം വഹിക്കുന്നത്. 2007-ൽ ന്യൂഡൽഹിയിലാണ് മുൻപ് ഇന്ത്യയിലെ സമ്മേളനം നടന്നത്. 30-നു സമാപിക്കുന്ന സമ്മേളനത്തിൽ 56 രാജ്യങ്ങളിൽനിന്നായി 400 പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

# കേംബ്രിജ് സിറ്റിയുടെ മേയറായി കോട്ടയംകാരൻ ബൈജു തിട്ടാല

കോട്ടയം: ബ്രിട്ടനിലെ കേംബ്രിജ് സിറ്റി മേയറായി മലയാളിയായ ബൈജു വർക്കി തിട്ടാല സ്ഥാനമേറ്റു. ഡപ്യൂട്ടി മേയറായിരുന്ന ബൈജു മെയ് 23-നാണ് പുതിയ ചുമതലയേറ്റത്. ഇതാദ്യമായാണ് ഏഷ്യൻ വംശജൻ കേംബ്രിജ് സിറ്റി മേയറാകുന്നത്. കോട്ടയം ആർപ്പൂക്കരയിൽ തിട്ടാല വീട്ടിൽ പരേതനായ പാപ്പച്ചന്റെയും ആലീസിന്റെയും മകനാണ്.

ബ്രിട്ടനിലെ ഉപരിപഠനത്തിനുശേഷം പൊതുരംഗത്ത് സജീവമായ ബൈജു, തൊഴിലിടങ്ങളിൽ മലയാളി നേഴ്സുമാർ ഉൾപ്പെടെയുള്ളവർ നേരിടുന്ന വിവേചനങ്ങൾക്കെതിരെ നിയമപോരാട്ടത്തിൽ മുൻനിരയിലുണ്ട്. 2013-ൽ ആംഗ്ലിയ റസ്കിൻ യൂണിവേഴ്സിറ്റിയിൽനിന്നാണ് ബൈജു എൽഎൽബി ബിരുദം നേടിയത്. പിന്നീട് ഈസ്റ്റ് ആംഗ്ലിയ യൂണിവേഴ്സിറ്റിയിൽനിന്ന് എംപ്ലോയ്മെന്റ് ലോയിൽ ഉന്നത ബിരുദം നേടി. 2018-ൽ കേംബ്രിജിലെ ഈസ്റ്റ് ചെസ്റ്റർട്ടൻ മണ്ഡലത്തിൽനിന്നു ലേബർ പാർട്ടി ടിക്കറ്റിൽ ആദ്യമായി കൗൺസിലറായി.



2019 മുതൽ സോളിസിറ്ററായി ജോലി ചെയ്യുന്ന ബൈജു ക്രിമിനൽ ഡിഫൻസ് ലോയറായാണ് പ്രാക്ടീസ് ചെയ്യുന്നത്. യുകെ മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചാനൽ ചർച്ചകളിൽ ഉൾപ്പെടെ സജീവമായി ഇടപെടുന്ന ബൈജു, രാഹുൽ ഗാന്ധിയോടൊപ്പം ഭാരത് ജോഡോ യാത്രയിൽ പങ്കെടുത്ത് ശ്രദ്ധേയനായിരുന്നു.

ബ്രിട്ടനിലെ മുഖ്യപ്രതിപക്ഷമായ ലേബർ പാർട്ടിയുടെ സിഎൽപി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമാണ്. ബ്രിട്ടനിലെ ഇന്ത്യക്കാരുടെ ട്രേഡ് യൂണിയനായ ഇന്ത്യൻ വർക്കേഴ്സ് യൂണിയന്റെ ചെയർമാനാണ്. ഒരു വർഷമാണ് മേയർ പദവിയിൽ ബൈജുവിന്റെ കാലാവധി. ഭാര്യ ആൻസി മുട്ടുചിറ നേഴ്സാണ്. അന്ന, അലൻ, അൽഫോൻസ് എന്നിവരാണു മക്കൾ.

# ആക്രിയുടെ മറവിൽ 209 കോടിയുടെ നികുതി വെട്ടിപ്പ്

തിരുവനന്തപുരം: സംസ്ഥാന ജിഎസ്ടി വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിൽ വ്യാപകമായി നടത്തിയ റെയ്ഡിൽ വൻ വെട്ടിപ്പ് കണ്ടെത്തി. ആക്രി കച്ചവടത്തിന്റെയും സ്റ്റീൽ ഫർണിച്ചർ വില്പനയുടെയും പേരിൽ വ്യാജ ഇൻവോയ്സ് തയാറാക്കി വൻ തട്ടിപ്പു നടത്തിയതായാണു കണ്ടെത്തിയത്. 1170 കോടിയോളം രൂപയുടെ വ്യാജ ഇടപാടിലൂടെ 209 കോടി രൂപയുടെ തട്ടിപ്പ് നടത്തിയതായാണു കണ്ടെത്തൽ. തട്ടിപ്പിനു നേതൃത്വം നൽകിയ മൂന്നുപേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

വ്യാജ ജിഎസ്ടി രജിസ്ട്രേഷൻ നിർമിച്ച് അനധികൃത വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണു റെയ്ഡ് നടന്നത്. വ്യാജ ഇൻവോയ്സ് നിർമിച്ച് ഇൻപുട്ട് ക്രെഡിറ്റ് ടാക്സ് വഴിയാണ് വൻതുക തട്ടിയതെന്നാണു വിവരം.

കോട്ടയം നട്ടാശേരിയിലെ ഒരു വീട്ടുകാരന്റെ പേരിൽ വ്യാജ ജിഎസ്ടി രജിസ്ട്രേഷൻ നടത്തി ഇൻപുട്ട് ക്രെഡിറ്റ് വെട്ടിപ്പ് നടത്തിയതായി കണ്ടെത്തി. ഗൾഫിൽ ജോലിക്കായുള്ള പരസ്യത്തിൽ പറഞ്ഞ ഫോൺ നമ്പറിൽ ബന്ധപ്പെട്ടപ്പോൾ ആധാർ നമ്പർ അടക്കമുള്ള വിവരങ്ങൾ ആവശ്യപ്പെടുകയായിരുന്നു.

ജോലിക്കുള്ള രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി എന്നപേരിൽ ഫോണിൽ വന്ന ഒടിപി നമ്പറും വാങ്ങിയാണ് മേൽവിലാസക്കാരൻ അറിയാതെ ജിഎസ്ടി രജിസ്ട്രേഷൻ സംഘടിപ്പിച്ചത്.

ഇദ്ദേഹത്തിന്റെ ആധാർ രേഖകൾ ഉപയോഗിച്ച് അദ്ദേഹമറിയാതെ ബാങ്ക് അക്കൗണ്ട് എടുക്കുകയും ഇതുവഴി തട്ടിപ്പുകാർ കോടികളുടെ സാമ്പത്തിക ഇടപാടുകൾ നടത്തുകയും ചെയ്തതായി ജിഎസ്ടി പരിശോധനയിൽ കണ്ടെത്തി.

ചരക്കുസേവനനികുതി രജിസ്റ്റർ ചെയ്ത് നികുതി അടയ്ക്കുന്നവർക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനുള്ള തുക ഇൻപുട്ട് ക്രെഡിറ്റ് ടാക്സായി മടക്കി നൽകാനുള്ള ജിഎസ്ടി നിയമത്തിലെ വ്യവസ്ഥയാണു പ്രധാനമായും ദുരുപയോഗം ചെയ്തത്.

സംസ്ഥാന നികുതി വകുപ്പിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരിശോധനയാണ് മെയ് 23-ന് നടന്നതെന്നാണ് നികുതി വകുപ്പ് അധികൃതർ പറയുന്നത്.

പുലർച്ചെ അഞ്ചിനാണ് ജിഎസ്ടി ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ പാംട്രീ' എന്ന പേരിൽ റെയ്ഡ് തുടങ്ങിയത്. 350 ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കേരളത്തിലെ 101 കേന്ദ്രങ്ങളിൽ ഒരേസമയമായിരുന്നു പരിശോധന. വ്യാജ ജിഎസ്ടി രജിസ്ട്രേഷൻ നിർമിച്ച് അനധികൃത വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പരിശോധന.

വ്യാജ ജിഎസ്ടി രജിസ്ട്രേഷനിലൂടെ 1200 കോടിയുടെ വ്യാപാരം നടന്നതായാണു വിവരം. പിടിച്ചെടുത്ത രേഖകളുടെ വിശദ പരിശോധന തുടങ്ങി.






# JOYALUKKAS OPENS HOUSTON SHOWROOM WITH EXCITING INAUGURAL OFFERS!

Houston, Texas, USA– Joyalukkas, the renowned global jewellery brand, proudly held the grand inauguration of its Houston outlet on Saturday, May 18th, 2024. Esteemed dignitaries, Mr. K.P. George, Fort Bend County Judge, and Ms. Julie Mathew, Presiding Judge of County Court Law 3 attended the ceremony in the presence of Mr. Joy Alukkas, Chairman Joyalukkas Group.

Speaking at the inauguration Mr. Joy Alukkas said, "We are excited to start our journey in Houston, thanks to the support and blessings of our valued customers and our well wishers. Our growth continues and our plans for expansion is aggressive. Our pledge is to keep delighting jewelry lovers with the best experience in jewelry shopping."




The inauguration of the Joyalukkas Houston outlet brings forth a celebration of luxury and elegance, marked by an exclusive promotion. Customers can indulge in the finest jewelry selections and avail themselves of unbeatable deals. For those purchasing gold jewelry worth USD 1,000, a complimentary 0.2 mg gold coin awaits, while diamond, polki, and pearl jewelry purchases worth USD 2,000 entitle customers to receive a free 1 gm gold coin.

These exciting inaugural offers are available exclusively in the USA, adding to the allure of Joyalukkas' presence in the region. As Joyalukkas continues its legacy of excellence, the Houston outlet stands as a beacon of luxury and value, inviting jewelry enthusiasts to experience the epitome of elegance.

Joyalukkas Houston offers timeless beauty and exceptional value, making it the the ultimate destination for people seeking both. Visit it today to explore a world of luxury and to indulge its special inaugural benefits.



# കാമ്യ കാർത്തികേയൻ എവറസ്റ്റിന്റെ നെറുകയിൽ

ജംഷഡ്പൂർ: ലോകത്തിലെ ഏറ്റവും വലിയ കൊടുമുടിയായ എവറസ്റ്റ് കീഴടക്കുന്ന പ്രായം കുറഞ്ഞ ഇന്ത്യക്കാരിയെന്ന ബഹുമതി പതിനാറുകാരിയായ കാമ്യ കാർത്തികേയന്.

നേപ്പാൾ വഴിയാണ് 8848 അടി ഉയരമുള്ള കൊടുമുടിയിൽ മേയ് 20-ന് കാമ്യയും അച്ഛൻ കാർത്തികേയനും എത്തിയതെന്ന് ടാറ്റ സ്റ്റീൽ അഡ്വഞ്ചർ ഫൗണ്ടേഷൻ (ടിഎസ്എഎഫ്) അറിയിച്ചു.

നാവികസേന കമാൻഡറാണ് കാർത്തികേയൻ. എവറസ്റ്റ് കയറിയ രണ്ടാമത്തെ പ്രായംകുറഞ്ഞ പെൺകുട്ടിയെന്ന റിക്കാർഡും കാമ്യക്കാണ്. എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള ഉയരം കൂടിയ കൊടുമുടികൾ കയറുന്ന ചലഞ്ച് ആയ സെവൻ സമ്മിറ്റിനുവേണ്ടി കഴിഞ്ഞവർഷം ഡിസംബറിൽ അന്റാർട്ടിക്കയിലെ മൗണ്ട് വിൻസൻ മാസിഫും കാമ്യ കീഴടക്കിയിരുന്നുവെന്ന് വെസ്റ്റേൺ നേവൽ കമാൻഡന്റ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ അറിയിച്ചു. ഇനി ഒരു കൊടുമുടി മാത്രമാണ് അവശേഷിക്കുന്നത്.

മുംബൈ നേവി ചിൽഡ്രൻ സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിനിയാണ് കാമ്യ. പ്രധാനമന്ത്രി രാഷ്ട്രീയ ബൽ ശക്തി പുരസ്കാരത്തിന് അർഹയായിട്ടുണ്ട്.



# കേരളത്തിനു കടമെടുക്കാൻ അനുമതി നല്കി കേന്ദ്രസർക്കാർ

തിരുവനന്തപുരം: കേരള സർക്കാരിന് ഈ വർഷം 18,253 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകി. ഈ വർഷം ഇതുവരെ കടമെടുത്ത 3,000 കോടി രൂപയ്ക്കു പുറമേയാണിത്. ഇതോടെ കടമെടുപ്പിന് അനുമതി കിട്ടിയ ആകെ തുക 21,253 കോടി രൂപയായി. ഈ വർഷം ആകെ 37,512 കോടി രൂപയാണു കേരളത്തിനു കടമെടുക്കാൻ കഴിയുകയെന്ന് ഏപ്രിൽ ആദ്യവാരം തന്നെ കേന്ദ്രം അറിയിച്ചിരുന്നു. എന്നാൽ, ഇപ്പോൾ അനുമതി നൽകിയത് അതിനെക്കാൾ 16,253 കോടി കുറച്ചുള്ള തുകയായതിനാൽ വ്യക്തത തേടി കേരളം കത്തയയ്ക്കും.

ഡിസംബർവരെ നിശ്ചിത തുക അനുവദിച്ചശേഷം അവസാനത്തെ മൂന്ന് മാസത്തേക്ക് ബാക്കിയുള്ള തുക മറ്റു വെട്ടിക്കുറവുകൾക്കുശേഷം അനുവദിക്കുന്ന പതിവുണ്ട്. അതിനാൽ, ഡിസംബർവരെയാണോ മാർച്ചുവരെയാണോ 21,253 കോടി രൂപ കടമെടുക്കാൻ കഴിയുക എന്നു കേന്ദ്രത്തോടു വ്യക്തത തേടാനാണു കേരളത്തിന്റെ തീരുമാനം. കടമെടുപ്പിന് അനുമതി തേടി രണ്ട് വട്ടം കേരള സർക്കാർ കത്തയച്ചിരുന്നു. പിന്നാലെയാണ് ഇപ്പോൾ കേന്ദ്രത്തിന്റെ അറിയിപ്പു വന്നത്. ഇതിനു പിന്നാലെ ഈ മാസം 28-ന് 3,500 കോടി രൂപ റിസർവ് ബാങ്ക് വഴി കടപ്പത്രമിറക്കി സമാഹരിക്കാൻ സർക്കാർ തീരുമാനിച്ചു. 12 വർഷത്തെ തിരിച്ചടവു കാലാവധിയിൽ 2,000 കോടി രൂപയും 31 വർഷത്തേക്ക് 1,500 കോടി രൂപയുമാണു കടമെടുക്കുക.

ഓരോ പാദത്തിലും കടമെടുക്കാൻ കേന്ദ്രസർക്കാർ പ്രത്യേകം അനുമതി നൽകിയാൽമാത്രമേ റിസർവ് ബാങ്ക് വഴിയുള്ള കടമെടുപ്പു സാധ്യമാകൂ. കേന്ദ്രസർക്കാരിന്റെ അനുമതിയോടെ 44,528 കോടിയാണ് ഈ വർഷം കേരള സർക്കാർ കടമെടുക്കാൻ ഉദ്ദേശിച്ചിരുന്നത്.

ഈ തുകയാണ് ബജറ്റിൽ കടമെടുപ്പ് വരവായി ഉൾപ്പെടുത്തിയിരുന്നത്. ഇതിൽനിന്ന് 7,016 കോടി രൂപ കുറച്ചാണ് കേന്ദ്രം നിശ്ചയിച്ചത്. ഇതിനു പുറമേ 12,000 കോടി രൂപയെങ്കിലും കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും വായ്പ ഇനത്തിലും പ്രോവിഡന്റ് ഫണ്ട് നിക്ഷേപ ഇനത്തിലും വെട്ടിക്കുറയ്ക്കാനാണു സാധ്യത.

## സ്കൂളുകളുടെ പ്രവർത്തനം ഭിന്നശേഷി സംവരണത്തിന്റെ പേരിൽ തടസപ്പെടുത്തരുത്: സീറോ മലബാർ സിനഡ്

പാലാ: ഭിന്നശേഷി സംവരണത്തിന്റെ പേരിൽ സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനുണ്ടാകുന്ന തടസങ്ങൾ എത്രയുംവേഗം പരിഹരിക്കണമെന്ന് സീറോ മലബാർ സിനഡിൽ വിദ്യാഭ്യാസ കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു.

സീറോ മലബാർ സഭയുടെ കീഴിലുള്ള കോർപ്പറേറ്റ് മാനേജർമാരുടെയും വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെയും യോഗം കേരളത്തിലെ എയ്ഡഡ് മേഖലയും ഉന്നത വിദ്യാഭ്യാസമേഖലയും അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. നിരവധി അധ്യാപക തസ്തികകൾ ഭിന്നശേഷി സംവരണത്തിനായി എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിട്ടുനൽകാൻ തയാറായിട്ടുണ്ടെങ്കിലും ഇതിന്റെ പേരിൽ മറ്റ് അധ്യാപക ഒഴിവുകൾ നികത്തപ്പെടാൻ സാധിക്കുന്നില്ല. ഇത് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെയും വിദ്യാർത്ഥികളുടെ പഠിക്കാനുള്ള അവകാശത്തെയും നിഷേധിക്കുന്ന സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് യോഗം വിലയിരുത്തി. ഭിന്നശേഷി സംവരണ നിയമനത്തിന്റെ പേരിൽ തടസപ്പെട്ട ഫയലുകൾ എത്രയും വേഗം തീർപ്പാക്കണം. ഭിന്നശേഷി സംവരണ നിയമനം വൈകുന്നതിന്റെ പേരിൽ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമത്തിന്റെ ലംഘനം സംഭവിക്കാതിരിക്കാൻ സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്നു യോഗം ആവശ്യപ്പെട്ടു.

## രണ്ടേകാൽ നൂറ്റാണ്ടിനുശേഷം ബ്രിട്ടീഷ് ഭരണകൂടം കണ്ടുകെട്ടിയ ഭൂമിയുടെ അവകാശം തിരിച്ചുകിട്ടി

മഞ്ചേരി: ബ്രിട്ടീഷ് ഭരണകൂടം 224 വർഷം മുൻപ് കണ്ടുകെട്ടിയ ഭൂമിയുടെ അവകാശം തിരിച്ചുകിട്ടിയ സന്തോഷത്തിലാണ് പയ്യനാട് വില്ലേജിലെ 180 കുടുംബങ്ങൾ. വില്ലേജിലെ 36.49 ഏക്കറിന് നികുതിയും പട്ടയവും ലഭിക്കാനുമുള്ള നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പ് ഉത്തരവായി.



മഞ്ചേരി പയ്യനാട് വില്ലേജിലെ 180 കുടുംബങ്ങളുടെ ഭൂമിക്ക് ഉടമസ്ഥാവകാശം സ്ഥാപിക്കാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകിയ മഞ്ചേരി അഹമ്മദ് കുരിക്കളും (കുഞ്ഞാൻ) സുഹൃത്ത് നെല്ലിക്കുത്ത് കെ.ഇ. ബീരാൻകുട്ടിയും.

പഴശ്ശിരാജയ്ക്കൊപ്പം സമരം നടത്തിയ അത്തൻ കുരിക്കളെ 1800-ൽ ബ്രിട്ടീഷുകാർ പിടികൂടി വധിച്ചതിനു പുറമേ, അദ്ദേഹത്തിന്റെ പേരിലുള്ള ഭൂമിയും കണ്ടുകെട്ടി. ഈ ഭൂമിയിലെ ഇപ്പോഴത്തെ കൈവശക്കാർക്കാണ് അവകാശം ലഭിക്കുക. അത്തൻ കുരിക്കളുടെ മകൻ കുഞ്ഞഹമ്മദ്കുട്ടി കുരിക്കൾ ഭൂമി തിരിച്ചു കിട്ടാൻ അന്ന് നൽകിയ അപേക്ഷയിൽ പാട്ടവ്യവസ്ഥയിൽ തിരിച്ചു നൽകി.

പിന്നീട് മക്കളായ ഖാൻ ബഹദൂർ അഹമ്മദ് കുരിക്കൾ, മൊയ്തീൻകുട്ടി കുരിക്കൾ എന്നിവർക്ക് 15,965 രൂപ ജന്മവില നിശ്ചയിച്ച് പതിച്ചു നൽകിയെങ്കിലും കുറച്ചു ഭാഗം മലബാറിലെ സത്രങ്ങളുടെ ചെലവിലേക്ക് മാറ്റിവെച്ചു.

സത്രംഭൂമിയെന്ന പേരിലാണ് ഈ ഭൂമി അറിയപ്പെട്ടിരുന്നത്.

നിലവിൽ 180 കുടുംബങ്ങളുടെ കൈവശത്തിലെ ഈ ഭൂമിക്ക് പട്ടയം ലഭിച്ചിരുന്നില്ല. പയ്യനാട് വി.എം. അബു ഹാജി, മഞ്ചേരി അഹമ്മദ് കുരിക്കൾ (കുഞ്ഞാൻ കുരിക്കൾ). പി.വി. മുഹമ്മദ് എന്നിവർ അര നൂറ്റാണ്ടായി നടത്തിയ ശ്രമങ്ങളാണ് ഇപ്പോൾ ഫലം കണ്ടത്. കൈവശാവകാശം ലഭിക്കാൻ സർക്കാരിന് നൽകിയ അപേക്ഷയിൽ ലാൻഡ് ബോർഡ് പരിശോധന നടത്തി. കൈവശത്തിന് തെളിവായി ആധാരം ഹാജരാക്കി. എന്നാൽ, സെറ്റിൽമെന്റ് രജിസ്റ്ററിൽ പാട്ടം നിശ്ചയിച്ച് കൊല്ലംതോറും ഏൽപിച്ചുകൊടുക്കുന്ന ഭൂമി എന്ന് രേഖപ്പെടുത്തിയതാണ് അവകാശികൾക്ക് വിനയായതെന്ന് കുഞ്ഞാൻ കുരിക്കൾ പറഞ്ഞു. ഇക്കാര്യം റവന്യൂ വകുപ്പിനെ ബോധ്യപ്പെടുത്തിയപ്പോൾ ലാൻഡ് ബോർഡ് സെക്രട്ടറി തഹസിൽദാർ മുഖേന അന്വേഷണം നടത്തി.

ഭൂമി സ്വകാര്യ ഭൂമിയാണെന്നും കൈവശ അവകാശം നിഷേധിക്കാൻ പാടില്ലെന്നും റിപ്പോർട്ട് ചെയ്തു. നികുതി ഈടാക്കാനും ക്രയവിക്രയ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാമെന്നും ഈയിടെ ഉത്തരവായതോടെയാണ് രണ്ടേകാൽ നൂറ്റാണ്ട് നീണ്ട ഊരാക്കുടുക്കുകളിൽനിന്ന് ഭൂമി സ്വാതന്ത്ര്യം നേടിയത്.

## നൂറ് ഭാഷയിൽ പാടി സൗപർണിക

കോട്ടയം: ഞാൻ നിന്നെ മാത്രം സ്നേഹിക്കുന്നു... നിന്നെ മാത്രം സ്നേഹിക്കുന്നു... എന്ന് അർത്ഥംവരുന്ന കൊറിയൻ കവിത പന്ത്രണ്ടാം ക്ലാസുകാരി സൗപർണിക താൻസൻ ചൊല്ലുമ്പോൾ ഭാഷകളോടുള്ള സ്നേഹമാണ് നിറഞ്ഞുനിൽക്കുന്നത്. തമിഴ്, ഹിന്ദി, മറാഠി സ്പാനിഷ്, അർമീനിയൻ, റഷ്യൻ, ഉക്രെയിൻ, ഹീബ്രു അടക്കം നൂറ് ഭാഷകളിലെ കവിതകളും പാട്ടുകളും സൗപർണിക ചൊല്ലും.



കോവിഡ് കാലത്താണ് ചൈനീസ് ഭാഷയോട് ഇഷ്ടം തോന്നിയത്. പിന്നീട് കൊറിയൻ ഭാഷകളിലേക്കും പഠനം നീണ്ടു. എല്ലാം അർത്ഥം മനസ്സിലാക്കിയാണ് പഠിക്കുന്നത്. 'തമിഴ് വാക്കായ 'അപ്പ'യാണ് കൊറിയയിലും. 'അമ്മ' എന്നത് 'ഉമ്മ'യാണെന്ന് മാത്രം. അപ്പൂപ്പൻ എന്ന വാക്ക് 'അപ്പൂച്ചി' ആകുന്നു. ഒരുനാൾ എന്നത് 'നാൽ' എന്നാണ്. ഞാൻ എന്നത് കൊറിയയിൽ 'നാൻ': സൗപർണിക പറയുന്നു.

അറബിയിൽ പാടാനാണ് കൂടുതൽ ബുദ്ധിമുട്ടിയത്. എളുപ്പം വഴങ്ങിയത് സ്പാനിഷും. സ്പാനിഷ് സംസാരിക്കാനും പഠിച്ചു. കോട്ടയം കുമാരനല്ലൂർ കരിക്കണ്ടം വീട്ടിൽ താമസിക്കുന്ന സൗപർണിക 14 വർഷമായി നവയുഗ് ചിൽഡ്രൻസ് തിയേറ്ററുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. അച്ഛനുമായി ചേർന്ന് ഗസൽ അവതരിപ്പിക്കാറുണ്ട്. സഹോദരങ്ങൾക്കൊപ്പം ഒരു വെസ്റ്റേൺ സംഗീത ഗ്രൂപ്പും ഉണ്ടാക്കിയിട്ടുണ്ട്. ഇടവേളകളിൽ കേക്ക് നിർമിച്ച് പോക്കറ്റ്മണി സമ്പാദിക്കുന്ന സൗപർണികയുടെ അച്ഛൻ ആകാശവാണി കലാകാരൻ കെ.വി. താൻസൻ, അമ്മ ആർച്ച ആശ. സഹോദരങ്ങൾ: നവ്റോഷ്, ബ്രാഹ്മി.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# പിസിനാക്ക് ഭാരവാഹികൾ കേരളാ എക്സ്പ്രസ് ഓഫീസ് സന്ദർശിച്ചു

ചിക്കാഗോ: ഈ വർഷം ജൂലൈ നാലു മുതൽ ഏഴ് വരെ ഹൂസ്റ്റണിൽ വെച്ച് നടക്കുന്ന പിസിനാക്കിന്റെ ഭാരവാഹികൾ കേരളാ എക്സ്പ്രസ് ഓഫീസ് സന്ദർശിച്ചു. നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, നാഷണൽ സെക്രട്ടറി ബ്രദർ സജി ഫിലിപ്പ് എന്നിവരാണ് ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഓഫീസിൽ എത്തിയത്. ബ്ര. സജി ജോൺ, പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ് എന്നിവരും അവരോടൊപ്പം ഉണ്ടായിരുന്നു.

കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, മാനേജിംഗ് എഡിറ്റർ ഡോ. ടൈറ്റസ് ഈപ്പൻ, മാധ്യമപ്രവർത്തകൻ കുര്യൻ ഫിലിപ്പ് എന്നിവർ ചേർന്ന് അവരെ സ്വീകരിച്ചു. പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സിന്റെ മുപ്പത്തിയൊമ്പതാമത് കോൺഫറൻസിന് തിരശ്ശീല ഉയരാൻ കേവലം ചില ആഴ്ചകൾ മാത്രം ബാക്കി നിൽക്കേ സംഘാടകരിൽ കാണുന്ന ആത്മവിശ്വാസം തുടർന്ന് നടന്ന പത്രസമ്മേളനത്തിൽ അവർ വിവരിച്ചു.

നോർത്ത് അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡയിൽ നിന്നുമായി എണ്ണായിരത്തിൽ അധികം പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് അവർ അറിയിച്ചു. ഇന്ത്യയിൽ നിന്നും ഗൾഫിൽ നിന്നും മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ എത്തും. ഹൂസ്റ്റണിലെ ജോർജ് ആർ. ബ്രൗൺ കൺവൻഷൻ സെന്ററിൽ വ്യാഴാഴ്ച വൈകിട്ട് ആരംഭിക്കുന്ന സമ്മേളനം ഞായറാഴ്ച ഉച്ചയോടെ സമാപിക്കും.

ഇതിനോടകം വിവിധ സംസ്ഥാനങ്ങളിൽ നടന്ന പ്രമോഷണൽ മീറ്റിംഗ് വലിയ വിജയമായിരുന്നു. ചിക്കാഗോയിൽ പാസ്റ്റർ പി.സി. മാമ്മന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രൊമോഷണൽ മീറ്റിംഗിൽ അനേകർ പങ്കെടുത്തു. നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, സെക്രട്ടറി രാജു പൊന്നോലിൽ, ട്രഷറർ ബിജു തോമസ്, യൂത്ത് കോ-ഓർഡിനേറ്റർ റോബിൻ രാജു, ലേഡീസ് കോ-ഓർഡിനേറ്റർ ആൻസി സന്തോഷ് എന്നിവർ നേതൃത്വം നല്കി.




പിസിനാക്ക് രജിസ്ട്രേഷൻ കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പനിൽ നിന്ന് നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ ഏറ്റുവാങ്ങുന്നു. ഇല്ലിനോയി പ്രതിനിധി സജി ഫിലിപ്പ്, മാധ്യമപ്രവർത്തകൻ കുര്യൻ ഫിലിപ്പ്, പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ് എന്നിവർ സമീപം.

# വിശുദ്ധരുടെ നിരയിലേക്ക് വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസും

വത്തിക്കാൻ: ദിവ്യകാരുണ്യ ഭക്തിയിലൂടെ ശ്രദ്ധേയനായ വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി. കാർലോയുടെ മധ്യസ്ഥതയിൽ നടന്ന അദ്ഭുതത്തിന് മാർപാപ്പ അംഗീകാരം നൽകിയതോടെയാണു വിശുദ്ധപദവിയിലേക്കുള്ള വഴിതെളിഞ്ഞത്. ഇതോടൊപ്പം കോൺസൊലാറ്റ മിഷണറീസ് സഭാ സ്ഥാപകനും ഇറ്റാലിയൻ വൈദികനുമായ വാഴ്ത്തപ്പെട്ട ജുസേപ്പെ അല്ലാമാനോയെയും സിറിയയിലെ 11 രക്തസാക്ഷികളെയും വിശുദ്ധരായി നാമകരണം ചെയ്യാനും മാർപാപ്പ അംഗീകാരം നൽകി. ആഗോള കത്തോലിക്കാസഭ ജൂബിലി വർഷമായി ആചരിക്കുന്ന അടുത്ത വർഷം നാമകരണം നടന്നേക്കുമെന്നാണ് സൂചന.

നാമകരണ കാര്യങ്ങൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ മാഴ്സെല്ലോ സെമെരാരോ മെയ് 23-ന് ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി നവവിശുദ്ധരുമായി ബന്ധപ്പെട്ട വിവിധ ഉത്തരവുകൾക്ക് അംഗീകാരം നേടി.

1991 മെയ് മൂന്നിന് ലണ്ടനിൽ ജനിച്ച വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസ് പതിനഞ്ചാം വയസിൽ 2006 ഒക്ടോബർ 12-ന് ഇറ്റലിയിലെ മൊൻ



സായിൽ ലുക്കീമിയ ബാധിച്ചാണു മരിച്ചത്. മരണശേഷം അധികം വൈകാതെതന്നെ കാർലോയുടെ ജീവിതവിശുദ്ധിയെ അംഗീകരിക്കുന്നതിന് സഭയുടെ നാമകരണ നടപടിക്രമങ്ങൾ ആരംഭിക്കണമെന്ന അഭിപ്രായം കാർലോയെ അടുത്തറിഞ്ഞവരിൽനിന്നും ആത്മീയത തൊട്ടറിഞ്ഞവരിൽനിന്നും ഉയർന്നുവന്നിരുന്നു.

2013-ൽ നാമകരണ നടപടിക്രമങ്ങൾക്ക് മിലാൻ അതിരൂപതയിൽ കർദിനാൾ ആഞ്ചലോ സ്കോള തുടക്കം കുറിച്ചു. 2020-ൽ അസീസിയിൽവെച്ചാണ് ഫ്രാൻസിസ് മാർപാപ്പ കാർലോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്. ഭൗതികദേഹം അസീസിയിലാണു കബറടക്കിയിരിക്കുന്നത്. ലാറ്റിനമേരിക്കൻ രാജ്യമായ കോസ്റ്ററിക്കയിലെ വലേറിയ എന്ന പെൺകുട്ടിക്കു ലഭിച്ച അദ്ഭുത രോഗസൗഖ്യമാണ് വാഴ്ത്തപ്പെട്ട കാർലോയുടെ വിശുദ്ധ പദവിക്കു നിദാനമായത്.

സൈക്കിൾ അപകടത്തിൽ തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ് മരണത്തോടു മല്ലടിച്ചു ചികിത്സയിൽ കഴിയവേയാണ് വലേറിയയ്ക്ക് അദ്ഭുത സൗഖ്യമുണ്ടായത്. അപകടശേഷം വെന്റിലേറ്ററിലായിരുന്ന വലേറിയ ഏതു നിമിഷവും മരിക്കുമെന്ന അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് അമ്മ ലിലിയാന അസീസിയിലെത്തി വാഴ്ത്തപ്പെട്ട കാർലോയുടെ കബറിടത്തിൽ പ്രാർത്ഥിക്കുകയായിരുന്നു. അവരുടെ തീർത്ഥാടനം കഴിഞ്ഞ് പത്തു ദിവസത്തിനുശേഷം വലേറിയയെ തീവ്രപരിചരണ വിഭാഗത്തിൽനിന്നു മാറ്റുകയും പിന്നാലെ തലച്ചോറിനേറ്റ ക്ഷതം പൂർണമായും ഭേദമാകുകയും ചെയ്തു. അപകടംനടന്ന് രണ്ടുമാസത്തിനുശേഷം പൂർണ ആരോഗ്യവതിയായി 2022 സെപ്റ്റംബർ രണ്ടിന് വലേറിയയും അമ്മയും വാഴ്ത്തപ്പെട്ട കാർലോയുടെ കബറിടത്തിലെത്തി പ്രാർഥിക്കുകയും ചെയ്തിരുന്നു.

# ചാവറയച്ചൻ ഇനി പാഠപുസ്തകത്തിലും

കോട്ടയം: സ്കൂൾ പാഠപുസ്തകത്തിൽ കേരളത്തിലെ ആദ്യകാല സാമൂഹിക പരിഷ്കർത്താക്കളുടെ നിരയിൽ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും ഉൾപ്പെടുത്തി. ഏഴാംക്ലാസ് സാമൂഹികശാസ്ത്രം പുതിയ പുസ്തകത്തിന്റെ നാലാം അധ്യായത്തിലാണു പ്രമുഖരുടെ നിരയിൽ ചാവറയച്ചനും ഉൾപ്പെട്ടിരിക്കുന്നത്. ശ്രീനാരായണ ഗുരു, കുര്യാക്കോസ് ഏലിയാസ് ചാവറ, അയ്യ വൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, വക്കം അബ്ദുൾ ഖാദർ മൗലവി, പൊയ്കയിൽ യോഹന്നാൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, ദാക്ഷായണി വേലായുധൻ എന്നീ ക്രമത്തിലാണ് സാമൂഹിക പരിഷ്കർത്താക്കളുടെ നിരയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശ്രീനാരായണ ഗുരുവിനും മുന്നേ കേരള സമൂഹത്തിൽ സാമൂഹിക പരിഷ്കരണത്തിൽ നിർണായക പങ്കുവഹിച്ച ചാവറയച്ചനെ ഈ പട്ടികയിൽ ചേർക്കാത്തതിൽ വ്യാപക പ്രതിഷേധം ഉയർന്നിരുന്നു.

വിദ്യാഭ്യാസം, അയിത്തോച്ചാടനം, സാഹിത്യം, മാധ്യമപ്രവർത്തനം, ദളിത് ഉന്നമനം തുടങ്ങി വിവിധ തലങ്ങളിൽ നാടിന്റെ മുൻനിര നവോത്ഥാന നായകനാണ് സിഎംഐ സന്യാസസമൂഹത്തിന്റെ സ്ഥാപകനായ ചാവറയച്ചൻ. മാന്നാനത്ത് സംസ്കൃതപാഠശാല സ്ഥാപിച്ചതും കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിക്ക് തുടക്കമിട്ടതുമെല്ലാം അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകളായിരുന്നു.



# സൗത്ത് ഇന്ത്യൻ ചേംബർ യുഎസ് ഓഫ് കൊമേഴ്സ് ‘ഐ ഗ്ലാസ് ഡ്രൈവ്’ മേയർ കെൻ മാത്യു ഉദ്ഘാടനം ചെയ്തു

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ലയൺസ് ഫൗണ്ടേഷനുമായി ചേർന്ന് ‘ഐ ഗ്ലാസ് ഡ്രൈവി’നൊരുങ്ങി സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ്. ഉപയോഗിച്ച കണ്ണടകൾ വിവിധ സ്ഥലങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന ബോക്സുകളിൽ നിക്ഷേപിക്കുകയും അവിടെ നിന്ന് അവ ശേഖരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് അയച്ച് അവിടെ കാഴ്ച ശക്തിക്കു കുറവുണ്ടെങ്കിലും കണ്ണട വാങ്ങി ഉപയോഗിക്കുവാൻ ബുദ്ധിമുട്ടുന്ന ലക്ഷക്കണക്കിനു ആളുകൾക്ക് ആശ്വാസം നല്കുന്ന പദ്ധതിയാണ് ‘ഐ ഗ്ലാസ് ഡ്രൈവ്’. ലയൺസ് ഫൗണ്ടേഷൻ ഇങ്ങനെ ലഭിക്കുന്ന പഴയ കണ്ണടകൾ ഉപയോഗിക്കുന്ന ആളുകൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ റീസൈക്കിൾ ചെയ്താണ് അയ്ക്കുന്നത്.

ഐ ഗ്ലാസ് ഡ്രൈവ് എന്ന ഈ നൂതന പദ്ധതി മെയ് 19ന് ഞായറാഴ്ച സ്റ്റാഫോർഡിലുള്ള ചേംബർ ഹാളിൽ വെച്ച് സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് സഖറിയ കോശി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ജിജി ഓലിക്കൽ സ്വാഗതവും ഫിനാൻസ് ഡയറക്ടർ രമേശ് അത്തിയോടി നന്ദിയും പറഞ്ഞു. ചേംബർ അംഗങ്ങളോടൊപ്പം മേയർ കെൻ മാത്യുവിന്റെ പത്നിയും സമ്മേളനത്തിൽ സംബന്ധിച്ചു.

‘Vision is our mission-help others see clearly’ എന്ന ആപ്തവാക്യവുമായി നടത്തപ്പെടുന്ന ഈ പദ്ധതി ‘Lions Recycle for Sight Program’-ന്റെ ഭാഗമാണ്. നിങ്ങളുടെ ഉപയോഗശൂന്യമായ കണ്ണടകൾ മറ്റുള്ളവരുടെ കാഴ്ചയ്ക്ക് ഉപകരിക്കുന്നുവെങ്കിൽ അത് ഒരു പുണ്യമായി കരുതാം. നമുക്ക് നല്കാൻ കഴിയുന്ന ഒരു സമ്മാനമായി അതു സമർപ്പിക്കാം.

സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് (SIUCC) ഹൂസ്റ്റണിലെ വിവിധ ഗ്ലാസ് സ്റ്റോറുകളിലും ഇന്ത്യൻ കടകളിലും ഒരുക്കിവെക്കുന്ന പ്രത്യേക ബോക്സുകളിൽ നിങ്ങളുടെ കണ്ണടകൾ നിക്ഷേപിക്കാവുന്നതാണ്. ഈ മഹത് സംരംഭത്തിൽ പങ്കെടുത്ത് മങ്ങിയ കാഴ്ചയുണ്ടെങ്കിലും കാണാൻ കഴിയാത്തവർക്ക് ഒരു കൈത്താങ്ങാകുവാൻ നിങ്ങളുടെ വിലയേറിയ സഹകരണം പ്രതീക്ഷിക്കുന്നുവെന്ന് സംഘടനാ ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: സഖറിയ കോശി 281 780 9764, സണ്ണി കാരിക്കൽ 832 566 6806, ജിജി ഓലിക്കൽ 713 277 8001, രമേശ് അത്തിയോടി 832 860 3200, മോനി തോമസ് 713 922 0019, സാജു കുര്യാക്കോസ് 201 615 6765.







# ഹൂസ്റ്റണിൽ കാറ്റിക്കിസം ഫെസ്റ്റ് അതിഗംഭീരമായി നടത്തപ്പെട്ടു

**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ മതബോധന കുട്ടികൾക്കായി എല്ലാ വർഷവും നടത്തപ്പെടുന്നതുപോലെ ഈ വർഷവും കാറ്റിക്കസം ഫെസ്റ്റ് മെയ് 19-ന് ഞായറാഴ്ച നടത്തപ്പെട്ടു.

രാവിലെ 9.30-നുള്ള ഇംഗ്ലീഷ് കുർബാനയ്ക്കു ശേഷം കുട്ടികൾക്കായി വിവിധങ്ങളായ വിനോദപരിപാടികളും മത്സരങ്ങളും വ്യത്യസ്തങ്ങളായ കളികളും നടത്തപ്പെട്ടു.

ഇടവക വികാരി ഫാ. അബ്രാഹം മുത്തോലത്ത് ചടങ്ങുകൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

രുചികരമായ നാടൻ ഭക്ഷണങ്ങളും ക്രമീകരിച്ചിരുന്നു. അച്ചായൻസ് തട്ടുകട, പിസ്സ സ്റ്റാളുകൾ, ശീതളപാനീയങ്ങൾ, ലഘുഭക്ഷണ സ്റ്റാളുകൾ, ലക്കിഡിപ്പുകൾ, ഹെന്ന കൗണ്ടറുകൾ, പോണി റൈഡുകൾ, ബാസ്കറ്റ്ബോൾ എന്നിവ ഫെസ്റ്റിന്റെ ആകർഷണങ്ങളായിരുന്നു.

ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും ഇതിൽ സജീവമായി പങ്കെടുക്കുകയും മെക്സിക്കൻ അമേരിക്കൻ തനിനാടൻ ഭക്ഷണങ്ങൾ എന്നിവ ആസ്വദിക്കുകയും ചെയ്തു.

പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജാസ്സിം ജേക്കബ്, ഷാജുമോൻ മുകളേൽ, ബാബു പറയങ്കാലയിൽ, ജോപ്പൻ പൂവപ്പാടത്ത്, ജോസ് പുളിക്കത്തൊട്ടിയിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ, എസ്.ജെ.സി. സിസ്റ്റേഴ്സ്, യുജനങ്ങൾ, ടീനേജേർസ് തുടങ്ങി എല്ലാവരും ഒറ്റക്കെട്ടായി ഫെസ്റ്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

സിബി പ്ലാംമൂട്ടിലും ബൈജു പഴയംപള്ളിലും നേതൃത്വം നല്കിയ ആട്, പ്രാവ്, ഛായാചിത്രങ്ങൾ എന്നിവയുടെ ലേലംവിളി അതിമനോഹരമായിരുന്നു.

ഉച്ചയ്ക്ക് ഒരു മണി മുതൽ ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ‘ദി ഹോപ്പ്’ എന്ന മലയാള ചലച്ചിത്രം പ്രദർശിപ്പിച്ചു.



ഇടവകയുടെ ഈ വർഷത്തെ കാറ്റിക്കിസം ഫെസ്റ്റ് വിജയകരമാക്കുന്നതിന് സഹകരിച്ച എല്ലാ ഇടവകജനങ്ങളോടും ഹൃദയപൂർവം നന്ദി അറിയിക്കുന്നുവെന്ന് വികാരി ഫാ. അബ്രാഹം മുത്തോലത്തും ഡിആർഇ ജോൺസൻ വട്ടമറ്റത്തിലും അറിയിച്ചു.

# കെ.എൽ.എസ് – ലാന ലിറ്ററി ക്യാമ്പ് വിജയകരമായി



മീനു എലിസബത്ത്

ഓബ്രി - ടെക്സസ്: മെയ് 10, 11, 12 തീയതികളിൽ കേരള ലിറ്ററി സൊസൈറ്റിയും ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയും സംയുക്തമായി വിന്റർ ഹെവൻ റാഞ്ചിൽ നടത്തിയ മലയാളം ലിറ്ററി ക്യാമ്പ് അതീവ വിജയകരമായി സമാപിച്ചു.

മെയ് പത്തിന് വെള്ളിയാഴ്ച കെ.എൽ.എസ് പ്രസിഡണ്ട് ഷാജു ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം പ്രമുഖ ചലച്ചിത്രതാരവും എഴുത്തുകാരനുമായ തമ്പി ആന്റണി ഉദ്ഘാടനം ചെയ്തു. തുടർന്ന് തമ്പി ആന്റണി നിർമ്മിച്ച ഹെഡ്മാസ്റ്റർ എന്ന സിനിമ പ്രദർശനം ചെയ്യുകയുണ്ടായി. (മൺമറഞ്ഞ സാഹിത്യകാരൻ കാരൂർ നീലകണ്ഠപ്പിള്ളയുടെ പ്രശസ്ത നോവലായ പൊതിച്ചോറാണ് മൂലകഥ). തുടർന്നുണ്ടായ ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുത്തു. മനോഹരങ്ങളായ തന്റെ സിനിമകൾ കൊണ്ടും സീരിയലുകൾ കൊണ്ടും മലയാള സിനിമയിൽ മുൻനിരയിലെത്തിയ പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഷാജിയെം, മലയാള സിനിമാ സംഗീത രംഗത്തെ പുതിയ വാഗ്ദാനമായ പ്രശസ്ത സിനിമാ ഗാനരചയിതാവ് ജോ പോൾ ഇവരെല്ലാമായിരുന്നു ക്ഷണിക്കപ്പെട്ട അതിഥികൾ.

ശനിയാഴ്ച രാവിലെ നടത്തപ്പെട്ട സൂം മീറ്റിങ്ങിൽ കേരളത്തിൽ നിന്ന് ലാനയിലെ അംഗങ്ങൾക്ക് ചിരപരിചിതനായ പ്രശസ്ത ചെറുകഥാകൃത്ത് അർഷാദ് ബത്തേരി മുഖ്യപ്രഭാഷണം നടത്തി. പുതിയ കാലത്തെ വായനയും എഴുത്തിനെയും ആസ്പദമാക്കി കാരൂർ കഥകളിലൂടെ അർഷാദ് ബത്തേരി നടത്തിയ സഞ്ചാരം തീർച്ചയായും ഒരു വേറിട്ട അനുഭവമായിരുന്നു. അമേരിക്കയുടെയും കേരളത്തിന്റെയും നാനാഭാഗത്തു നിന്ന് ലാനയുടെ അംഗങ്ങൾ സൂം മീറ്റിങ്ങിൽ പങ്കെടുത്തു. കെ.എൽ.എസ് മുൻ പ്രസിഡണ്ട് അനുപയായിരുന്നു സൂം മീറ്റിങ്ങിൽ അവതാരക.

കെ.എൽ.എസ് സ്ഥാപക നേതാക്കളിലൊരാളും ആദ്യപ്രസിഡണ്ടുമായിരുന്ന മൺമറഞ്ഞ മനയിൽ ചാക്കോച്ചന്റെ പേരിലുള്ള 2023 കെ.എൽ.എസ് ജേക്കബ് മനയിൽ കവിതാ പുരസ്കാരത്തിന് കവിയും അഭിനേത്രിയുമായ ബിന്ദു ടിജി അർഹയായി. മീറ്റിങ്ങിൽ ഷാജി മാത്യു തന്റെ അമ്മാവനായ മനയിൽ ചാക്കോച്ചനെ അനുസ്മരിച്ച് ചെറുപ്രസംഗം നടത്തി. സംവിധായകൻ ഷാജിയെമ്മിൽ നിന്ന് പ്രശസ്തി പത്രവും കെ.എൽ.എസ് ട്രഷറർ സി.വി. ജോർജിൽ നിന്ന് ക്യാഷ് അവാർഡും മത്സര വിജയിയായ ബിന്ദു ടിജി ഏറ്റുവാങ്ങുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

തുടർന്ന് ബിന്ദു ടിജിയുടെ നേതൃത്വത്തിൽ നടന്ന കവിതാ ചർച്ചയിൽ സിനിമ ഗാനരചയിതാവായ ജോ പോൾ, സാഹിത്യ സംഗീത ആസ്വാദകയും റിട്ടയേർഡ് അദ്ധ്യാപികയുമായ സാറാ ടീച്ചർ, കവി പ്രിയ ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു. കവിതയുടെ ആഴങ്ങളെന്ന വിഷയത്തെ ആസ്പദമാക്കി ബിന്ദു ടിജി സംസാരിച്ചു. വിവിധ തലമുറകൾ കവിതയെ നോക്കിക്കാണുന്ന രീതിയിലെ വൈവിധ്യം ചർച്ചയെ മറ്റൊരു തലത്തിലേക്ക് എത്തിച്ചുവെന്നു പറയാം.

അനിലാൽ ശ്രീനിവാസന്റെ നേതൃത്വത്തിൽ 'കഥ വരുന്ന വഴി'യെക്കുറിച്ചുള്ള ചർച്ച നടന്നു. രസകരമായിരുന്ന ഈ ചർച്ചയിൽ എഴുത്തുകാരായ തമ്പി ആന്റണി, ശങ്കർ മന, ഷാജു ജോൺ എന്നിവരായിരുന്നു പാനലിസ്റ്റുകൾ. അനിലാലിന്റെ പുതിയ പുസ്തകമായ ഫിത്ർ സകാത്തിന്റെ കവർ പ്രകാശനം തമ്പി ആന്റണി നിർവഹിച്ചു.

ഡാളസിലെ യുവജനങ്ങളുടെ ഹരമായ ഹ്രസ്വചിത്രസംവിധായക ജിജി സ്കറിയയുടെ നേതൃത്വത്തിൽ നടന്ന 'സിനിമയും പോപ്കോണും' എന്ന സിനിമാ സാഹിത്യ ചർച്ചയിൽ ഹ്രസ്വചിത്ര സംവിധായകൻ കൂടിയായ അനിലാൽ ശ്രീനിവാസൻ, പ്രസിദ്ധ സിനിമാ സംവിധായകൻ ഷാജിയെം, സിനിമാ ഗാനരചയിതാവായ ജോ പോൾ എന്നിവർ പാനലിസ്റ്റുകളായിരുന്നു. പടർന്നു പന്തലിച്ചു തണൽവിരിച്ചു നിൽക്കുന്ന വലിയ സിർക്കോയ മരങ്ങളുടെ ചുവട്ടിൽ വട്ടംകൂടിയിരുന്ന് നടത്തിയ ഈ കൂട്ടായ്മ ചിരിക്കും ചിന്തയ്ക്കും ഒപ്പം വഴി നല്കി.

ഡാളസിലെ നാടകരംഗത്തെ നിറസാന്നിദ്ധ്യമായ ഹരിദാസും സന്തോഷ് പിള്ളയും ജയമോഹനും ചേർന്ന് ഡാളസ് ഭരതകലാ തിയേറ്റേഴ്സിന്റെ ബാനറിൽ തിരക്കഥ തയ്യാറാക്കിയ എഴുത്തച്ഛൻ നാടകത്തിന്റെ വീഡിയോ റെക്കാർഡിംഗ് ശനിയാഴ്ച വൈകിട്ട് പ്രദർശിപ്പിക്കപ്പെട്ടു. തലമുതിർന്ന സാഹിത്യകാരൻ സി. രാധാകൃഷ്ണൻ സാറിന്റെ 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന നോവലാണ് നാടകത്തിന്റെ അടിസ്ഥാനം. പ്രദർശനത്തെ തുടർന്ന് കാണികളുടെ ചോദ്യങ്ങൾക്ക് രംഗസംവിധായകരിലൊരാളും സഞ്ചാര സാഹിത്യകാരനും കെ.എൽ.എസ് അംഗവുമായ സന്തോഷ് പിള്ള ഉത്തരം നല്കി.

സാഹിത്യവും സംഗീതവും സിനിമയും നാടകവും ഒരു കുടക്കീഴിൽ ചർച്ചയ്ക്കെടുത്ത് നടത്തിയ മീറ്റിങ്ങിനെ പങ്കെടുത്തവർ പ്രശംസിച്ചു.





യൂണിവേഴ്സിറ്റി ഓഫ് ആസ്റ്റിൻ പ്രൊഫസർ ദർശന മനയത്തും പത്രപ്രവർത്തകരായ പി.പി. ചെറിയാൻ, സണ്ണി മാളിയേക്കൽ തുടങ്ങിയവരും കെ.എൽ.എസിന്റെയും ലാനയുടെയും അംഗങ്ങളും എഴുത്തുകാരുമായ അനിലാൽ എസ്, ജോസ് ഓച്ചാലിൽ, മീനു എലിസബത്ത്, സി.വി. ജോർജ്, അനശ്വർ മാമ്പിള്ളി, സന്തോഷ് പിള്ള, അനുപ, ബാജി ഓടംവേലി, സാറ ടീച്ചർ തുടങ്ങിയവരും സജീവമായി പങ്കെടുത്തു.





മദേഴ്സ് ഡേയും നേഴ്സസ് ഡേയും ഒരുമിച്ചു വന്ന ഞായറാഴ്ച അമ്മമാരെയും നേഴ്സുമാരെയും ആദരിക്കുവാൻ സംഘാടകർ മറന്നില്ല. റോസാപ്പൂക്കളും ചോക്ലറ്റുകളും പാട്ടുകളും കവിതകളും ചെറുപ്രസംഗങ്ങളുമായി അമ്മമാരുടെ ദിനം അതീവ മനോഹരമാക്കിയത് അമ്മമാരും നേഴ്സുമാരും നന്ദിയോടും സ്നേഹത്തോടും ഏറ്റുവാങ്ങി.





ട്രഷറർ സി.വി. ജോർജ് സാമ്പത്തിക ക്രമീകരണങ്ങളും രജിസ്ട്രേഷനും അതീവ കൃത്യതയോടെ നിർവഹിച്ചു. ജിജി സ്കറിയായുടെ നേതൃത്വത്തിലായിരുന്നു മുഴുവൻ ട്രാൻസ്പോർട്ടേഷനും നടന്നത്. യൂത്ത് ഓഫ് ഡാളസ് എന്ന സംഘടനയുടെ ചെറുപ്പക്കാരും അതിനായി സമയോചിതമായി പ്രയത്നിച്ചു. ജിജി സ്കറിയയുടെ നിസ്വാർത്ഥ സേവനം ക്യാമ്പിന്റെ പല മേഖലയിലും സുവ്യക്തമായിരുന്നു.





മീനു എലിസബത്ത്, സുനിത ഹരിദാസ് എന്നിവരാണ് ഭക്ഷണ ക്രമീകരണങ്ങൾക്ക് പ്രധാന നേതൃത്വം നല്കിയത്. ആൻസി ഓച്ചാലിൽ, റോസമ്മ ജോർജ്, ഡോ. നിഷ ജേക്കബ്, ജൂലി രാജേഷ്, മിനി ബാജി, അൽഫോൻസാ ഷാജു, ഷാജി മാത്യു, ജിജി സ്കറിയ, മഞ്ജു ജിജി, ബാജി ഓടംവേലിൽ, ഷിജു ഏബ്രഹാം എന്നിവരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളും എടുത്തു പറയേണ്ടിയിരിക്കുന്നു.

സമയബന്ധിതമായി രുചിയും വ്യത്യസ്തതയുമുള്ള ഭക്ഷണം വിളമ്പിയ ഫുഡ് കമ്മിറ്റി അംഗങ്ങൾക്ക് വിരുന്നുകാരുടെയും വീട്ടുകാരുടെയും അഭിനന്ദനങ്ങൾ ധാരാളം ലഭിക്കുകയുണ്ടായി.

കെ.എൽ.എസ് അംഗങ്ങളുടെ ക്ഷണം സ്വീകരിച്ച് തന്റെ സ്വന്തം മൈക്ക് സിസ്റ്റവുമായി വന്ന് ക്യാമ്പിന്റെ ഒഴിവ് സമയങ്ങളിലും സന്ധ്യകളിലും പാട്ടും ഗാനമേളയുമായി അംഗങ്ങൾക്കൊപ്പം കൂടിയ ചാക്കോ വർക്കിയുടെ (ഷാജി) നിസ്വാർത്ഥ സേവനം ഇതിന്റെ കൂടെച്ചേർത്തെഴുതുന്നു.

കൗ ബോയ്, കൗ ഗേൾ വേഷത്തിൽ അംഗങ്ങൾ കുതിരാലയങ്ങൾ സന്ദർശിക്കുകയും ജിജി സ്കറിയയുടെ ക്യാമറയ്ക്ക് മുന്നിൽ പാട്ടുപാടി നൃത്തം ചെയ്തതുമെല്ലാം മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു. സ്കാർഫും കൗബോയ് ഹാറ്റും അണിഞ്ഞു 'മിയ' എന്ന റാഞ്ച് ഹോഴ്സിനൊപ്പം ചിത്രമെടുക്കൽ സംഘടിപ്പിച്ച കമ്മിറ്റിക്കാർക്ക് ഹാറ്റ്സ് ഓഫ് കൊടുത്തേ മതിയാകൂ.



സന്ധ്യാസമയങ്ങളിൽ തുടങ്ങിയ അന്താക്ഷരിയിൽ പാതിരാവു വരെ അംഗങ്ങൾ പങ്കെടുത്തു രസിച്ചു. ഹരിദാസും ഷാജുവും ഗാനമേളകൾക്ക് നേതൃത്വം നല്കി. സ്വിമ്മിങ് പൂളിനരികിലെ ക്യാമ്പ് ഫയറും മാഷ്മെലോ റോസ്റ്റിങ്ങും ഡാൻസും കവിത ചൊല്ലലും പാട്ടുമെല്ലാമായി രണ്ട് രാവുകൾ പെട്ടെന്ന് തീർന്നപ്പോൾ പിരിഞ്ഞുപോകൽ എപ്പോഴത്തേയും പോലെ പ്രയാസമായിരുന്നു.

ഡാളസ് ഫോർട്ട് വർത്ത് എയർപോർട്ടിൽ നിന്നും ഒരു മണിക്കൂർ ദൂരത്തിൽ ഒബ്രിയെന്ന ചെറിയ ഒരു ഗ്രാമത്തിൽ ഏകദേശം മുപ്പത് ഏക്കറിൽ ധാരാളം മരങ്ങളും കാടുകളും മനോഹരമായ നീലത്തടാകങ്ങളും വിശാലമായ നടപ്പാതകളും കുതിരാലയങ്ങളിൽ നിറയെ കുതിരകളും നിറഞ്ഞ വിൻഡ് ഹെവൻ റാഞ്ചിലായിരുന്നു ഈ സമ്മേളനം. നഗരത്തിന്റെ തിരക്കിൽ നിന്നൊഴിഞ്ഞു പ്രകൃതി രമണീയവും ശാന്തവും സ്വസ്ഥവുമായ റാഞ്ചിന്റെ വശ്യത അംഗങ്ങൾക്ക് എന്തുകൊണ്ടും പുതിയ ഒരനുഭവം തന്നെയായിരുന്നുവെന്ന് നിസ്സംശയം പറയാം.

2025 - ലെ ലാനയുടെ ലിറ്ററി ക്യാമ്പ് നാഷ്വിൽ ടെന്നസിയുടെ മലമടക്കുകളിൽ നടക്കുമ്പോൾ ഇതിലും മനോഹരമായിരിക്കട്ടെയെന്ന് നമുക്ക് ആഗ്രഹിക്കാം.





അതീവ വിജയമായിരുന്ന ക്യാമ്പിന്റെ പ്രധാന സംഘാടകത്വം ലാനയെ പ്രതിനിധീകരിച്ച് ലാന സെക്രട്ടറി സാമുവൽ യോഹന്നാനും കേരളാ ലിറ്ററി സൊസൈറ്റിക്കു വേണ്ടി സെക്രട്ടറി ഹരിദാസ് തങ്കപ്പനും നിർവഹിച്ചു. ലാന പ്രസിഡണ്ട് ശങ്കർ മനയിലിന്റെയും കെ.എൽ.എസ് പ്രസിഡണ്ട് ഷാജു ജോണിന്റെയും ട്രഷറർ സി.വി. ജോർജിന്റെയും ജോ. ട്രഷറർ അനശ്വർ മാമ്പിള്ളിയുടെയും ഫുഡ് കമ്മിറ്റി ചെയർ മീനു എലിസബത്തിന്റെയും പിന്തുണ സ്തുത്യർഹമായി.

ഈ മീറ്റിങ്ങിനു സാമ്പത്തിക സഹായങ്ങൾ തന്നു സഹായിച്ചവർ താഴെപ്പറയുന്ന വ്യക്തികളും അവരുടെ സ്ഥാപനങ്ങളുമാണ്: ഷിജു ഏബ്രഹാം ഫിനാൻഷ്യൽ സർവീസസ് (ഷിജു ഏബ്രഹാം), കേറ്റർ ട്റ്റു യു ഹോം ഹെൽത്ത് കെയർ, ടെക്സാസ് ഹോസ്പിസ് സെർവിസ് ഹെൽത്ത് കെയർ (ഷാജു ജോൺ). എം.എസ്.എൽ ഹെൽത്ത് കെയർ (റോയി പി. ടി. ആൻഡ് ലീലാമ്മ ഐസക്), ടൊയോട്ട ഓഫ് പ്ലാനോ (അൻവർ അച്ചൻകുഞ്ഞ്), ന്യൂയോർക്ക് ലൈഫ് (സാമുവൽ യോഹന്നാൻ), ഇമ്പാക്ട് ടാക്സ് (സുബിൻ മാത്യൂസ് സിപിഎ), ടെക്സാസ് പ്രോപ്പർട്ടി ബ്രോക്കേഴ്സ് - (അനിൽ മാത്യു).

ചെറിയാൻ ചൂരനാട് എയർ കണ്ടീഷൻ, ജോജോ കാർ റിപ്പയർ (ജോജോ കോട്ടക്കൽ), സണ്ണി ജോർജ് എ.സി റിപ്പയർ എന്നിവർ എല്ലാവർക്കും സംഘാടകരുടെ നന്ദി.

നവംബർ ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ ന്യൂയോർക്കിൽ വെച്ച് നടക്കുന്ന ലാന മീറ്റിങ്ങിൽ വീണ്ടും കണ്ടുമുട്ടാമെന്ന പ്രതീക്ഷയോടെ വിന്റർ ഹെവൻ റാഞ്ചിൽ നിന്നും വിടപറയുമ്പോൾ അവിസ്മരണീയമായ മൂന്നു ദിവസങ്ങൾ എത്ര പെട്ടെന്ന് കഴിഞ്ഞുപോയെന്ന അത്ഭുതമായിരുന്നു എല്ലാവർക്കും.







# സെ. മേരീസ് ക്നാനായ ഇടവകയിൽ വിവാ ഇൽ ഗോസ്പൽ ക്വിസ് മത്സരം സംഘടിപ്പിച്ചു

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു.

ചെറുപുഷ്പ മിഷൻ ലീഗിന്റെ ഇടവകയിലെ കഴിഞ്ഞ ഒരു വർഷത്തെ വിപുലമായ പ്രവർത്തനങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് നടത്തപ്പെട്ട ക്വിസ് മത്സരത്തിൽ സി.എം.എൽ-ന്റെ ഇടവകയിലെ 12 ഗ്രൂപ്പുകളിൽ നിന്നും ആദ്യഘട്ട ക്വിസ് മത്സരത്തിൽ വിജയികളായ 12 ടീമുകളാണ് പങ്കെടുത്തത്.

മൂന്നു റൗണ്ടുകളായി നടത്തപ്പെട്ട ഫൈനൽ മത്സരത്തിൽ സാന്ദ്രാ കുന്നശ്ശേരിൽ, ജോസഫ് മാപ്ലേറ്റ്, ഐസക്ക് മറ്റത്തിൽ എന്നിവർ ഉൾപ്പെട്ട സിഎംഎൽ സെന്റ് മേരീസ് ഗ്രൂപ്പ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ആൻഡ്രൂ തേക്കുംകാട്ടിൽ, ഡാനി വളത്താറ്റ്, നേഥൻ പള്ളിയാരുതുണ്ടത്തിൽ എന്നിവരടങ്ങിയ സിഎംഎൽ സെന്റ് സ്റ്റീഫൻസ് ഗ്രൂപ്പ് രണ്ടാംസ്ഥാനവും എൽവിയ ചേലമലയിൽ, മേഗൻ മണിയാട്ടെൽ, ജെന്നിഫർ കൊച്ചികുന്നേൽ എന്നിവരടങ്ങിയ സിഎംഎൽ മദർ തെരേസാ ഗ്രൂപ്പ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



മത്സര വിജയികൾക്കു പുറമെ തുടർച്ചയായ 29 ആഴ്ചകളായി സുവിശേഷം പകർത്തിയെഴുതി ഇടവകയിൽ സമർപ്പിച്ച സിഎംഎൽ അംഗങ്ങൾക്കും ഏറ്റവും മനോഹരമായി സുവിശേഷത്തിന്റെ പകർത്തിയെഴുത്തു പൂർത്തീകരിച്ച ജെന്നിഫർ കൊച്ചുകുന്നേലിനും പുരസ്കാരങ്ങൾ സമ്മാനിച്ചു. സുവിശേഷം പകർത്തിയെഴുത്തിൽ ഏറ്റവും മികച്ച പങ്കാളിത്തം കാഴ്ചവെച്ച സെന്റ് മേരീസ് ഗ്രൂപ്പിന്റെ കോ-ഓർഡിനേറ്റേഴ്സ് സിജി മ്യാലിൽ, ലിയാ കുന്നശ്ശേരി എന്നിവർക്കും സമ്മാനങ്ങൾ നല്കി ആദരിച്ചു.

ഇടവകയിലെ ഏറ്റവും സജീവമായ മിനിസ്ട്രിയായിക്കൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലമായി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച എല്ലാ സിഎംഎൽ അംഗങ്ങളെയും അവരെ പിന്തുണയ്ക്കുന്ന മാതാപിതാക്കളെയും മിനിസ്ട്രിക്കു വേണ്ടി നിസ്വാർത്ഥമായ സേവനം നല്കുന്ന സിഎംഎൽ കോ-ഓർഡിനേറ്റേഴ്സിനെയും അഭിനന്ദിക്കുന്നതായി വികാരി ഫാ. സിജു മുടക്കോടിൽ തന്റെ ആമുഖപ്രസംഗത്തിൽ അറിയിച്ചു.

സിഎംഎൽ ഡയറക്ടർ ജോജോ അനാലിൽ, മതബോധന സ്കൂൾ പ്രിൻസിപ്പാൾ സജി പൂതൃക്കയിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, വിസിറ്റേഷൻ കോൺവന്റിലെ സിസ്റ്റേഴ്സ്, സമയ തേക്കുംകാട്ടിൽ, ആനീസ് മണ്ണൂക്കുന്നേൽ, ജ്യോതി ആലപ്പാട്ട്,

**അനിൽ മറ്റത്തിക്കുന്നേൽ**

ബിബി നെടുംതുരുത്തി പുത്തൻപുരയിൽ, ബെറ്റ്സി മാപ്ലേട്ട്, സൂര്യ കരികുളം, ബിനു ഇടകര, ജിനോ പൂത്തുറയിൽ എന്നിവർ നേതൃത്വം നല്കി. ക്രിസ് കട്ടപ്പുറം, ധന്യ എന്നിവർ എംസിമാരായി മത്സരങ്ങൾ നിയന്ത്രിച്ചു. അലക്സ് ചക്കാലയ്ക്കൽ, മജോ കുന്നശ്ശേരിൽ, അനിൽ മറ്റത്തിക്കുന്നേൽ, ഡൊമിനിക് ചൊള്ളമ്പേൽ എന്നിവർ സാങ്കേതിക-പശ്ചാത്തല സഹായങ്ങൾ നല്കി. കൈക്കാരന്മാരായ സാബു കട്ടപ്പുറം, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിൽപറമ്പിൽ, ബിനു പൂത്തുറയിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ മത്സരങ്ങളുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.



# പ്രഫ. പി.ജെ. കുര്യന് ചിക്കാഗോയിൽ സ്വീകരണം

ചിക്കാഗോ: ഹ്രസ്വസന്ദർശനത്തിനായി ചിക്കാഗോയിൽ എത്തിയ പ്രമുഖ കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ പ്രഫ. പി.ജെ. കുര്യന് ഒഐസിസി ചിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം നല്കി. മെയ് 19-ന് ഞായറാഴ്ച വൈകിട്ട് ആറിന് മൗണ്ട് പ്രോസ്പെക്ടിലുള്ള ട്രിലോക് റെസ്റ്റോറന്റിൽ കൂടിയ യോഗത്തിൽ നിരവധി കോൺഗ്രസ് പ്രവർത്തകർ പങ്കെടുത്തു.

**സാൽബി ചേന്നോത്ത്**



ഇപ്പോൾ നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ജൂൺ നാലിന് വോട്ടെണ്ണൽ പൂർത്തിയാകുമ്പോൾ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യാ സഖ്യം 300 സീറ്റുകൾ നേടി അധികാരത്തിൽ വരുമെന്ന് പ്രഫ. പി.ജെ. കുര്യൻ പറയുകയുണ്ടായി. ഇന്ത്യയുടെ ജനാധിപത്യ മൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിന് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഭരണത്തിനു മാത്രമേ സാധിക്കുകയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ തെരഞ്ഞെടുപ്പിന് ഒഐസിസി ചിക്കാഗോയുടെ നേതൃത്വത്തിൽ നല്കിയ അകമഴിഞ്ഞ സംഭാവനകളെ അദ്ദേഹം പ്രത്യേകം പ്രശംസിക്കുകയുണ്ടായി. ഒഐസിസി ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ലൂയി ചിക്കാഗോയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഒഐസിസി നോർത്തേൺ റീജിയൻ ചെയർമാൻ ഡോ. സാൽബി പോൾ ചേന്നോത്ത് ഏവർക്കും സ്വാഗതമാശംസിച്ചു. നാഷണൽ വൈസ് ചെയർമാൻ ഗ്ലാഡ്സൺ വർഗീസ്, ജോർജ് ജോസഫ് കൊട്ടുകാപ്പിള്ളി, റിൻസി കുര്യൻ, രാജു പുതുപ്പള്ളി, ജോർജ് മാത്യു, റോയ് ജോൺ, ഏബ്രഹാം മാത്യു, ഏബ്രഹാം ജോർജ്, റോയ് തോമസ്, മോൻ വർഗീസ് തുടങ്ങിയ നിരവധി പേർ ആശംസകളർപ്പിച്ചു സംസാരിച്ചു.

# ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഇടവകയിൽ പ്രഥമദിവ്യകാരുണ്യ സ്വീകരണം നടത്തി





ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ ആഘോഷമായ പ്രഥമദിവ്യകാരുണ്യ സ്വീകരണം നടത്തപ്പെട്ടു. മൂന്നാം ക്ലാസിലെ മതബോധന വിദ്യാർത്ഥികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് നടന്നു. കോട്ടയം അതിരൂപതയുടെ വലിയ പിതാവ് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികനായിരുന്നു.

ഇടവക വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ഫാ. സിജു മുടക്കോടിൽ, ഫാ. ജോബി കണ്ണാല എന്നിവർ സഹകാർമ്മികരായിരുന്നു.


പതിനൊന്ന് കുട്ടികളാണ് ഈ വർഷം വിശുദ്ധ കുർബാന സ്വീകരിച്ചത്. ആൻസി ചേലയ്ക്കൽ, മഞ്ജു ചകിരിയാംതടം എന്നീ അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് കുട്ടികൾ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് ഒരുങ്ങിയത്.


കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട്, കെസിഎസ് പ്രസിഡണ്ട് ജെയ്ൻ മാക്കീൽ എന്നിവർ വിശുദ്ധ കുർബാന സ്വീകരിച്ച കുട്ടികളെ അഭിനന്ദിച്ചു. കെസിഎസ് ഭാരവാഹികളായ സിബു കുളങ്ങര, ജിനോ കക്കാട്ടിൽ, തോമസ്കുട്ടി സജി, ബിനോയി സ്റ്റീഫൻ കിഴക്കനടി എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് ഉപഹാരങ്ങളും നല്കി.



ഈ കുട്ടികളുടെ വിശ്വാസ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ദിവസമായ ആഘോഷമായ ആദ്യകുർബാന സ്വീകരണത്തിൽ പങ്കെടുത്ത് അവർക്കുവേണ്ടി പ്രാർത്ഥിച്ച് അനുഗ്രഹപ്രദമാക്കാൻ പ്രയത്നിച്ച ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മാതാപിതാക്കൾ, ഡിആർഇ സക്കറിയ ചേലക്കൽ, ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവരെ വികാരി ഫാ. തോമസ് മുളവനാലും അസി. വികാരി ഫാ. ബിൻസ് ചേത്തലിലും അഭിനന്ദിച്ചു.




MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION


TRISTATE KERALA FORUM
TRISTATE KERALA FORUM PHILADELPHIA
"ആരവം 2K24"
August 31st Saturday, 2K24 @ 12:00 PM
VENUE :
SYRO MALABAR CHURCH AUDITORIUM,
608 WELSH RD, PHILADELPHIA, P A - 19115
Participants wanted for Megathiruvathira and Stage performances!!
For more information please contact:
Abhilash john
Chairman
267 701 3623
Binu Mathew
General Secretary
267 893 9571
Philipose cherian
Treasurer
215 605 7310
Joby George
Onam Chairman
215 470 2400
Vincent Emmanuel
Program Coordinator
215 880 3341
Asha Augustin
Vice Chairperson
267 844 8503

# INDIA'S ELECTION COMMISSION: MURDER OF AN INSTITUTION

George Abraham

Ever since the BJP/RSS came to power with Narendra Modi at its helm, institutions built under the Nehruvian-Ambedkar vision have been facing either servitude or total decimation. India's election commission, one of the revered pillars of Indian Democracy, appeared to have suffered the same fate as many others in their ongoing battle to move the nation towards a majoritarian rule rooted in the Hindutva philosophy.

Under the visionary leadership of Jawaharlal Nehru and B.R. Ambedkar, India has created institutions that preserved freedom and Democracy for everyone. If we look back at history, many other countries that have gained independence along with India failed in their quest to safeguard freedom for their citizens. However, India has succeeded, whereas others have failed only because of those institutions that stood the test of time. Undoubtedly, the Election Commission is one institution that conducts free and fair elections and guarantees peaceful power transfer to the victor of the people's mandate every time.

BJP was only interested in free and fair elections until they reached the pinnacles of the power structure. Soon, they started meddling all around, weakening institutions, muzzling media, and intimidating and removing civil society, all in their quest to perpetuate power and establish long-lasting control over every segment of society. In their second term, they must have been anxious for their tenuous hold on power, considering their mammoth failures in tackling the nation's pressing problems, such as rampant inflation, youth unemployment, and unrest in the agricultural sector.

Towards that end, they have decided to remake the Election Commission to make it a handmaiden, a blow to Democracy and the established constitutional order. Democracy means that all the people in a nation have a say in one way or another in everything that affects their lives. That was the point of contention for a party like the BJP, which believed in majoritarian governance. Democracy is also a controversial concept often misused by dictators and single-party regimes to assert popular support to justify their power grab.

The Indian Constitution Article 324 establishes an independent election commission; Article 327 empowers Parliament to enact laws governing all aspects of elections. Article 329 provides a mechanism for resolving electoral disputes through review by an independent judiciary. These articles reflect the clear preference of the constituent assembly to ensure the autonomy and independence of the ECI, protecting it from Executive interference (Devi and Mendiratta, 2000). ECI has been considered one of the most trusted public institutions in India that ensured integrity and conducted 17 national and 370 state elections since India's independence in one of the most populous countries in the world.

However, what has been happening during this election cycle under the watch of the current E.C. is genuinely disconcerting and tantamount to betraying their sacred duty as the chief guardian of Democracy in exercising their impartial judgment in the conduct of a free and fair election. The move to reorganize the ECI outside of



George Abraham

the collegium, outlined by the Supreme Court, where the prime minister, the chief justice, and the opposition leader together choose election commissioners, was a grave mistake. As a result, the independence of the ECI has been lost, and it has become another instrument in the hands of an administration with a history of subjugation to achieve its political ends.

Consequently, the court system is forced to work extra hours and sit in judgment on the issue of compliance with the election laws or with the moral code of conduct violations by the parties or their candidates. The court has directly intervened and criticized the election commission for failing to address various complaints nationwide. E.C. has not taken any action on the complaints against the Prime Minister even after a month for violating the moral code by explicitly attacking a minority community in his campaign speeches. In that regard, E.C. sent a notice to the BJP President rather than the individual who made that offending statement. To any independent observer, it becomes clear that the level of communal statements and hate speeches during the election cycle is on a much larger scale than in any other election in the past. Subsequently, a Congress delegation met the Election Commission and gave a memorandum criticizing Modi's statements that created false and divisive insinuations targeting a particular religious community, which is a clear provocation to the general public to act and breach the peace.

The Supreme Court's dismissal of adding VVPAT to every EVM on the petition by the Association of Democratic Reforms was quite unfortunate, and it has become abundantly clear now that the people lack faith in the current E.C. to fix the problems associated with these voting machines. There are several reports of the malfunctioning of EVMS and subsequent delays in voting across the country. The storage and safekeeping of this equipment until the counting is also under scrutiny as reports of CCTV camera failures emerge in this unusually long election cycle. Why it would take two months to conduct an election and for whose convenience, etc., are also shrouded in mystery. There is little doubt that EVMs are under the spotlight now, and real fears over fairness and openness in this regard are no longer limited to civil society debates.

Congress Working Committee member Gurdeep Sappal said that people have voted in large numbers to vote this government out. Now, the number of votes counted will decide the outcome. "the E.C. must ensure that people have faith in its process. Unfortunately, this trust is missing. E.C.'s assertion that political parties must do their data analytics before coming to the commission was outrageous. Any institution that indulges in such whataboutery has something to hide. We never thought there would be a day in this country when the E.C. would refuse to give even the data of the votes polled on a particular day," Mr. Sappal added.


Indian Democracy is in an existential crisis. The values it embodies—specifically the right to choose leaders in a fair and free election—are under assault right now. The system finds itself battered and weakened. The slow and painful death of the Election Commission is another warning sign that India as a free society may cease to exist shortly unless people in large numbers realize the potential danger and speak out loud and together by casting their votes.

# ആത്മീയയാത്രയ്ക്ക് വിരാമമിട്ട് ബിഷപ് ഡോ. കെ.പി. യോഹന്നാൻ യാത്രയായി

"എന്റെ പേര് കെ.പി. യോഹന്നാൻ, നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നത് ആത്മീയയാത്ര". 3 പതിറ്റാണ്ടിനപ്പുറം കേരളത്തിലെ ക്രൈസ്തവ ഭവനങ്ങളെ ഓരോ പ്രഭാതത്തിലും വിളിച്ചുണർത്തിയ ആ സുവിശേഷ നാദം നിലച്ചു. ബിഷപ്പ് ഡോ. കെ.പി. യോഹന്നാൻ വിടവാങ്ങി.

അമേരിക്കയിലെ ഡാളസിലായിരുന്നു അന്ത്യം. മെയ് ഏഴിന് ചൊവ്വാഴ്ച രാവിലെ 6.45-ന് സഭാ ആസ്ഥാനത്തിന് വെളിയിലുള്ള റോഡിൽ പ്രഭാത സവാരിക്കിടെ വാഹനം ഇടിച്ചു ഗുരുതരമായി പരിക്കേറ്റു. എയർ ലിഫ്റ്റ് ചെയ്തു ഡാളസിലെ മെതൈഡിസ്റ്റ് ആശുപത്രിയിൽ എത്തിച്ച് അടിയന്തിര ചികിത്സ നൽകിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഭൗതിക ശരീരം സഭാ ആസ്ഥാനമായ തിരുവല്ലയിൽ മെയ് 19-നു എത്തിച്ചു. സംസ്കാരം 21-ന് ചൊവ്വാഴ്ച കുറ്റപ്പുഴ ബിലീവേഴ്സ് ചർച്ച് കത്തീഡ്രലിൽ നടന്നു. ഏഴര പതിറ്റാണ്ടോളം നീണ്ട ജീവിതയാത്രയുടെ ഏറിയ പങ്കും ദൈവരാജ്യത്തിനായി ചെലവിട്ട് മടക്കം. ഒരുപക്ഷേ, കേരളം കണ്ടതിൽവെച്ച് ഏറ്റവും ക്രാന്തദർശിയായ, കർമ്മോത്സാഹിയായ പ്രേഷിത പ്രവർത്തകൻ ആരെന്ന് ചോദിച്ചാൽ അത് ഡോ. കെ.പി. യോഹന്നാൻ ആണെന്ന് സമ്മതിക്കേണ്ടിവരും. സാധ്യമായ എല്ലാ മാധ്യമങ്ങളിലൂടെയും യേശുക്രിസ്തുവിനെ സമൂഹത്തിന് പരിചയപ്പെടുത്തുകയും വേദനിക്കുന്ന സമൂഹങ്ങളെ ചേർത്തുപിടിക്കുകയും ചെയ്ത കർമ്മധീരനായ സുവിശേഷകനായിരുന്നു അദ്ദേഹം. തനി നാടൻ ഭാഷാശൈ



ലിയിൽ പ്രയോഗിക ക്രിസ്തീയ ജീവിതത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ സന്ദേശങ്ങളേറെയും. ലളിതമായ ആ സുവിശേഷ സന്ദേശങ്ങൾ ആർക്കും മനസ്സിലാകുമായിരുന്നു. സുവിശേഷീകരണത്തിൽ സൈക്കിളും, മോട്ടോർ സൈക്കിളുകളും, വാനും, ബസും വരെ പല സഭകൾക്കും സംഘടനകൾക്കും നൽകി. ഞാൻ പെന്തെക്കോസ്തു യുവജന സംഘടനയുടെ ജനറൽ സെക്രട്ടറി ആയിരുന്ന നാളുകളിൽ 1990-ൽ നടത്തിയ കേരള സുവിശേഷയാത്രയ്ക്കുവേണ്ടി തന്റെ വാനും ഡ്രൈവറേയും ഒരാഴ്ചത്തേക്ക് വിട്ടുനൽകിയത് നന്ദിയോടെ സ്മരിക്കുന്നു. തന്റെ ഒപ്പമുള്ളവരെ മാത്രമല്ല ത്യാഗസന്നദ്ധരായി കർത്തൃവേല ചെയ്യുന്ന ഇന്ത്യയൊട്ടാകെയുള്ള നൂറുകണക്കിന് സുവിശേഷകരേയും പാസ്റ്റർമാരെയും അദ്ദേഹം സഹായിച്ചിരുന്നു. സുവിശേഷീകരണത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഇന്ത്യയൊട്ടാകെ അദ്ദേഹം തന്റെ സേവനവും സഹായവും എത്തിച്ചു.

പ്രകൃതിയേയും മരങ്ങളേയും സ്നേഹിച്ച വ്യക്തിയായിരുന്നു ബിഷപ്പ് കെ.പി. യോഹന്നാൻ. സഭാ ആസ്ഥാനമായ കുറ്റപ്പുഴയിലെ സെമിനാരിയും കാമ്പസും ബിലീവേഴ്സ് മെഡിക്കൽ കോളജ് ഹോസ്പിറ്റലും കാണുമ്പോൾ ഇത് വ്യക്തമാണ്.

കുട്ടനാട്ടിലെ ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ചു പ്രാഥമിക സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സുവിശേഷീകരണത്തിനു വേണ്ടി സമർപ്പിച്ച ഡോ. കെ.പി.യുടെ ജീവിതം ഇന്നത്തെ ക്രിസ്തീയ പ്രവർത്തകർക്ക് ഒരു പാഠമാണ്. ശുഭകരമായ ഒരു തുടക്കം, കർമ്മപാതയിൽ അതിവേഗമുള്ള വളർച്ച, എങ്കിലും സുഗമമായിരുന്നില്ല അവസാന കാലഘട്ടത്തിൽ ആ സുവിശേഷ യാത്ര. പെന്തെക്കോസ്തു ഉപദേശങ്ങളുടെ അടിത്തറയിൽ തുടക്കം കുറിച്ച തന്റെ ആത്മീയ യാത്ര എപ്പിസ്കോപ്പാ സഭാ സംവിധാനത്തിലേക്ക് നീങ്ങുകയും ഹിസ്റ്റോറിക്കൽ ഓർത്തഡോക്സ് സഭയുടെ വിശ്വാസം സ്വീകരിക്കുകയും ചെയ്തത് കേരളത്തിലെ നവീകരണ സഭകൾക്കോ പാരമ്പര്യ സഭകൾക്കോ ഉൾക്കൊള്ളാനായില്ല.

ഒരു കാര്യം സത്യമാണ്, ഏഷ്യയിലെ സുവിശേഷ ദൗത്യത്തിനു അതുല്യ സംഭാവനകൾ നൽകിയ ഡോ. കെ.പി. യോഹന്നാൻ നമ്മോടു വിട പറയുമ്പോൾ തന്റെ ജീവിതം വരുംതലമുറയിലെ സുവിശേഷ പ്രവർത്തകർ പഠിക്കേണ്ട ഒരു തുറന്ന പാഠപുസ്തകമായി നിലകൊള്ളും.

ലേഖകൻ



ഡോ. ജോർജ് മാത്യു
ചീഫ് എഡിറ്റർ
ന്യൂലൈഫ് ഇവാഞ്ചൽ

# ഡോക്ടർ–രോഗി വിവര വിനിമയത്തെക്കുറിച്ച് ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ പഠനം നടത്തുന്നു

ന്യൂയോർക്ക്: ആയുർവേദം, സിദ്ധ, യുനാനി തുടങ്ങിയ പരമ്പരാഗത ഇന്ത്യൻ ചികിത്സാ സമ്പ്രദായങ്ങളുടെ അവിഭാജ്യ ഘടകമായ ഔഷധ സസ്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ ഔഷധങ്ങളും സപ്ലിമെന്റുകളും ഇന്ത്യക്കാർ നൂറ്റാണ്ടുകളായി വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. ഇന്ത്യയിലെ എഴുപതു ശതമാനം ആളുകളെങ്കിലും അലോപ്പതിക് അല്ലാത്ത മരുന്നുകൾ എടുക്കുന്നുണ്ടെന്നാണ് കണക്ക്. 2007-ൽ നടന്ന പഠനത്തിനുശേഷം മറ്റൊരു പഠ


ഡോ. അന്നാ ജോർജ്


പോൾ ഡി. പനയ്ക്കൽ


ഡോ. മേഴ്സി ജോസഫ്


ടെസി തോമസ്


ഡോ. ആനി ജേക്കബ്

നം നടന്ന വിവരം ലഭ്യമല്ലാത്തതുകൊണ്ടാണ് ഈ കണക്ക് ഉപയോഗിക്കുന്നത്. പരമ്പരാഗത മരുന്നുകളോട് ഇന്ത്യക്കാർക്കുള്ള മമതയ്ക്ക് ഇപ്പോഴും കുറവ് വന്നതായി തെളിവുകൾ ഇല്ല. ആയുർവേദം, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സാമുറകൾക്ക് ഇന്ത്യയിൽ പ്രചാരം കൂടിവരുകയാണ്. കാരണം ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് നടത്തുന്ന പഠനങ്ങളും ഗവേഷണങ്ങളും ചികിത്സയുടെ ഫലങ്ങൾ തെളിവുസഹിതം പ്രസിദ്ധപ്പെടുത്തുകയും ഇന്ത്യയിലെ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾസ് ഓർഗനൈസേഷൻ (CDSCO) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്; ചെയ്യുന്നുമുണ്ട്. ആയുർവേദ കോളജുകളിൽ നിന്ന് വിദ്യാഭ്യാസം നേടിയിട്ടുള്ള അഞ്ച് ലക്ഷത്തിലധികം ഡോക്ടർമാർ ഗവൺമെന്റ് സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും രോഗചികിത്സ നടത്തുന്നുണ്ട്. ചുക്ക്, കുരുമുളക്, മല്ലി, മഞ്ഞൾ, നെല്ലിക്ക, ഏലക്കായ, ഗ്രാമ്പൂ തുടങ്ങിയ അനേകമനേകം ഹെർബൽ ഉല്പന്നങ്ങൾ ഡോക്ടർമാരാരും പ്രിസ്ക്രൈബ് ചെയ്യാതെ ദശലക്ഷക്കണക്കിന് ആളുകൾ ഉപയോഗിക്കുന്നുണ്ട്. ഗ്രീക്കുകാരിൽ തുടങ്ങി, പിന്നെ അറബി-പേർഷ്യൻ വികസനത്തിലൂടെ ദക്ഷിണേഷ്യയിൽ ജനകീയമായ യുനാനി മരുന്നുകളും ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ചികിത്സാക്രമമെന്നറിയപ്പെടുന്ന സിദ്ധ ചികിത്സയിൽ ഉപയോഗിക്കുന്ന മരുന്നുകളും ഇന്ത്യക്കാരുടെ പാരമ്പര്യ സംസ്കാരം പോലെ പ്രിയപ്പെട്ടതും പ്രചുരപ്രചാരവുമാണ്.

വിദേശത്താണെങ്കിലും പതിവായി ഡോക്ടറെ കണ്ട് അസുഖങ്ങൾക്കും കൊളസ്ട്രോൾ പോലുള്ള കണ്ടീഷനുകൾക്കും മരുന്നുകൾ വാങ്ങി കഴിക്കുന്നുണ്ടെങ്കിലും നേരത്തെ പറഞ്ഞ ചികിത്സാ സമ്പ്രദായത്തിൽപ്പെട്ട മരുന്നുകളോ ചുക്കുവെള്ളം, വെളുത്തുള്ളി, അതുപോലുള്ള ഹെർബൽ ഉല്പന്നങ്ങളോ മറ്റേതെങ്കിലും ലേഹ്യമോ കഷായമോ വൈറ്റമിൻ പോലുള്ള ഡയറ്ററി സപ്ലിമെന്റുകളോ എടുക്കുന്നവർ ഇന്ത്യക്കാരുടെ ഇടയിൽ ധാരാളം. ഇത്തരം ആരോഗ്യ-ക്ഷേമ സംബന്ധമായ സാധനങ്ങൾക്ക് പാർശ്വഫലങ്ങൾ (side effects) ഇല്ലായെന്ന പൊതുവിശ്വാസം നിലനിൽക്കുന്നുണ്ട്. പക്ഷേ, പല പഠനങ്ങളും ചൂണ്ടിക്കാട്ടുന്നത് മറിച്ചാണെന്നതാണ് വാസ്തവം. ശരീരം മരുന്നിനെ വലിച്ചെടുക്കുന്നതിനെയും (absorption) മരുന്നിന്റെ ശരീരത്തിലേ

പോൾ ഡി. പനയ്ക്കൽ

ക്കുള്ള വിതരണത്തെയും (distribution) ശരീരത്തിൽ അതിന്റെ പരിണാമത്തെയും (metabolism) ശരീരത്തിൽ നിന്നുള്ള വിസർജ്ജനത്തെയും (excretion) അല്ലെങ്കിൽ മരുന്നിന്റെ ഗുണത്തെയും പല ഉല്പന്നങ്ങളും പ്രസക്തമായ വിധം ചികിത്സയെ ബാധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. രോഗികൾ ഡോക്ടറെ കാണുമ്പോൾ പൊതുവെ എന്തെല്ലാം മരുന്നുകളാണ് എടുക്കുന്നതെന്ന് ഡോക്ടർമാരുടെ ഓഫീസിൽ ചോദിക്കാറുണ്ട്. 'ദോഷമുണ്ടാക്കാത്ത' അല്ലെങ്കിൽ 'ആരോഗ്യം വർദ്ധിപ്പിക്കുന്ന' സാധനങ്ങളാണെന്ന ധാരണയിൽ പലരും അവയെ മരുന്നുകളുടെ കൂട്ടത്തിൽപ്പെടുത്താറില്ല. ഇംഗ്ലീഷ് മരുന്നുകൾ കൂടാതെ ഡയറ്റി സപ്ലിമെന്റുകളോ ഹെർബൽ ഉല്പന്നങ്ങളോ എടുക്കുന്നുണ്ടെന്ന കാര്യം അവർ ഡോക്ടറോട് വെളിപ്പെടുത്തുന്നുണ്ടേന്നോ അല്ലെങ്കിൽ ഡോക്ടറുമായുള്ള സംസാരത്തിൽ എത്രത്തോളം അതുൾപ്പെടുന്നുണ്ടെന്നോ അറിയില്ല. ഇക്കാരണങ്ങൾ മൂലം ഡോക്ടർമാരുമായുള്ള (അല്ലെങ്കിൽ നേഴ്സ് പ്രാക്ടീഷണർമാർ/ഫിസിഷ്യൻ അസിസ്റ്റന്റുമാർ) ആരോഗ്യ സംബന്ധമായ സംഭാഷണങ്ങളിൽ എന്തെങ്കിലും ഡയറ്ററി സപ്ലിമെന്റുകളോ ആയുർവേദ/യുനാനി മരുന്നുകളോ മറ്റു ഹെർബൽ ഉല്പന്നങ്ങളോ എടുക്കുന്നുണ്ടെന്ന കാര്യം ഉൾപ്പെടുത്തേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമത്രെ.

ന്യൂയോർക്ക് സംസ്ഥാനത്തെ ഇന്ത്യൻ അമേരിക്കൻ നേഴ്സുമാരുടെ സ്വര സംഘടന ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക് (ഐനാനി), രോഗിയും ഡോക്ടറും (അല്ലെങ്കിൽ നേഴ്സ് പ്രാക്ടീഷണർ/ഫിസിഷ്യൻ അസിസ്റ്റന്റ്) തമ്മിലുള്ള വിവര വിനിമയത്തെ വിലയിരുത്തുന്നതിനുള്ള ഒരു പഠനം നടത്തുകയാണ്. ലോങ് ഐലൻഡിലെ അഡാൽഫായ് യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ റിവ്യൂ ബോർഡ് പഠനത്തിന്റെ ശാസ്ത്രീയ വശങ്ങൾ പരിശോധിച്ചു അംഗീകാരം നല്കിയ ശേഷമാണ് ഐനാനി ഈ പഠനം തുടങ്ങിയത്. പഠനത്തിന്റെ പ്രിൻസിപ്പാൾ ഇൻവെസ്റ്റിഗേറ്റർ ഡോ. ആനി ജേക്കബ് നോർത്ത് വെൽ ഹെൽത്തിൽ നേഴ്സ് സയന്റിസ്റ്റും അഡൽഫായ് യൂണിവേഴ്സിറ്റിയിൽ അസോസിയേറ്റ് ക്ലിനിക്കൽ പ്രൊഫസറുമാണ്. ഡോ. മേഴ്സി ജോസഫ്, ടെസി തോമസ്, ഡോ. അന്നാ ജോർജ്, പോൾ പനയ്ക്കൽ എന്നിവർ സഹ ഇൻവെസ്റ്റിഗേറ്റർമാരായി പ്രവർത്തിക്കുന്നു. എല്ലാവരും ഒന്നുകിൽ ഫൈൻസ്റ്റൈൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ റിസേർച്ചിലോ അഡൽഫായ് യൂണിവേഴ്സിറ്റിയിലോ റിസേർച്ചർമാരായി അഫിലിയേറ്റ് ചെയ്തവരാണ്.




പഠനം ഒരു സർവേ രൂപത്തിലാണ് നടത്തുന്നത്. പ്രായ വിഭാഗം, ജോലി, താമസിക്കുന്ന സ്ഥലത്തെ പിൻകോഡ് എന്നിവ മാത്രമേ വ്യക്തിഗത സ്ക്രീനിങ്ങിൽ ഉള്ളൂ. തുടർന്നുള്ള വളരെ ലളിതമായ ചോദ്യങ്ങൾ ഏകദേശം പത്തിൽ താഴെ മിനിട്ടുകൾ കൊണ്ട് തീർക്കാം. ഇരുനൂറിനും മുന്നൂറിനുമിടയ്ക്ക് ഇന്ത്യക്കാരുടെ പങ്കാളിത്തമാണ് ഐനാനി പ്രതീക്ഷിക്കുന്നത്.

കേരള എക്സ്പ്രസിന്റെ യുഎസിലെ വായനക്കാരോട് ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന് വളരെ പ്രാധാന്യമർഹിക്കുന്ന ഈ സർവേയിൽ പങ്കെടുത്ത് സഹായിക്കണമെന്ന് പ്രിൻസിപ്പാൾ ഇൻവെസ്റ്റിഗേറ്റർ ഡോ. ആനി ജേക്കബും ഐനാനി പ്രസിഡണ്ടും സഹ ഇൻവെസ്റ്റിഗേറ്ററുമായ ഡോ. അന്നാ ജോർജും താല്പര്യപ്പെടുന്നു. ഇതോടൊപ്പമുള്ള ഫ്ളയെറിലെ QR കോഡ് സ്കാൻ ചെയ്താൽ സർവേയ്ക്കുള്ള ലിങ്ക് കിട്ടും. കൂടുതൽ വിവരങ്ങൾക്ക്: ഡോ. അന്നാ ജോർജ് (inanypresident@gmail.com), പോൾ പനയ്ക്കൽ (paul.panakal-@liu.edu), ഡോ. മേഴ്സി ജോസഫ് (mjoseph@adelphi.edu), ടെസി തോമസ് (tesithomas@mail.adelphi.-edu), ഡോ. ആനി ജേക്കബ് (ajacob-@adelphi.edu).

# 'കൊന്തയമ്മച്ചി' ഓർമയായി

കട്ടപ്പന: കൊന്ത നിർമിക്കുന്നത് വിനോദമാക്കി ആറ് വർഷംകൊണ്ട് 30,000 കൊന്തകൾ നിർമ്മിച്ച് 'കൊന്തയമ്മച്ചി' എന്ന വിളിപ്പേര് സ്വന്തമാക്കിയ നെല്ലിപ്പാറ മണിയമ്പ്രായിൽ മേരി ജോസഫ് 101-ാം വയസ്സിൽ അന്തരിച്ചു.

കഴിഞ്ഞ പെസഹാ വ്യാഴാഴ്ച കൊന്ത നിർമ്മിക്കുന്നതിനിടെ പക്ഷാഘാതം സംഭവിച്ചിരുന്നു. തുടർന്ന് കിടപ്പിലായി. 23-ന് പുലർച്ചെയാണ് മരിച്ചത്. 2018-ലാണ് മേരി കൊന്ത കെട്ടാൻ തുടങ്ങിയത്. മുത്തുകൾ കോർക്കാൻ കണ്ണട പോലും ഉപയോഗിച്ചിരുന്നില്ല. 10 മുതൽ 15 കൊന്തകൾ വരെ ദിവസവും നിർമ്മിച്ചിരുന്നു.

ഭർത്താവ് ജോസഫ് ദേവസ്യ 25 വർഷം മുമ്പാണ് മരിച്ചത്. ഇളയ മകൻ തോമസ് ജോസഫിനൊപ്പമാണ് മേരി താമസിച്ചിരുന്നത്. നിർമ്മിക്കുന്ന കൊന്തകളെല്ലാം വീട്ടിലെത്തുന്ന ബന്ധുക്കൾക്ക് കൊടുക്കുന്നതായിരുന്നു പതിവ്.

വെറുതെ ഇരിക്കാൻ ഇഷ്ടമില്ലാത്ത മേരിക്ക് ഓരോ കാലത്തും ഓരോ ശീലമായിരുന്നുവെന്ന് ബന്ധുക്കൾ പറയുന്നു. നേരത്തെ വായനയായിരുന്നു ഹോബി. മമ്മൂട്ടിയുടെ കടുത്ത ആരാധികയായ അമ്മച്ചി സൂപ്പർസ്റ്റാറിന്റെ എല്ലാ ചിത്രങ്ങളും കണ്ടിട്ടുണ്ടെന്നും ബന്ധുക്കൾ പറയുന്നു. കഴിഞ്ഞ ഒക്ടോബർ 21-നായിരുന്നു നൂറാം ജന്മദിനം.


മക്കൾ: ഏലിക്കുട്ടി, ചിന്നമ്മ, ലിസി, വത്സമ്മ, സിലോമ, സിസ്റ്റർ ടെസീന, ജോസഫ്, തോമസ്, പരേതരായ മേരി, ജോർജ്.

# കൗമാരക്കാർക്കായി മോട്ടോർ വെഹിക്കിൾ സ്ഥാപനങ്ങളുടെ സേവനങ്ങൾ ശനിയാഴ്ചകളിലും

ചിക്കാഗോ: തിരക്കേറിയ വേനൽ അവധിക്കാലത്ത് കൗമാരപ്രായക്കാർക്ക് ഡ്രൈവിങ് ലൈസൻസ് സുഗമമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ ഇല്ലിനോയിലെ ഏതാനും ഡ്രൈവിങ് ലൈസൻസ് സ്ഥാപനങ്ങളുടെ സേവനം ശനിയാഴ്ചകളിലും ലഭ്യമാക്കി. നിലവിൽ ശനിയാഴ്ചകളിൽ പ്രവർത്തിക്കുന്ന 15 ഡിഎംവി സ്ഥാപനങ്ങൾ കൂടാതെയാണ് ഇവ. ആഡിസൺ, അറോറ, ബ്രിഡ്ജ് വ്യൂ, ചിക്കാഗോ വെസ്റ്റ്, ഡെസ്പ്ലെയിൻസ്, എൽജിൻ, ജോലിയറ്റ്, ലേക്ക് സൂറിച്ച്, പ്ലേയ്നോ, സെന്റ് ചാൾസ്, ബെൽഡിവെയർ, ബെനൽറ്റോ എന്നീ ഡ്രൈവിങ് സെന്ററുകളാണ് കൗമാരക്കാർക്ക് മാത്രമായി വേനൽ അവധിക്കാലത്ത് ശനിയാഴ്ചകളിൽ തുറന്നു പ്രവർത്തിക്കുക. ജൂൺ 1 മുതൽ ഓഗസ്റ്റ് 31 വരെയുള്ള ശനിയാഴ്ചകളിൽ രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് ഈ പ്രത്യേക സേവനം ലഭ്യമാക്കിയിട്ടുള്ളത്. ഡ്രൈവിങ് ലൈസൻസ് ലഭിക്കുന്നതിനുവേണ്ട എഴുത്തുപരീക്ഷയും റോഡ് ടെസ്റ്റും ഇതിൽ ഉൾപ്പെടും.

ഇല്ലിനോയി സെക്രട്ടറി ഓഫ് സ്റ്റേറ്റ് അലക്സി ജിനോലിയസ്സിന്റെ ജനസൗഹൃദ പരിഷ്കാരങ്ങളുടെ ഭാഗമാണ് പുതിയ ഈ സേവനവും. വേനൽ അവധിക്കാലത്ത് ഡ്രൈവിങ് ലൈസൻസിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെടാറുണ്ട്. ഈ തിരക്ക് ഒഴിവാക്കുകയാണ് പുതിയ നടപടിയിലൂടെ അധികൃതർ ലക്ഷ്യമിടുന്നത്.

ശനിയാഴ്ചകളിലെ പ്രത്യേക സേവനം താല്പര്യപ്പെടുന്നവർ തൊട്ടടുത്ത ബുധനാഴ്ചകളിൽ 1-800-252-8980 എന്ന നമ്പറിൽ വിളിച്ച് അതിനായി അപ്പോയിന്റ്മെന്റ് എടുത്തിരിക്കണം. ഇതുവഴി പ്രതിവാരം 1000 അധിക അപ്പോയിന്റ്മെന്റുകൾ നല്കുവാനാണ് ഇല്ലിനോയി ഡിപ്പാർട്ടുമെന്റ് ഓഫ് മോട്ടോർ വെഹിക്കിൾസ് ലക്ഷ്യമാക്കിയിട്ടുള്ളത്.

# THE TONGUE- A DANGEROUS WEAPON

“Words are mightier than the sword”. “Death and life are in the power of the tongue” (Proverbs 18:21).The human tongue is a dangerous weapon and exceedingly difficult to control. It is one of man’s most dangerous & destructive weapon if not used wisely, timely, correctly & accurately. The tongue is one of the most powerful parts of the human body, yet it is often take for granted. It can be used to build up or tear down and to bring life or destruct life.

Dr. Andrews Newberg, a neuroscientist at Tomas Jefferson University states in his book “Words can change your brain” a single word has the power to influence the expression of genes that regulate physical & emotional stress. Scientific studies actually shows that positive and negative words not only affect us on a deep psychological level, but they have a significant impact on the outcome of our lives.

Our words have the power to humiliate, hurt, break, discourage, defeat, give up, divide, and to disappoint others, dear ones, family, society and even a Nation. Tongue can be used to spread lies, deceit, destroy, discourage, and create anger and conflict. Our words also have the awesome power to build, bind together, develop, encourage, edify, comfort, love, strengthen, heal empower and to bring joy and happiness to others.

“Do not let your tongue control you, but you control your tongue”. Keep your tongue from evil and your lips from speaking deceit (Psalms 34:13) Two of the ten commandments in the Bible, deal with speech, taking the name of God in vain and bearing false witness against another person ( Exodus 20:7)

The way one talk is a very revealing fact of that person’s character. There are different kinds of “tongues” such as the hateful tongue, the licentious tongue, the boasting tongue, the critical tongue, the obscure toungue, the double tongue and the explosive tongue and so on. The Bible says, “Let no corrupt speech proceed out of your mouth” rather put away shameful speaking from your mouth (Ephesians 4:29 & Col 3:8)

Many friends have become life time enemies, many families have been torn apart, many marriages have been destroyed, many people have turned from decent people to destructive folks, many Churches have been divided, many Cities, Sates & Nations have been divided due to the misuse of this dangerous weapon, the human tongue. Our society is obsessed with diets and what goes into our mouths, but may be it is time to consider, what is coming out of our mouths. Cynicism, sarcasm, pride, gossip, arguments and putting others down are things sabotage relationship and keeping people away rather than close.

We often do not take seriously the power of the tongue, to assault and its ability to devastate. A few inconsiderate words can kill the spirit of a spouse or friend. Proverbs 12:18 states that “ Reckless words pierce like a sword” James, the Apostle discerned in the Bible,

**Joseph Kurian**

the tongue as being “ full of deadly poison” (James 3;8) and Psalm 52:2 speaks of the tongue as a “sharpened razor” that works to bring about the destruction of another. How dangerous& deadly are the human tongue, when used in the wrong way.

Words are used to control and attack and the most common tac-



Joseph Kurian

tics to control or attack a spouse, friend, parent, son, daughter, coworker or others are, yelling, blaming, sarcasm, name calling, fault finding, making guilty, words to degrade, too critical, threatening, demanding and invalidating.

The tongue can also be a great weapon to build others, comfort others, settle differences, show love & respect, be compassionate, kind, healing, and avoid conflicts, build others for good. Encouraging, uplifting, loving & caring words can incite, inspire, energize, instruct, sooth, empower, educate & make lasting impressions to others, when we us our words carefully.

A teachers encouraging words will lift the spirit of the students, a Pastors encouraging exhortation will uplift the believers to grow in faith, a Coaches empowering words will produce great champions in sports fields, a boss’s push & kind words will bring out excellent employees, the great and supporting words of a Political leader will unite the nation and bring peace to the people. All of us also need admonition, correction and constructive criticism to get better in all areas of life.

“The tongue has the power of life & death” (Proverbs 18:21). The language we use to communicate with one another is like a knife in the hands of a careful & skilled surgeon, a knife can work to do well. But in the hands of a careless person or ignorant person, it can cause great harm. So it is with words.

There are so many powerful words such as “I love you” “I am so proud of you”, “I understand you”, “I care for you”, “I pray for you” “I am sorry”, “It is my bad”, “Sorry I won’t do it again”, “You are great”, “You will overcome” “don’t worry”, “Can I help you” “You are beautiful”, “You are in our prayers” are words that will make great positive impact in others. Stop saying destructive words like”, “I hate you” “You are stupid”, “You are weak & a failure”, “You are ugly”, “You are sick”, “You will never make it” etc. These are words that will negatively impact us, our dear ones & many others.

Can we all control our tongue a little more? Can we start to say kind words rather than hurting words? Can we comfort others with encouraging words than discouraging words? Can we lift the spirit of others, empower, educate, build up, motivate and use words oflove, words that unite, words that bond, kind words to settle differences and that bring peace & joy for us & others.

“I say unto you that every idle word that men shall speak, they shall give account thereof in the day of judgement. For by your words you will be justified and by your words you will be condemned (Mathew 12:36-37) May God help all of us to use our tongue to help, heal and to build others.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.13 |
| യൂറോ | 90.23 |
| സ്റ്റെർലിംഗ്പൗണ്ട് | 105.99 |
| സ്വിസ് ഫ്രാങ്ക് | 90.95 |
| സിംഗപ്പൂർ ഡോളർ | 61.62 |
| കനേഡിയൻ ഡോളർ | 60.86 |
| ഒമാൻ റിയാൽ | 216.00 |
| ബഹ്റൈൻ ദിനാർ | 220.57 |
| സൗദി റിയാൽ | 22.16 |
| യു.എ.ഇ. ദിർഹം | 22.63 |
| കുവൈത്ത് ദിനാർ | 271.21 |

## ജീവിതനിലവാര സൂചികയിൽ കേരള നഗരങ്ങൾ മുൻനിരയിൽ

കോട്ടയം: നമുക്കു പാർക്കാനൊരു മികച്ച നഗരം-അതേതാണ്? കേരളത്തിലെ നഗരങ്ങളെ ഒട്ടും കുറച്ചു കാണേണ്ട. ഇന്ത്യയിൽ ഡൽഹി, മുംബൈ, ചെന്നൈ ഉൾപ്പെടെയുള്ള വൻനഗരങ്ങളേക്കാൾ ജീവിക്കാൻ മികച്ചതു തിരുവനന്തപുരം, കോട്ടയം, തൃശൂർ, കൊച്ചി നഗരങ്ങളാണെന്നു ഓക്സ്ഫഡ് ഇക്കണോമിക്സ് ഗ്ലോബൽ സിറ്റീസ് ഇൻഡക്സ് വ്യക്തമാക്കുന്നു. സാമ്പത്തിക സാഹചര്യങ്ങൾ, മനുഷ്യ മൂലധനം, ജീവിതനിലവാരം, പരിസ്ഥിതി, ഭരണം എന്നീ അഞ്ച് മേഖലകളിൽ പഠനം നടത്തിയാണു ഓക്സ്ഫഡ് ഇക്കണോമിക്സ് ലോകത്തിലെ 1000 നഗരങ്ങളെ ഉൾപ്പെടുത്തി സൂചിക തയാറാക്കിയത്. ഇതിൽ ജീവിതനിലവാരം എന്ന ഘടകത്തിലാണ് കേരളത്തിലെ നഗരങ്ങൾ ഇന്ത്യൻ നഗരങ്ങളുടെ പട്ടികയിൽ മുന്നിലെത്തിയത്. തലസ്ഥാന നഗരിയായ ഡൽഹിയും സാമ്പത്തിക തലസ്ഥാനമായ മുംബൈയും ഇന്ത്യയുടെ ഐടി ആസ്ഥാനമായ ബെംഗളൂരുവുംവരെ ജീവിതനിലവാര സൂചികയിൽ തിരുവനന്തപുരത്തിനും കോട്ടയത്തിനും തൃശൂരിനും കൊച്ചിക്കും പിന്നിലാണ്. നഗരങ്ങളിലെ സാമ്പത്തിക-ആരോഗ്യ സുസ്ഥിതി, ജീവിതസൗകര്യങ്ങളുടെ ലഭ്യത, കുടിയേറിപ്പാർക്കാൻ പ്രേരിപ്പിക്കുന്ന ആകർഷകത്വം, താമസച്ചെലവു കുറവ്, വിനോദ-സാംസ്കാരിക അവസരം, ഇന്റർനെറ്റ് സ്പീഡ് എന്നിവയൊക്കെ കണക്കാക്കി തയാറാക്കിയ പട്ടികയിൽ തിരുവനന്തപുരത്തിനു ആഗോള റാങ്ക് 748. കോട്ടയം-753, തൃശൂർ-757, കൊച്ചി-765, ഡൽഹി-838, ഹൈദരാബാദ്-882, ബെംഗളൂരു-847, മുംബൈ-915. മൊത്തം റാങ്കിങ്ങിൽ ഡൽഹിയുടെ ആഗോള സ്ഥാനം 350, ബെംഗളൂരു-411, മുംബൈ-427, കൊച്ചി-521, തൃശൂർ-550. മറ്റു കേരള നഗരങ്ങൾ 600-നു താഴെയാണ്. പട്ടികയിൽ ഒന്നാം സ്ഥാനത്ത് ന്യൂയോർക്കാണ്.



# പാമ്പുകളെ വിഴുങ്ങുന്ന പാമ്പ്

**എൽസി ബേബി**



ലേഖിക

പാമ്പുകളെക്കുറിച്ചുള്ള പല കഥകളും നാം കേൾക്കാറുണ്ട്. പാമ്പുകൾ പലയിനങ്ങളുണ്ട്. പാമ്പ് എന്ന് പറയുമ്പോൾ തന്നെ പലർക്കും പേടിയാണ്. പാമ്പുകടി ഏറ്റാൽ മരണമായിരിക്കും എന്ന ഭയം. പാമ്പിന്റെ വിഷം തുപ്പുന്ന പല്ലുകൾ ഭയാനകം തന്നെ. പാമ്പ് കൗശലമേറിയ ജീവിയാണ്. അതേസമയം പാമ്പിന്റെ ബുദ്ധിയെക്കുറിച്ച് 'പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരായിരിക്കണം' എന്ന് പറഞ്ഞിരിക്കുന്നു. പാമ്പിനെ സ്നേഹിക്കുന്നവരും ആരാധിക്കുന്നവരും സർപ്പക്കാവുകളുണ്ടാക്കി പാൽകൊടുത്തു പുലർത്തുന്നവരുമുണ്ട്. പാമ്പുകടിയേറ്റു മരിച്ചാലും പാമ്പിനെ കൊല്ലരുതെന്ന നിയമമല്ലേയുള്ളത്.

തിരുവചനത്തിൽ സർപ്പങ്ങളെ വിഴുങ്ങിയ ഒരു സർപ്പത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. പഴയ നിയമത്തിൽ യിസ്രയേൽ മക്കൾ മിസ്രയിമ്യ അടിമത്വത്തിൽ നാനൂറിൽപ്പരം വർഷം കഴിഞ്ഞതായ ഒരു ചരിത്രമുണ്ട്. അവരെ അവിടെനിന്ന് വീണ്ടെടുത്ത് പാലും തേനുമൊഴുകുന്ന കനാനിൽ എത്തിക്കുവാൻ ദൈവം നിയോഗിച്ച മോശയുടെയും അഹറോന്റെയും കഥ എല്ലാവർക്കും സുപരിചിതമാണല്ലോ. അതിനായി ദൈവം മോശയെ തെരഞ്ഞെടുത്തപ്പോൾ മോശ ആടുകളെ മേയ്ച്ചുകൊണ്ടിരിക്കുകയായിരുന്നു. ആദ്യം മോശ ആ ദൗത്യം തിരസ്കരിക്കുകയുണ്ടായി. കാരണം മോശയ്ക്ക് ഈജിപ്തിലേക്ക് പോകാൻ മടിയും ഭയവുമായിരുന്നു. ദൈവം മോശയോട് തന്റെ കൈയിലുള്ള വടി നിലത്തിടാൻ പറഞ്ഞു. അത് നിലത്തിട്ടപ്പോൾ ഒരു സർപ്പമായിത്തീർന്നു. അതുകണ്ട് മോശ ഓടിപ്പോയി. ദൈവം മോശയോട് "നിന്റെ കൈനീട്ടി അതിന്റെ വാലിനു പിടിക്കുക" എന്ന് കല്പിച്ചു. മോശ അങ്ങനെ ചെയ്തപ്പോൾ അത് അവന്റെ കൈയിലെ വടിയായിത്തീർന്നു. ആ വടിയുമായിട്ടാണ് മോശയും അഹറോനും ഈജിപ്തിലേക്ക് പോയതും രാജാവായ ഫറവോയോട് തങ്ങളുടെ ജനത്തെ വിട്ടയയ്ക്കാൻ കല്പിച്ചതും. അവർ രാജാവിനോട് ഇക്കാര്യം പറഞ്ഞപ്പോൾ ഒരു അത്ഭുതം കാണിക്കാൻ പറഞ്ഞു. അപ്പോൾ തങ്ങളുടെ അത്ഭുത വടി നിലത്തിട്ടു. അത് സർപ്പമായിത്തീർന്നു. അതു കണ്ടപ്പോൾ ഈജിപ്തിലുണ്ടായിരുന്ന ക്ഷുദ്രക്കാരും മന്ത്രവാദികളും തങ്ങളുടെ മന്ത്രവാദത്താൽ അവരുടെ വടികളും നിലത്തിട്ടു. അവയും സർപ്പങ്ങളായിത്തീർന്നു. എന്നാൽ, അഹറോന്റെ വടി അവയെ വിഴുങ്ങിക്കളഞ്ഞു. അതുകൊണ്ടൊന്നും ഫറവോയുടെ ഹൃദയത്തിനു മാറ്റമുണ്ടായില്ല. എന്തുകൊണ്ടാണ് ദൈവം വടിയെ സർപ്പമാക്കിയതും ഈജിപ്തിലെ സർപ്പങ്ങളെ വിഴുങ്ങിയതും. ഈജിപ്തുകാർ ഭജിച്ച് ആരാധിച്ചിരുന്ന അനേകം മിഥ്യാമൂർത്തികൾ ഉണ്ടായിരുന്നു. അവയിൽ ഒന്നായിരുന്നു സർപ്പം. സർപ്പം പിശാചിനെ സൂചിപ്പിക്കുന്നു. ആദിയിൽ ഏദൻ പറുദീസായിൽ ആദാമിനെയും ഹവ്വായേയും വഞ്ചിച്ചത് പിശാച് പാമ്പിലൂടെയായിരുന്നല്ലോ. ഈജിപ്തിലുള്ള ജനങ്ങളെ വഞ്ചിച്ച് പാമ്പിന്റെ വേഷത്തിൽ അവരുടെ ദേവനായി വാഴുന്ന പാമ്പിനേക്കാൾ ശക്തിയേറിയവനാകുന്നു യിസ്രായേലിന്റെ ദൈവമാകുന്ന സർവ്വശക്തനായ യഹോവ എന്ന് ഈജിപ്തുകാരെ മാത്രമല്ല, എല്ലാ യിസ്രയേല്യരെയും ലോകമാകെയുള്ള ജനങ്ങളെയും ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ് അവയൊക്കെ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

പിശാച് പല വേഷത്തിലാണ് ഇന്ന് ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്നത്. അലറുന്ന സിംഹമായും വെളിച്ചദൂതനായും മന്ത്രവാദങ്ങളിലൂടെയും ക്ഷുദ്രപ്രയോഗങ്ങളിലൂടെയും മറ്റും ജനങ്ങളെ ദൈവത്തിൽ നിന്നും അകറ്റി നാശത്തിലേക്കു തള്ളിവിടുക എന്നതു മാത്രമാകുന്നു പിശാചിന്റെ ലക്ഷ്യം. യിസ്രായേലിന്റെ ദൈവം സർവശക്തനായ പരമാധികാരിയാകുന്നു. അബ്രാഹമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നറിയപ്പെടുന്ന സർവശക്തനായ ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവരെ ദൈവം പരിപാലിക്കുന്നു. ഈജിപ്തിലെ ദൈവങ്ങൾക്ക് യിസ്രായേൽ ജനങ്ങളെ പിടിച്ചുവെക്കുവാൻ പറ്റിയില്ല. എന്നു മാത്രമല്ല അവരെ പിന്തുടർന്നു പിടിച്ചു നശിപ്പിക്കുവാൻ ശ്രമിച്ച വിശേഷപ്പെട്ട 600 രഥങ്ങളേയും ഈജിപ്തിലെ സകല രഥങ്ങളേയും അവരുടെ തേരാളികളേയും യഹോവ ചെങ്കടലിൽ തള്ളിയിട്ട് ഉന്മൂലനം ചെയ്ത കഥ തിരുവചനത്തിലുണ്ടല്ലോ.

ഇന്നു നമ്മെ ഭയപ്പെടുത്തുന്ന ഇസ്രായേൽ ഗാസ്സാ യുദ്ധത്തെക്കുറിച്ച് ആകുലപ്പെടേണ്ടതില്ല. കഴിഞ്ഞ നാളുകളിൽ യിസ്രേയേലിനെ ഈ ഭൂമിയിൽനിന്ന് പാടേ നീക്കം ചെയ്യുവാൻ ഒരുമ്പെട്ടിറങ്ങിയ അയൽരാജ്യങ്ങളുടെ മുമ്പാകെ യിസ്രായേൽ ജയിച്ചിട്ടേയുള്ളൂ. ഇവിടെയും ഇസ്രായേൽ ജയിക്കും. കാരണം അവർക്കുവേണ്ടി യുദ്ധം ചെയ്യുന്നത് ഭൗമികശക്തികളല്ല അദൃശ്യനും യുദ്ധവീരനുമായ സൈന്യങ്ങളുടെ യഹോവയാകുന്നു. അതുപോലെ യിസ്രേയേലിനോട് യുദ്ധത്തിനു വരുന്നവരെ തകർക്കുവാൻ തക്ക യുദ്ധവീരനാകുന്നു യിസ്രയേലിന്റെ ദൈവം എന്നോർക്കുക. ശത്രുക്കൾ എന്തെല്ലാം പ്രയോഗിച്ചാലും എത്രയെത്ര രാജ്യങ്ങൾ ചേർന്നാലും യിസ്രായേലിനോടുകൂടെയുള്ളവൻ ഇവരിലൊക്കെ വലിയവനും ശക്തനുമാകുന്നുവെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഈ സമയത്ത് നമുക്കു ചെയ്യുവാനുള്ളത് സമാധാനത്തിനായി പ്രാർത്ഥിക്കുക എന്നതു മാത്രമാകുന്നു. നിരപരാധികളായ അനേകം കുഞ്ഞുങ്ങളും അമ്മമാരും ജനങ്ങളുമാണ് ഈ യുദ്ധംമൂലം നശിച്ചുകൊണ്ടിരിക്കുന്നത് എന്നോർക്കുമ്പോൾ ദുഃഖമുണ്ട്. അവർക്കൊക്കെ വേണ്ടി പ്രാർത്ഥിക്കുക. ഇവയുടെയൊക്കെ കാരണഭൂതൻ ജനങ്ങളെ കഠിനഹൃദയരാക്കി, അന്യോന്യം പിണക്കിയും പകവെച്ചും മത്സരിച്ചും യുദ്ധങ്ങൾ ചെയ്യിക്കുന്ന പൈശാചിക ശക്തികളാകുന്നു.

ഇവയ്ക്കൊക്കെ ഒരന്ത്യം വരുത്തി ശാപഗ്രസ്ഥമായ ഭൂമിയും ആകാശവും നീങ്ങിപ്പോയിട്ട് പുതിയൊരു ആകാശവും ഭൂമിയും സ്ഥാപിതമാകും. അതിൽ നീതിമാന്മാർ മാത്രം വാസം ചെയ്യും. അവരോടൊത്തു വാഴുവാൻ ദൈവം ഒരുക്കിയിട്ടുള്ള രക്ഷാമാർഗ്ഗത്തിലേക്കു വരുവാൻ വായനക്കാരെ ദൈവം സഹായിക്കട്ടെ. സമാധാനപ്രഭുവായ ക്രിസ്തു രാജാവായി വീണ്ടും വരും. അവനോടൊപ്പം വാഴുവാനുള്ള ഏകമാർഗ്ഗം കൃപയാലെ വിശ്വാസംമൂലം ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ച് രക്ഷപ്രാപിക്കുക എന്നതു മാത്രമാകുന്നു.

# പ്രമേഹത്തെ തോല്പിച്ച് സുനു അരങ്ങിൽ



പന്തളം: ബാല്യകാലത്ത് പിടികൂടിയ പ്രമേഹരോഗത്തോട് പൊരുതി, നൃത്തരംഗത്ത് നേടിയ നേട്ടങ്ങൾക്ക് പിന്നാലെ കഥകളിയിലും അരങ്ങേറ്റത്തിനൊരുങ്ങി സുനു സാബു. ശരീരത്തിൽ ഘടിപ്പിച്ച ഇൻസുലിൻ പമ്പുമായാണ് കഥകളി പഠനവും അവതരണവും. കൂരമ്പാല പുത്തൻകാവിൽ ഭഗവതി ക്ഷേത്രത്തിലായിരുന്നു അരങ്ങേറ്റം. ഗുരുവും കഥകളി കലാകാരനുമായ പന്തളം ഉണ്ണികൃഷ്ണന്റെ ശിക്ഷണത്തിൽ 9 മുതൽ 62 വരെ പ്രായമുള്ള 18 പേർക്കൊപ്പമാണ് സുനുവും വേദിയിലെത്തുക. കൂരമ്പാല തെക്ക് സ്നേഹഭവനിൽ സാബുവിന്റെയും അനുവിന്റെയും മൂന്നാമത്തെ മകളാണ്. സ്കൂൾ പഠനകാലത്ത് സംസ്ഥാന, ജില്ലാ കലോത്സവ, കേരളോത്സവ വേദികളിൽ മികവ് തെളിയിച്ചിരുന്നു. ആറാംവയസ്സിലാണ് ടൈപ്പ് വൺ പ്രമേഹം പിടികൂടുന്നത്. പിന്നീടങ്ങോട്ടുള്ള ജീവിതം ശരീരത്തിൽ ഘടിപ്പിച്ച ഇൻസുലിൻ പമ്പുമായായാണ്. അടൂർ പറന്തൽ മാർ ക്രിസോസ്റ്റം കോളജിലെ ബി.എസ്സി സൈക്കോളജി ഒന്നാംവർഷ ബിരുദ വിദ്യാർത്ഥിനിയാണ്. രോഗപീഡകളോട് പോരാടിയാണ് ഈ പത്തൊമ്പതുകാരിയുടെ പഠനവും നൃത്തവും. ഭരതനാട്യം, കുച്ചിപ്പുഡി എന്നിവയിൽ മികവ് തെളിയിച്ച സുനു, കേരള നടനവും നാടോടിനൃത്തവും അഭ്യസിക്കുന്നുണ്ട്. മരുന്നിനുൾപ്പെടെ പ്രതിമാസം വലിയ തുക വേണ്ടിവരുന്നുണ്ടെന്ന് അമ്മ അനു പറയുന്നു. എത്ര കഷ്ടപ്പെട്ടായാലും സുനുവിന്റെ കലാജീവിതത്തിനും ചികിത്സയ്ക്കും മുടക്കം വരരുതെന്നാണ് ആഗ്രഹമെന്നും അവർ പറഞ്ഞു.



# കേരളാ പോലീസിൽ വനിതാ ഇൻസ്‌പെക്ടർമാർ കൂട്ടത്തോടെ പടിയിറങ്ങുന്നു

തൃശൂർ: കേരള പോലീസിൽ വനിതാ ഇൻസ്‌പെക്ടർമാർ കൂട്ടത്തോടെ പടിയിറങ്ങുന്നു. 21 പേരാണ് ഈ മാസം വിരമിക്കുന്നത്. ഇതോടെ സേനയിൽ ശേഷിക്കുന്ന വനിതാ ഇൻസ്‌പെക്ടർമാർ ആറുപേർ മാത്രം.

നിലവിൽ 27 വനിതാ ഇൻസ്‌പെക്ടർമാരടക്കം 668 ഇൻസ്‌പെക്ടർമാരാണുള്ളത്. ഇവരെ വിവിധ പോലീസ് സ്റ്റേഷനുകളിലും വിജിലൻസ്, ക്രൈംബ്രാഞ്ച്, കോസ്റ്റൽ തുടങ്ങിയ വിഭാഗങ്ങളിലുമായാണ് നിയമിച്ചിരിക്കുന്നത്. ഇതിൽ 21 വനിതാ ഇൻസ്‌പെക്ടർമാർ വിരമിക്കുന്നതോടെ സേനയിലെ തലപ്പത്തുള്ള വനിതകളുടെ ശക്തി ഇല്ലാതാകും.

സബ് ഇൻസ്‌പെക്ടർമാർക്കാണ് ഇൻസ്‌പെക്ടർമാരായി പ്രമോഷൻ ലഭിക്കുന്നത്. 2018-ൽ വനിതാ സബ് ഇൻസ്‌പെക്ടർമാരെ റിക്രൂട്ട് ചെയ്തിട്ടുണ്ടെങ്കിലും അവർക്കൊന്നും ഇൻസ്‌പെക്ടർമാരായി പ്രമോഷൻ ലഭിക്കാറായിട്ടില്ല. നേരത്തെ വനിതകൾക്കു മാത്രമായി പ്രത്യേക വിഭാഗത്തിലൂടെ പ്രമോഷനുകൾ പെട്ടെന്ന് ലഭിക്കുമായിരുന്നു. എന്നാൽ, വനിതാ പോലീസിനെയും ജനറൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയതോടെ പ്രമോഷനും വൈകുകയാണ്.

സേനയിൽ കൂടുതലുള്ള പുരുഷന്മാർക്കൊപ്പമാണ് വനിതകളെയും കണക്കാക്കുന്നത്. ഇതാണ് വനിതാ ഇൻസ്‌പെക്ടർമാരുടെ എണ്ണം കുറയാൻ കാരണം. സമരങ്ങളും മറ്റു പ്രശ്നങ്ങളും വരുമ്പോൾ വനിതാ ഇൻസ്‌പെക്ടർമാരുടെ സാന്നിധ്യം ഇല്ലാതാകുന്നതു പോലീസിനു വൻ പ്രതിസന്ധിയുണ്ടാക്കും.

സമരങ്ങളിൽ വനിതകളുടെ സാന്നിധ്യം കൂടുതലായി വരുന്നതിനാൽ ഇവരെ അറസ്റ്റ്ചെയ്യാൻ വനിതാ ഇൻസ്‌പെക്ടർമാർ വേണമെന്ന നിബന്ധന മാറ്റേണ്ടിവരും. സിവിൽ പോലീസ് ഓഫീസർമാരായി വനിതകളുണ്ടെങ്കിലും ഇൻസ്‌പെക്ടർ തസ്തികകളിൽ വനിതകൾ ഇല്ലാതാകുകയാണ്.

ഐപിഎസ് തലത്തിൽ പത്തു വനിതകളാണുള്ളത്. ഒരു ഐജി, രണ്ട് ഡിഐജിമാർ, ഏഴ് എസ്‌പിമാർ എന്നിങ്ങനെ. ഡിവൈഎസ്‌പിമാരായി വനിതകൾ ആരുമില്ല.

വയനാട്ടിൽ ഒരു വനിതാ ഇൻസ്‌പെക്ടർക്കു ഡിവൈഎസ്‌പിയുടെ ചാർജ് നൽകിയിട്ടുണ്ടെങ്കിലും അവരും ജൂണിൽ വിരമിക്കും. ശേഷിക്കുന്ന ആറ് ഇൻസ്‌പെക്ടർമാരിൽ നാലുപേർ ഡിസംബറിൽ വിരമിക്കും. നിലവിലുള്ള ആറുപേരിൽ രണ്ടുപേർക്കു മാത്രമേ ഡിവൈഎസ്‌പി റാങ്കിൽ എത്താൻ കഴിയൂ. മറ്റുള്ളവരൊക്കെ അതിനുമുമ്പേ വിരമിക്കും.

## ഓഫീസ് കെട്ടിടം വാങ്ങാനല്ല പണം ആവശ്യപ്പെട്ടത്; ബാർ ഉടമകളുടെ വാദം പൊളിയുന്നു

തിരുവനന്തപുരം: സംഘടനയ്ക്ക് ഓഫീസ് കെട്ടിടം വാങ്ങാനാണ് രണ്ടര ലക്ഷം രൂപ പിരിക്കാൻ നിർദ്ദേശിച്ചതെന്ന ബാറുടമകളുടെ വാദം പൊളിക്കുന്ന വിവരങ്ങൾ പുറത്ത്. കെട്ടിടം വാങ്ങാൻ മാസങ്ങൾക്കു മുൻപ് നേതൃത്വം ആവശ്യപ്പെട്ടതും അംഗങ്ങൾ നല്കിയത് ഒരു ലക്ഷം രൂപയാണെന്നതിന്റെ രേഖയും പുറത്തായി. മദ്യനയത്തിലെ ഇളവിനുവേണ്ടി രണ്ടര ലക്ഷം രൂപ ആവശ്യപ്പെട്ടത് പുറത്തായപ്പോഴാണ് കെട്ടിടം വാങ്ങാനാണ് പണം ആവശ്യപ്പെട്ടതെന്ന് പറഞ്ഞ് അസോസിയേഷൻ നേതാക്കൾ തലയൂരിയത്.

ബാറുടമകളുടെ സംഘടനയിലെ അംഗങ്ങളുടെ വാട്സാപ്പ് ഗ്രൂപ്പിൽ മാസങ്ങൾക്കു മുൻപ് വന്ന സന്ദേശത്തിൽ കെട്ടിടനിർമ്മാണത്തിനു നല്കേണ്ടത് ഒരു ലക്ഷം രൂപയാണെന്ന് വ്യക്തമായി പറയുന്നുണ്ട്. എക്സിക്യൂട്ടീവ് അംഗങ്ങളിൽനിന്ന് വായ്പയായാണ് തുക ആവശ്യപ്പെട്ടതെന്നാണ് ബാർ അസോസിയേഷൻ പ്രസിഡണ്ട് പറയുന്നത്. എന്നാൽ, അനിമോന്റെ ശബ്ദസന്ദേശത്തിൽ പണം ആവശ്യപ്പെട്ടത് ഇടുക്കി ജില്ലയിലെ എല്ലാ അംഗങ്ങളോടുമാണ്. കെട്ടിടത്തിനായി നേരത്തെ ഒരു ലക്ഷം നല്കിയിരുന്നവരോട് തന്നെയാണ് രണ്ടര ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടതെന്നാണ് വിവരം. 23-ന് ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ പല അംഗങ്ങളും ഇതുമായി ബന്ധപ്പെട്ട് നേതൃത്വത്തെ ചോദ്യം ചെയ്തിരുന്നു. പ്രത്യുപകാരമായി ആവശ്യപ്പെട്ട രണ്ടര ലക്ഷം രൂപയുടെ വിവരം പുറത്തായതോടെയാണ് എല്ലാം കെട്ടിട ഫണ്ടിലേക്കെന്നു പറഞ്ഞുള്ള അസോസിയേഷൻ നേതാക്കളുടെ തടിതപ്പൽ.

## ജൂൺ ഒന്നിന് ഇന്ത്യാ സഖ്യത്തിന്റെ യോഗം

ന്യൂഡൽഹി: ഏഴാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ജൂൺ ഒന്നിന്, പുതിയ തന്ത്രങ്ങൾ ആലോചിക്കുന്നതിനായി ഇന്ത്യാ സഖ്യത്തിന്റെ ഉന്നതനേതാക്കൾ ഡൽഹിയിൽ യോഗം ചേരും. ഒരുമിച്ച് മത്സരിച്ച സീറ്റുകളിലെ സഖ്യത്തിന്റെ പ്രകടനവും നേതാക്കൾ വിലയിരുത്തും. സഖ്യത്തിന്റെ തുടർനീക്കങ്ങളും യോഗത്തിൽ ചർച്ചയാകും. സർക്കാർ രൂപീകരിക്കാൻ കഴിയുന്ന സ്ഥിതിവിശേഷമുണ്ടായാൽ അതനുസരിച്ച് കക്ഷികളെ ഒരുമിച്ച് നിർത്താനുള്ള തന്ത്രങ്ങളടക്കം ആസൂത്രണം ചെയ്യും. ജൂൺ നാലിനാണ് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ. 25-ലധികം പാർട്ടികൾ അടങ്ങുന്ന പ്രതിപക്ഷം കഴിഞ്ഞ വർഷമാണ് പൊതു തെരഞ്ഞെടുപ്പിനെ നേരിടാൻ സഖ്യമുണ്ടാക്കിയത്. കേന്ദ്രഭരണത്തിൽനിന്നു ബിജെപിയെ പുറത്താക്കുകയാണ് ലക്ഷ്യം. ഡൽഹിയിലും യുപിയിലുമടക്കം മിക്ക സംസ്ഥാനങ്ങളിലും സഖ്യമാണ് പ്രതിപക്ഷ പാർട്ടികൾ മത്സരിച്ചത്.

## ദൈവദാസി ഷന്താളമ്മയുടെ 52-ാം ചരമവാർഷികം ആചരിച്ചു



അതിരമ്പുഴ: ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സഹസ്ഥാപകയും പ്രഥമാംഗവുമായ ദൈവദാസി മദർ മേരി ഫ്രാൻസിസ്ക ഷന്താളിന്റെ 52-ാം ചരമവാർഷികാചരണം അതിരമ്പുഴ സെ. മേരീസ് ഫൊറോന പള്ളിയിൽ നടത്തി. കബറിടത്തിൽ നടന്ന പ്രാർത്ഥനയിലും പള്ളിയിൽ അർപ്പിച്ച വിശുദ്ധ കുർബാനയിലും തുടർന്ന് നടത്തിയ നേർച്ചഭക്ഷണ വിതരണത്തിലും നൂറുകണക്കിന് വിശ്വാസികൾ പങ്കുകൊണ്ടു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സന്യാസിനികൾ ഉൾപ്പെടെ അനേകം വിശ്വസികളെത്തി. രാവിലെ മഠം ചാപ്പലിൽ കബറിടത്തിങ്കൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രാർത്ഥനാശുശ്രൂഷ നയിച്ചു. തുടർന്ന് കർദ്ദിനാളിന്റെ മുഖ്യകാർമ്മികത്വത്തിൽ ഫൊറോനാപള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പുണ്യപൂർണത കൈവരിക്കാനുള്ള ഭഗീരഥ പ്രയത്നത്തിലായിരുന്നു ഷന്താളമ്മയെന്ന് മാർ ആലഞ്ചേരി വിശുദ്ധ കുർബാന മദ്ധ്യേ നല്കിയ സന്ദേശത്തിൽ പറഞ്ഞു. വിശുദ്ധയാകുന്നതിന് പുണ്യപൂർണത ആവശ്യമാണെന്നു കരുതിയ ഷന്താളമ്മ ഇതിന്റെ അടിസ്ഥാനത്തിൽ ജീവിതത്തെ ക്രമവൽക്കരിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കാനിൽ ഇന്ത്യൻ സിനിമയ്ക്ക് അംഗീകാരം



കാൻ: പായൽ കപാഡിയ സംവിധാനം ചെയ്ത 'ഓൾ വി ഇമാജിൻ ആസ് ലൈറ്റി'ന് കാൻ ചലച്ചിത്രമേളയിലെ ഗ്രാൻ പ്രി പുരസ്കാരം. ഹിന്ദി-മലയാളം ചിത്രത്തിൽ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ചത് മലയാളി നടിമാർ കനി കുസൃതിയും ദിവ്യപ്രഭയുമാണ്. ഷോൺ ബേക്കർ സംവിധാനം ചെയ്ത 'അനോറ'യ്ക്കാണ് മേളയിലെ മികച്ച ചിത്രത്തിനുള്ള പാം ദോർ പുരസ്കാരം. മുപ്പതു വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഒരു ഇന്ത്യൻ ചിത്രം പാം ദോറിനു മത്സരിച്ചത്. ഇന്ത്യൻ സംവിധായികയുടെ കാൻ മത്സരവിഭാഗത്തിലെ ആദ്യചിത്രം എന്ന പ്രത്യേകതയുമുണ്ട്. മുംബൈയിൽ ജോലി ചെയ്യുന്ന പ്രഭ, അനു എന്നീ മലയാളി നേഴ്സുമാരുടെ കഥ പറയുന്ന സിനിമ ഇന്ത്യ-ഫ്രഞ്ച് സംരംഭമാണ്. ഛായ കദം, ഹൃദു ഹാറൂൺ തുടങ്ങിയവരും പ്രധാനവേഷങ്ങളിലുണ്ട്.

## നവജാതശിശുക്കൾ പൊള്ളലേറ്റു മരിച്ചു

(3-ാം പേജിൽനിന്നും)

സംഭവത്തിൽ ദേശീയ ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ആരോഗ്യമന്ത്രി സൗരഭ് ഭരദ്വാജ് ആരോഗ്യവകുപ്പിനോട് റിപ്പോർട്ട് തേടി.

"ഇടുങ്ങിയ ചേരിയിൽ കുട്ടികളെ ചികിത്സിക്കുന്ന ആശുപത്രിക്കെട്ടിടത്തിന്റെ ആദ്യത്തെനിലയിൽ, അനധികൃതവും അപകടകരവുമായി പ്രവർത്തിക്കുന്ന ഓക്സിജൻ സിലിണ്ടർ റീഫില്ലിങ് സെന്റർ പൂട്ടണമെന്ന് പലപ്രാവശ്യം കൗൺസിലർക്കടക്കം പരാതി നൽകിയിട്ടുണ്ട്. ആരും ചെവിക്കൊണ്ടില്ല. തീപിടിത്തമുണ്ടായപ്പോൾ നോക്കൂ, ആശുപത്രി ജീവനക്കാരടക്കം ഓടിരക്ഷപ്പെട്ടു. ദിവസങ്ങൾമാത്രം പ്രായമുള്ള കുഞ്ഞുങ്ങൾ ബലിയാടായി"- ആശുപത്രിയുടെ സമീപത്ത് താമസിക്കുന്ന സഞ്ചു വെർമയുടെ വാക്കുകളാണിത്. സംഭവസ്ഥലത്തേക്ക് ഓടിയെത്തിയ ആദ്യസംഘത്തിൽപ്പെട്ടയാളാണ് സഞ്ചു. ആശുപത്രിക്ക് സമീപത്തെ താമസക്കാരായ എല്ലാവർക്കും പറയാനുള്ളതും സമാനപരാതികളാണ്. സർക്കാർ സംവിധാനങ്ങളുടെ കടുത്ത അനാസ്ഥയ്ക്ക് വിലയായി നൽകേണ്ടിവന്നതാകട്ടെ ഏഴു പിഞ്ചോമനകളുടെ ജീവനും. അപകടകരമായി പ്രവർത്തിച്ചിരുന്ന ആശുപത്രിക്കെതിരെ നടപടിയെടുക്കാത്ത ആരോഗ്യവകുപ്പിന്റെ അനാസ്ഥയും ആശങ്കയുണർത്തുന്നു.

പത്തൊമ്പതു കുഞ്ഞുങ്ങളാണ് ആശുപത്രിയിലുണ്ടായിരുന്നത്. മാസം തികയാതെയുള്ള ജനനം, ജനനത്തിലുള്ള ബുദ്ധിമുട്ടുകൾ എന്നിവ പരിഹരിക്കുന്നതിനും പ്രത്യേക കരുതൽ നൽകുന്നതിനുമാണ് ഈ ആശുപത്രിയിലേക്ക് ഭൂരിഭാഗം കുഞ്ഞുങ്ങളെയുമെത്തിക്കുന്നത്. കുഞ്ഞുങ്ങളെ ഇൻക്യുബേറ്ററിൽ ഉൾപ്പെടെ പ്രവേശിപ്പിച്ചിരിക്കുന്നതിനാൽ കൂട്ടിരിപ്പുകാരായി മാതാപിതാക്കൾപോലുമുണ്ടാകില്ല. 25-ന് രാത്രിനടന്ന ദുരന്തവാർത്ത പല മാതാപിതാക്കളും അറിഞ്ഞത് 26-ന് പത്തുമണിക്കുശേഷമാണ്.

അപകടമുണ്ടായപ്പോൾ കുഞ്ഞുങ്ങളെ ആശുപത്രിയിൽനിന്ന് മാറ്റുന്നതിനു പകരം ജീവനക്കാർ ഓടിരക്ഷപ്പെടാൻ ശ്രമിച്ചെന്നും ആരോപണമുണ്ട്. നാട്ടുകാരാണ് ആദ്യഘട്ട രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. ആശുപത്രിക്ക് കൃത്യമായ ലൈസൻസില്ലെന്നാണ് പ്രാഥമികനിഗമനം. സംഭവസ്ഥലത്ത് തടിച്ചുകൂടിയ ജനങ്ങൾ വീഡിയോ ഷൂട്ട് ചെയ്യുന്നതിനായി ഫോണുകളുമായി കെട്ടിടത്തിനരികിലേക്ക് നീങ്ങിയതും രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയായി.

## കോഴയാരോപണം വിവാദമായി

(3-ാം പേജിൽനിന്നും)

ചെയ്യപ്പെട്ട ആളാണ് അനിമോൻ എന്നും സുനിൽകുമാർ പറഞ്ഞു. മദ്യനയം സിപിഎമ്മിൽ പോലും ചർച്ചചെയ്തിട്ടില്ലെന്നാണ് ഔദ്യോഗിക ഭാഷ്യം. സിപിഎമ്മിലും എൽഡിഎഫിലും ചർച്ചചെയ്ത് സർക്കാരിനു ശിപാർശ സമർപ്പിച്ചതിനുശേഷമേ മദ്യനയം ആകുകയുള്ളൂ എന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പറഞ്ഞു. കോഴ ആരോപണത്തിൽനിന്ന് അകലംപാലിച്ചു നിൽക്കുകയാണു സർക്കാർ. മദ്യനയത്തെ സ്വാധീനിക്കാൻ എന്നപേരിൽ ആരെങ്കിലും പണപ്പിരിവ് നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് എക്സൈസ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ആരോപണം ഉന്നയിച്ച ശബ്ദരേഖയേക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഡിജിപിക്കു രാജേഷ് പരാതിയും നൽകി.

എന്നാൽ, എം.ബി. രാജേഷ് രാജിവെക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം രംഗത്തെത്തി. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും കെപിസിസി പ്രസിഡണ്ട് കെ. സുധാകരനും ഈയാവശ്യം ഉന്നയിച്ചു. ആരോപണത്തെക്കുറിച്ച് കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ വി. മുരളീധരനും ആവശ്യപ്പെട്ടു.

നിയമസഭാ സമ്മേളനം അടുത്ത മാസം 10-ന് ആരംഭിക്കാനിരിക്കെ പുതിയ വിവാദം പിണറായി സർക്കാരിനു തലവേദന സൃഷ്ടിക്കാൻ പോരുന്നതാണ്. അസോസിയേഷന്റെ നേതൃസ്ഥാനത്തുള്ളയാൾ തന്നെ ഇടഞ്ഞുനിൽക്കുന്ന സാഹചര്യത്തിൽ കൂടുതൽ വിവരങ്ങൾ പുറത്തുവരാൻ സാധ്യതയുണ്ട്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തെ ബാർ കോഴ വിവാദത്തിനു പകരമായ ആയുധമായാണ് പ്രതിപക്ഷം ഇതിനെ കാണുന്നത്. സർക്കാരിനാകട്ടെ മദ്യനയത്തിൽ ഇളവുകൾ വരുത്താൻ ഇനി പലവട്ടം ആലോചിക്കേണ്ടിവരും.

ഇതിനിടെ, ബാർ കോഴ ആരോപണവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് സംഘത്തിന്റെ അന്വേഷണത്തിന് തുടക്കമായി. ഇടുക്കിയിലെത്തുന്ന അന്വേഷണസംഘം കോഴ ആവശ്യപ്പെട്ടുള്ള ശബ്ദരേഖ വാട്സാപ്പ് ഗ്രൂപ്പിലവ് പ്രചരിപ്പിച്ച അനിമോൻ ഉൾപ്പെടെയുള്ളവരുടെ മൊഴിയെടുക്കും. അനിമോനെ പോലീസിനു നേരിട്ടു ബന്ധപ്പെടാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. അതിനാൽ വീട്ടിലെത്തിയായിരിക്കും മൊഴിയെടുക്കുക.

അനിമോൻ ശബ്ദസന്ദേശം അയച്ച വാട്സാപ്പ് ഗ്രൂപ്പിലുണ്ടായിരുന്ന മറ്റ് ബാറുടമകളുടെ മൊഴിയും രേഖപ്പെടുത്തും. ബാർ ഉടമകളുടെ യോഗത്തിൽ പങ്കെടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും മൊഴിയും രേഖപ്പെടുത്തും. യോഗം നടന്ന ഹോട്ടലിലെ സിസി ടിവി ദൃശ്യങ്ങളും ശേഖരിക്കും.

രണ്ടരലക്ഷം ആവശ്യപ്പെട്ടുകൊണ്ട് ഗ്രൂപ്പിലിട്ട ശബ്ദരേഖ അനിമോൻ ഇതുവരെ നിഷേധിച്ചിട്ടില്ല. ക്രൈംബ്രാഞ്ചിന് അനിമോൻ നല്കുന്ന മൊഴിയനുസരിച്ചായിരിക്കും തുടർനീക്കം.

# SEEKING BRIDEGROOM

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee profes-

**Visit Our Website: www.keralaexpress.com for Matrimonial**

# SEEKING BRIDE

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

## SEEKING BRIDEGROOM CONTD.....

sional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

# നിര്യാതരായി

## ഫിലിപ്പ് ജോൺ

**വെണ്ണിക്കുളം:** പാട്ടക്കാല കുന്നംപള്ളിൽ ഫിലിപ്പ് ജോൺ (ജോർജുകുട്ടി-70) അന്തരിച്ചു. ഭാര്യ ജോളി ജോൺ (പുറമറ്റം പഞ്ചായത്ത് വൈസ് പ്രസിഡണ്ട്). മക്കൾ: ജിജോ ജോൺ (അബുദാബി), ജിജു ജോൺ (യുഎസ്),ജിനു ജോൺ (കുവൈറ്റ്). മരുമക്കൾ: സ്റ്റെഫി ജിജോ, ജെറിൽ ജിജു, ജിജോ ജോൺ.

**തിരുവനന്തപുരം:** കണ്ണമ്മൂല വിദ്യാധിരാജ ട്രാവൻകൂർ മെറിഡിയൻ അപ്പാർട്ടുമെന്റിൽ കടയ്ക്കൽ മുതയിൽ ഗവ. എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപികയും എഴുത്തുകാരിയും അഭിനേത്രിയുമായ എം.കെ. വിമലകുമാരിയമ്മ (86) അന്തരിച്ചു.

## എൽസി കുര്യൻ



**ചിക്കാഗോ:** ഒഐസിസി യുഎസ്എ നോർത്തേൺ റീജിയൺ ജനറൽ സെക്രട്ടറിയും വേൾഡ് മലയാളി കൗൺസിൽ ചിക്കാഗോ പ്രൊവിൻസ് വൈസ് പ്രസിഡണ്ടുമായ സജി കുര്യന്റെ മാതാവും മാവേലിക്കര മുട്ടം പടിഞ്ഞാറെതലയ്ക്കൽ പരേതനായ പി.സി. കുര്യന്റെ ഭാര്യയുമായ എൽസി കുര്യൻ (റിട്ട. അദ്ധ്യാപിക, ലില്ലിക്കുട്ടി-94) അന്തരിച്ചു. മുട്ടം മുഴങ്ങോടിയിൽ കുടുംബാംഗമാണ്. മക്കൾ: ജ്യോതി കുര്യൻ, ലിസ്സി സാം, സൂസൻ മനോഹർ, മോഹൻ കുര്യൻ, പരേതനായ റെജി കുര്യൻ, സജി കുര്യൻ. മരുമക്കൾ: ജെസ്സി സാം, മനോഹർ, മേഴ്സി, മിനി, അൻസ.

**ആർപ്പൂക്കര:** കരിപ്പിങ്ങാം പുറത്ത് പരേതനായ ഔസേപ്പ് ഏബ്രഹാമിന്റെയും ഏലിക്കുട്ടിയുടെയും മകൻ മാത്യു ഏബ്രഹാം (മത്തായിച്ചൻ-58) അന്തരിച്ചു.

**പെരിങ്ങുളം:** വെള്ളൂക്കുന്നേൽ പുതിയാപറമ്പിൽ പി.സി. ജോസഫ് (93) അന്തരിച്ചു.

**മാമ്മൂട്:** കണിച്ചുകുളം ഹെസേദ് കോട്ടേജിൽ ലെനി എലിസബത്ത് (61) അന്തരിച്ചു.

**കരിമ്പനക്കുളം:** കുത്രപ്പള്ളി ആരാധനാമഠാംഗം സിസ്റ്റർ ജൂലിയാനി തടത്തിൽപറമ്പിൽ (കുഞ്ഞമ്മ-88) അന്തരിച്ചു.

**ആമ്പല്ലൂർ:** ചെറുവള്ളിൽ ചാണ്ടി മത്തായി (മാത്തപ്പൻ-87) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** ബിഎസ്എൻഎൽ (കറുകച്ചാൽ) റിട്ട. ഉദ്യോഗസ്ഥൻ മാന്തുരുത്തി പള്ളിക്കുന്നേൽ പി.ഐ ജോർജ് (67) അന്തരിച്ചു.

## ഫാ.ഡോ. തോമസ് മാമ്പ്ര സി.എം.ഐ

**ചങ്ങനാശേരി:** സി.എം.ഐ സഭയുടെ മുൻ പ്രിയോർ ജനറലും തിരുവനന്തപുരം സെ. ജോസഫ്സ് പ്രോവിൻസിന്റെ മുൻ പ്രൊവിൻഷ്യലും ചെത്തിപ്പുഴ സാൻജോ ഭവൻ അംഗവുമായിരുന്ന ഫാ.ഡോ. തോമസ് മാമ്പ്ര സി.എം.ഐ (88) അന്തരിച്ചു. കൈനകരി മാമ്പ്ര കുടുംബാംഗമായ ഫാ. തോമസ് ബാംഗ്ലൂർ ധർമ്മാരാം, പൂണെ കാർമൽ വിദ്യാഭവൻ എന്നിവിടങ്ങളിൽ റെക്ടറും നിരവധി പുസ്തകങ്ങളുടെയും ഗവേഷണ പ്രബന്ധങ്ങളുടെയും രചയിതാവുമാണ്.

**കുന്നോന്നി:** വലിയപരയ്ക്കാട്ട് പൂഞ്ഞാർ അൽഫോൻസാ ഹോമിയോ ഡിസ്പെൻസറി ഉടമ ഡോ. വി.ടി. ചാണ്ടി (അപ്പച്ചൻ-84) അന്തരിച്ചു.

**തിരുവല്ല:** കുറ്റൂർ മാത്തിൽ കാരയ്ക്കാട് എസ്.എച്ച്.വി. എച്ച്.എസ് റിട്ട. അദ്ധ്യാപകൻ എം.ഇ. രവീന്ദ്രൻ നായർ (93) അന്തരിച്ചു.

**ചെട്ടികുളങ്ങര:** റിട്ട. അദ്ധ്യാപകനും ചെട്ടികുളങ്ങര എച്ച്എസ്എസ് ആൻഡ് ടിടിഐ മാനേജരുമായ കൈതവടക്ക് ചരൂർ വൈശാഖ് കെ.പി. രാധാകൃഷ്ണപിള്ള (77) അന്തരിച്ചു.

**പത്തനംതിട്ട:** മണ്ണായിക്കലിൽ അന്ന കുരുവിള (ജയ തോമസ്-57) അന്തരിച്ചു.

## പി.ടി. ജോസഫ്

**പൂവരണി:** പെരുമണ്ണിൽ പി.ടി. ജോസഫ് (കൊച്ചേപ്പ്-87) അന്തരിച്ചു. ഭാര്യ മണ്ണയ്ക്കനാട് രാമച്ചനാട്ട് മേരി. മക്കൾ: ബാബു (ആലുവ), ബിജു (കുറവിലങ്ങാട്), മിനി (ആലുവ), ജോജോ (യുഎസ്). മരുമക്കൾ: നിർമ്മല (കുറവിലങ്ങാട്), മെർലിൻ (കുറവിലങ്ങാട്), സജി (ആലുവ), രാധിക (മുംബൈ).

**തോട്ടയ്ക്കാട്:** കണ്ണോഴുക്കത്ത് ജയമോൾ വർഗീസ് (52) അന്തരിച്ചു.

**കടുത്തുരുത്തി:** കാണക്കാരി പെരുമ്പളത്തുശേരി ചിന്നമ്മ മാത്യു (69) അന്തരിച്ചു.

## അമ്മിണിക്കുട്ടി ജോർജ്

**തിരുവല്ല:** കുറ്റൂർ പാണ്ടിശ്ശേരിൽ അമ്മിണിക്കുട്ടി ജോർജ് (65) യുഎസിൽ അന്തരിച്ചു. കുട്ടമ്പേരൂർ ആലുനിൽക്കുന്നതിൽ കുടുംബാംഗമാണ്. ഭർത്താവ് ജോർജ് ഫിലിപ്പ്. മക്കൾ: ഡോ. മെറിൽ ജോർജ്, ഡോ. മെറിറ്റ് ജോർജ്. മരുമകൻ: ഡോ. ജയിംസ് ഫിലിപ്പ് (മൂവരും യുഎസ്).

**തോട്ടുവ:** റിട്ട. സബ് ഇൻസ്പെക്ടർ ഗ്രേസ് വില്ലയിൽ (കുറ്റിക്കാട്ടിൽ) ജേക്കബ് ജോസഫ് (തങ്കച്ചൻ-62) അന്തരിച്ചു.

**രാമപുരം:** എസ്എച്ച് എൽപിഎസ് റിട്ട. അദ്ധ്യാപിക കിഴക്കേകുന്നേൽ മോളി സാവിയോ (65) അന്തരിച്ചു.

## സി.വി. മാത്യു

**ചേർപ്പുങ്കൽ:** മുത്തോലി സെ. ആന്റണീസ് സ്കൂൾ റിട്ട. അദ്ധ്യാപകൻ മുരിയൻകരി സി.വി. മാത്യു (83) അന്തരിച്ചു. ഭാര്യ കാഞ്ഞിരമറ്റം മാളിയേക്കൽ മേരി മാത്യു. മക്കൾ: ജോജോ (ഓസ്ട്രേലിയ), ജോജി (ബെംഗ്ളൂരു), ഡോ. സിജോ (യുഎസ്), ജ്യോതിസ് (കാനഡ). മരുമക്കൾ: ജിസ്മ തുരുത്തിക്കാട് (ഓലിയപ്പുറം), സ്നേഹ മംഗലത്തിൽ, റിയ പാലമറ്റം, അസുന്ത വട്ടക്കുന്നേൽ.

**അയർക്കുന്നം:** കിടങ്ങൂർ സെ. മേരീസ് എച്ച്എസ്എസ് റിട്ട. പ്രധാനാദ്ധ്യാപകൻ കളപ്പുരയ്ക്കൽ കെ.ജെ. ജെയിംസ് (90) കാനഡയിൽ അന്തരിച്ചു.

## ബിനോയി സാമുവേൽ



**ഫിലാഡൽഫിയ:** ടാബേർനാക്കിൾ ചർച്ച് ഓഫ് ഗോഡ് സഭാംഗം ബിനോയ് ശാമുവേൽ (52) അന്തരിച്ചു. പരേതനായ കെ.എം. ശാമുവേലിന്റെയും പി.വി. അന്നമ്മയുടെ മകനാണ്. ഭാര്യ സിജി. മകൾ: ആഷ്‌ലി ബിനോയി. സഹോദരങ്ങൾ: ഡോ. ബിനു ഷാജിമോൻ, മഞ്ജു തോമസ്.

**കായംകുളം:** കുവൈറ്റ് കൊമേഴ്സ് ബാങ്ക് മുൻ ഉദ്യോഗസ്ഥൻ ഭഗവതിപ്പടി കൊച്ചാലുംമൂട്ടിൽ കെ.ജെ. കോശി (രാജൻ-72) അന്തരിച്ചു.

## ജയ്സ് ബിജു

**കോട്ടയം:** പാലാ പുളിക്കപ്രാവിൽ ചാണ്ടി മാത്യുവിന്റെയും റോസമ്മ മാത്യുവിന്റെയും മകൾ കോട്ടയം കുഴിമറ്റം കൈതാരം വീട്ടിൽ ബിജു മർക്കോസിന്റെ ഭാര്യ ജയ്സ് ബിജു (52) യുഎസിൽ അന്തരിച്ചു. മക്കൾ: ജാക്ക് ബിജു, ഷോൺ ബിജു, ഡാനി ബിജു.

**മുണ്ടക്കയം:** കണിയാന്തറ ലൂയിസ് ജോസഫ് (ജോയി-75) അന്തരിച്ചു.

**മുക്കൂട്ടുതറ:** മുക്കൂർ വിമല ഹൃദയ പുത്രിമാരുടെ സന്യാസ സമൂഹത്തിലെ പ്രൊപ്പോസ് സെ. ജോസഫ് കോൺവന്റ് അംഗമായ സിസ്റ്റർ മേരി റോസിലി (83) അന്തരിച്ചു.

**തഴുവംകുന്ന്:** ഒളരിക്കര സിഎച്ച്എഫ് നവജ്യോതി പ്രോവിൻസ് ഹോളി ഫാമിലി സഭാംഗം സിസ്റ്റർ ഡൽമേഷ്യ (88) അന്തരിച്ചു.

**കാളകെട്ടി:** അരുവിത്തുറ സെ. ജോർജ് ഹൈസ്കൂൾ റിട്ട. സ്റ്റാഫ് ആറ്റുചാലിൽ എ.എം. ദേവസ്യ (88) അന്തരിച്ചു.

## സിസിലിയാമ്മ തോമസ് പണിക്കർ



**കൊല്ലം:** മൈലോട് ഗവ. ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക മുകളിൽ പുത്തൻബംഗ്ലാവിൽ സിസിലിയാമ്മ തോമസ് പണിക്കർ (88) അന്തരിച്ചു. ഭർത്താവ് തോമസ് പണിക്കർ. മക്കൾ: ഷീബ ജോൺകുട്ടി (ന്യൂയോർക്ക്), സുജ കോശി (സിംഗപ്പൂർ), എബിസൺ പണിക്കർ(കുവൈറ്റ്).

**നീണ്ടൂർ:** കൊച്ചി നേവൽ ബേസ് റിട്ട. ഉദ്യോഗസ്ഥൻ ധന്യാനിലയം (ചെറുകര) മുരളീധരൻ നായർ (74) അന്തരിച്ചു.

## പി.ഒ. ജേക്കബ്

**വെണ്ണിക്കുളം:** കൈതാരത്ത് പുത്തൻപീടികയിൽ പി.ഒ. ജേക്കബ് (കുഞ്ഞ്-87) അന്തരിച്ചു. ഭാര്യ കുറിച്ചി മാണിക്കമംഗലത്ത് പരേതയായ അന്നമ്മ ജേക്കബ്. മക്കൾ: ബിജു ജേക്കബ് കൈതാരം (പ്രവാസി സംസ്കൃതി സംസ്ഥാന ജന. സെക്രട്ടറി), ബിജോയ് ജേക്കബ് കൈതാരം (ഫ്ളോറിഡ), ജോൺസി ജേക്കബ്, ജിജി ജെയിംസ്, ജിഷ ബേബിച്ചൻ. മരുമക്കൾ: റാന്നി ചിറ്റേടത്ത് ജേക്കബ് കുട്ടി, തിരുവൻവണ്ടൂർ വടക്കേയിലത്ത് ബേബിച്ചൻ, കരിങ്കുന്നം കണിയാർകുഴിയിൽ സിൽവി ബിജു, മുളയ്ക്കാന്തുരുത്തി പാറയിൽ ബിന്ദു ബിജോയ് (ഫ്ളോറിഡ), കല്ലിശേരി കല്ലുപാലത്തിങ്കൽ പരേതനായ കെ.ഒ. ജെയിംസ്.

**മാവേലിക്കര:** ബിഷപ് മൂർ കോളജ് റിട്ട. വൈസ് പ്രിൻസിപ്പലും ബിഷപ് മൂർ വിദ്യാപീഠം മുൻ പ്രിൻസിപ്പലുമായ കൊറ്റാർകാവ് മംഗലത്ത് പ്രഫ. ജോർജ് എം. ചെറിയാൻ (ജി.എംസി-86) അന്തരിച്ചു.

## കെ. രവീന്ദ്രൻ നായർ

**ഈസ്റ്റ് കല്ലട:** റിട്ട. അദ്ധ്യാപകൻ ആനിക്കോട്ടിൽ കെ. രവീന്ദ്രൻ നായർ (85) അന്തരിച്ചു. ഭാര്യ ഡി. വിജയദേവി (റിട്ട .അദ്ധ്യാപിക). മക്കൾ: മനോജ്, മഹേഷ് (ഇരുവരും യുഎസ്). മഞ്ജു (ബഹ്റൈൻ). മരുമക്കൾ: പ്രിയ, ലക്ഷ്മി (ഇരുവരും യുഎസ്), വിനു (ബഹ്റൈൻ).

**കുര്യനാട്:** മുട്ടപ്പള്ളിൽ (വലിയപറമ്പിൽ)മറിയക്കുട്ടി ജോസഫ് (87) അന്തരിച്ചു.

**കരിക്കാട്ടൂർ:** തീമ്പലങ്ങാട്ട് സിറിയക് തോമസ് (രാജൻ-87) അന്തരിച്ചു.

**തുരുത്തി:** പുത്തൻകാവ് പുതിയവീട്ടിൽ ജോർജ് വർഗീസ് (സണ്ണി-63) അന്തരിച്ചു.

## റേച്ചൽ ഏബ്രഹാം

**തോട്ടയ്ക്കാട്:** റിട്ട. നേഴ്സ് കങ്ങഴ കാനം മൈലക്കാട്ടായ മാലത്ത് റേച്ചൽ ഏബ്രഹാം (അമ്മിണി-88) ന്യൂയോർക്കിൽ അന്തരിച്ചു. മല്ലപ്പള്ളി കൊറ്റക്കുടി പള്ളിക്കൽ കുടുംബാംഗമാണ്. ഭർത്താവ് മാലത്ത് എം.കെ. ഏബ്രഹാം. മക്കൾ: ജോജി, ബ്ലസൻ. മരുമക്കൾ: ബിന്ദു, എലിസബത്ത്.

## എം.ജെ. തോമസ്

**മൂവാറ്റുപുഴ:** വാളകം മേത്തരട്ടയിൽ എം.ജെ. തോമസ് (90) യുഎസിൽ അന്തരിച്ചു. ഭാര്യ പുതുപ്പള്ളി ഇല്ലിക്കൽ മോളി തോമസ്. മക്കൾ: ജോസഫ്, നോബിൾ, റോഹൻ. മരുമക്കൾ: നിഷ, ടിന്റു, ബിൻസി (എല്ലാവരും യുഎസ്).

**ആലുവ:** ഫാക്ട് റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ തോട്ടയ്ക്കാട്ടുകര മഠത്തിറമ്പിൽ എം.ജെ. ജോൺ (75) അന്തരിച്ചു.

**തിരുവല്ല:** കിഴക്കൻമുത്തൂർ കൊച്ചിയിൽ തെക്കുംപുറത്ത് പരേതരായ ടി.ടി. ജോണിന്റെയും അന്നമ്മയുടെയും മകൾ മേരി ജോൺ (അമ്മുക്കുട്ടി-85) കാനഡയിൽ അന്തരിച്ചു.

**പാക്കിൽ:** വ്യവസായ വകുപ്പ് റിട്ട. ജോ. ഡയറക്ടർ കാരമൂട് ചിറയ്ക്കൽ വീട്ടിൽ സി.ജെ. ഡേവിഡ് (86) അന്തരിച്ചു.

## മറിയാമ്മ തോമസ്



**ന്യൂയോർക്ക്:** കുറിയന്നൂർ മാർത്തോമ്മാ ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക മറിയാമ്മ തോമസ് (മണി ടീച്ചർ-76) അന്തരിച്ചു. തിരുവല്ല കാവുംഭാഗം കല്ലറക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോൺ തോമസ് കാവുംതുണ്ടിയിൽ. മക്കൾ: സിനി തോമസ് (വൈറ്റ് പ്ലെയിൻസ് ന്യൂയോർക്ക്), സിജി തോമസ് (എൽമോണ്ട് ന്യൂയോർക്ക്).

**തിരുവല്ല:** റിട്ട. റെയിൽവേ എൻജിനീയർ ചുമത്ര വാഴപ്പറമ്പിൽ (എലിമണ്ണിൽ) ചന്ദ്രശേഖരപണിക്കർ (84) അന്തരിച്ചു.


**തെള്ളകം:** ഐശ്വര്യ ഹോട്ടൽ ഉടമയും വ്യാപാരി വ്യവസായി കാരിത്താസ് യൂണിറ്റ് മുൻ പ്രസിഡണ്ടുമായ ഏറ്റുമാനൂർ ചിറയിൽ (പുല്ലുകാലായിൽ) പി.എം. മാത്യു (കുട്ടപ്പൻ-80) അന്തരിച്ചു.

**പാലാ:** നഗരസഭ മുൻ കൗൺസിലർ കാനാട്ടുപാറ പനയ്ക്കൽ തോമസ് ചെറിയാൻ (തൊമ്മച്ചൻ-86) അന്തരിച്ചു.

## ലില്ലിക്കുട്ടി ജോസഫ്

**മുഴൂർ:** മണിയങ്ങാട്ട് പറമ്പകത്ത് ലില്ലിക്കുട്ടി ജോസഫ് (സിസിലിക്കുട്ടി-84) അന്തരിച്ചു. ചെറുവള്ളി മഞ്ഞാക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എൽ. ജോസഫ് (റിട്ട. അദ്ധ്യാപകൻ മണലുങ്കൽ). മക്കൾ: ജോയി (റിട്ട. റെയിൽവേ), ജോർജ് (യുഎസ്), തോമസുകുട്ടി (യുകെ), സജി (യുഎസ്), അലക്സ്, പരേതനായ രാജു. മരുമക്കൾ: ലിസമ്മ അറുപറതെക്കേനിയിൽ (പാറമ്പുഴ), ലാലി പ്ലാത്തറ (കാഞ്ഞിരമറ്റം), പരേതയായ ജറ്റ്സി മുടക്കാമ്പുറം (ആപ്പാഞ്ചിറ), എബി കലയത്തിനാൽ (ഭരണങ്ങാനം), റീന ചരളയിൽ (കാഞ്ചിയാർ).

## ജോൺ ഈപ്പൻ



**ചിക്കാഗോ:** പത്തനംതിട്ട കോയിപ്രം കിഴക്കേ മട്ടക്കൽ ജോൺ ഈപ്പൻ (സണ്ണി-72) അന്തരിച്ചു. ഭാര്യ അന്നമ്മ ഇലന്തൂർ പാലനില്ക്കുന്നതിൽ കുടുംബാംഗമാണ്. മക്കൾ: ജിബിൻ ഈപ്പൻ, എബി ഈപ്പൻ, സുബിൻ ഈപ്പൻ (എല്ലാവരും ചിക്കാഗോ). മരുമകൾ: കാർളി. സഹോദരങ്ങൾ: പരേതയായ പൊന്നമ്മ സക്കറിയ (എടത്വ), മേരി ചാണ്ടി (രാജമ്മ-എറണാകുളം), നൈനാൻ ഈപ്പൻ (ജോയിക്കുട്ടി-ചിക്കാഗോ), മാത്യൂസ് ഈപ്പൻ (മോനച്ചൻ-ചിക്കാഗോ).

**മാന്നാനം:** കെ.എസ്. കാലിത്തീറ്റ കുമരകം ഡീലറും സുബിൻ ഏജൻസീസ് ഉടമയുമായ കണ്ണാലയിൽ ജോസഫ് ചാണ്ടി (അപ്പച്ചൻ-64) അന്തരിച്ചു.

**ആദിച്ചനല്ലൂർ:** അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് റിട്ട. ജോയിന്റ് ഡയറക്ടർ കൈതക്കുഴി വടക്കുംകര സാന്തോം വി.എം. തോമസ് (82) അന്തരിച്ചു.

**തൃശൂർ:** നിഷ്പാദുക കർമ്മലീത്താ സഭയുടെ ഡൽഹി പ്രോവിൻസ് അംഗവും ഒസിഡി ഡൽഹി പ്രോവിൻസ് മുൻ പ്രൊവിൻഷ്യലുമായിരുന്ന ഫാ. ബെഞ്ചമിൻ കോക്കാട്ട് (80) അന്തരിച്ചു.

**ചാഞ്ഞോടി:** മധ്യപ്രദേശ് ജബൽപൂർ വെഹിക്കിൾ ഫാക്ടറി മുൻ ഉദ്യോഗസ്ഥ കൊപ്പാറപറമ്പിൽ കുഞ്ഞമ്മ തോമസ് കുട്ടി (കുഞ്ഞുമോൾ-74) അന്തരിച്ചു.

**പുന്നത്തുറ വെസ്റ്റ്:** കണിയാംകുന്നേൽ കെ.ടി. ഏബ്രഹാം (ബേബി-65) അന്തരിച്ചു.

**ആർപ്പൂക്കര:** വെണ്ണിക്കുളം അയ്യൻകോവിൽ മാത്യു ചെറിയാൻ (66) അന്തരിച്ചു.

## CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

Call **301 651 6049** or

**Thomasjacob1955@gmail.com**

## RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം


*Inserted by: Firm Believer, Chicago*

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.


**Call or text Finny @ 919-446-4640**

### ഉപകാരസ്മരണ





*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ





*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# കാണാത്ത് തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. അവർ മണിമലയിൽ ചെന്നത് എതിരാളികളിൽ അങ്കലാപ്പുണ്ടാക്കുന്നു. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ അനിബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടുന്നു...**

## 98

മുറിഞ്ഞപുഴ ഫോറസ്റ്റ് ചെക്ക്പോയിന്റ് കഴിഞ്ഞതോടെ കോടമഞ്ഞിന്റെ മഹാപ്രളയം വന്നു കാറിനെ മൂടി.

“മഞ്ഞലൈറ്റൊണ്ടോ സാറെ?”

അനിബാബു ചോദിച്ചു.

“ഫോഗ്ലാംപല്ലേ. വർക്കിങ്ങാണോന്നറിയില്ല. ഞങ്ങൾക്കതിന്റെ ആവശ്യം വരാറില്ലല്ലോ.”

സന്ദീപ് ഫോഗ്ലാംപിന്റെ സ്വിച്ചിട്ടു.

“ഭാഗ്യം! രക്ഷപ്പെട്ടു.”

“ഇനി സൂക്ഷിച്ചുപോണേ സാറെ. വല്ല തട്ടോ മുട്ടോ ഉണ്ടായാൽ പണി പാളും.”

സന്ദീപ് വളരെ ശ്രദ്ധയോടെ കാർ ഓടിച്ചു. എതിരെ സകലമാന ലൈറ്റുകളുമിട്ട് ഇൻഡിക്കേറ്ററുകളും മിന്നിച്ചു വരുന്ന വാഹനങ്ങൾക്കെല്ലാം പരമാവധി സൈഡ് കൊടുത്തു.

പുല്ലുപാറയും വളഞ്ഞങ്ങാനവും പിന്നിട്ട് കാർ കുട്ടിക്കാനത്തോടടുത്തു. ജംക്ഷനിലെത്തിയപ്പോൾ അനിബാബു പറഞ്ഞു:

“എടത്തോട്ടു തിരിഞ്ഞു പോട്ടെ.”

സന്ദീപ് ഏലപ്പാറ റൂട്ടിലൂടെ കാർ വിട്ടു.

“അയാൾക്ക് കുഴപ്പമൊന്നുമില്ലല്ലോ, അല്ലേ?”

സന്ദീപിന് അതിലായിരുന്നു ആശങ്ക.

ഒരാൾ കുനിഞ്ഞ് കാൽക്കീഴിലെ പ്ലാസ്റ്റിക് ഫോമിൽ വിലങ്ങനെ ശവംപോലെ കിടക്കുന്ന മനുഷ്യശരീരത്തിന്റെ തലയുടെ ഭാഗത്തേക്കു കുനിഞ്ഞു.

“നായിന്റെമോനെ... ശ്വാസം ഒണ്ടോടാ?”

ഒരനക്കവും ഇല്ല. പിൻസീറ്റിന്റെ മധ്യത്തിലിരുന്നയാൾ സുകുവിന്റെ നടുവിന് ഒരു ചവിട്ടു ചവിട്ടി. അപ്പോൾ പന്നി ഞരങ്ങുന്നപോലെ ഒരു ഞരക്കമുണ്ടായി.

“അവൻ ചത്തപോലെ അഭിനയിച്ചു നോക്കുവാരുന്നു. പോലീസിന്റെ ഇടി കിട്ടുമ്പഴും നാട്ടുകാരു പിടിച്ചുകെട്ടി തല്ലിച്ചതയ്ക്കുമ്പഴും കള്ളൻമാർക്ക് ഒരടവൊണ്ട്. ചത്തപോലെ കെടക്കും. ഒരു മാതിരി തല്ലുകാരൊക്കെ അതോടെ ഒന്നടങ്ങും.”

പിന്നിലിരുന്ന മൂവരിൽ ഒരാൾ പറഞ്ഞു.

“പതിയെ.... സ്പീഡ് കൊറച്ച്.”

അനിബാബു മുന്നോട്ടാഞ്ഞിരുന്ന് റോഡിന്റെ വളവുതിരിവുകൾ നോക്കി.

“ആരെങ്കിലും കൃത്യമായിട്ട് പറഞ്ഞുകൊടുക്കണേ...” പിന്നിലേക്കു നോക്കി അനിബാബു നിർദേശിച്ചു. റോഡിനിരുവശവും തേയിലത്തോട്ടമാണ്. ഒരു കലുങ്കു കടന്ന് ചെറിയ കയറ്റം കയറിക്കഴിഞ്ഞപ്പോൾ പുറകിലിരുന്നയാൾ പറഞ്ഞു.

“ഇനി ആദ്യത്തെ എടത്തോട്ടൊള്ള റോഡാ.” ഇടതുഭാഗത്തേക്കുള്ള റോഡ് കണ്ട് സന്ദീപ് കാർ നിർത്തി.

“വട്ടം തിരച്ചോ...” സന്ദീപ് സ്റ്റിയറിങ് തിരച്ചുകൊണ്ടു കാർ മുൻപോട്ടു പതിയെ നീക്കി. പള്ളിക്കുന്ന്-പേട്ട റോഡിലൂടെ കാർ പൊയ്ക്കൊണ്ടിരുന്നു. തേയിലത്തോട്ടങ്ങൾ ക്രമേണ അവസാനിച്ചു. ഇനി പുൽമേടുകളാണ്. മൺറോഡിലൂടെയാണ് കാർ ഓടുന്നത്.

ദുർഘടം പിടിച്ച വഴി.

ഗട്ടറുകൾ, വലിയ കല്ലുകൾ റോഡിൽ അവിടവിടെ തെളിഞ്ഞിട്ടുണ്ട്. കാറിന്റെ അടിഭാഗം കല്ലിൽ ഇടിക്കാതിരിക്കാൻ വളരെ സൂക്ഷിച്ചാണു സന്ദീപ് കാറോടിച്ചത്. ചിലയിടങ്ങളിൽ ഉരുളൻ കല്ലുകളുടെ മീതെ ടയറുകൾ കയറിയിറങ്ങിപ്പോയി.

വീണ്ടും ഇടത്തേക്കു തിരിയുന്ന മൺറോഡ്. കുറച്ചു ദൂരം ചെന്നപ്പോൾ മുള്ളുവേലികൊണ്ടു തിരിച്ച ഒരു കൃഷിയിടം കാണായി.

“എടത്തുവശത്ത് ഒരു ഗേറ്റൊണ്ട്. നോക്കിക്കോണേ.”

നിമിഷങ്ങൾക്കകം ഗേറ്റിനു മുന്നിലെത്തി.

നാൽക്കാലികൾ കയറാതിരിക്കാൻ ഇരുവശത്തുമുള്ള തൂണുകളിലെ പൊഴികളിൽനിന്ന് മൂന്നു വലിയ മുളകൾ വിലങ്ങനെ സ്ഥാപിച്ച ഗേറ്റ്.

ഒരാൾ ഇറങ്ങി മുളകൾ ഒരു വശത്തേക്കു തള്ളിമാറ്റി കാറിനു പോകാൻ സൗകര്യമുണ്ടാക്കി. അതിനുശേഷം വീണ്ടും കാറിൽ കയറി. കൃഷിസ്ഥലം പിന്നിട്ടപ്പോൾ പുൽമേടായി. ഒരു മൊട്ടക്കുന്നിന്റെ ചെരുവിൽ ആസ്ബസ്റ്റോസ് മേഞ്ഞ ഒരു കെട്ടിടം കാണായി. കരിങ്കൽ ചുമരുകളുള്ള കെട്ടിടത്തിനു മുൻപിൽ കാർ ചെന്നുനിന്നു.

കെട്ടിടത്തിനുള്ളിൽ ലൈറ്റ് തെളിഞ്ഞു.

രണ്ടു വലിയ ജനാലകളും ഒരു ചെറിയ ഷട്ടറും മുൻഭാഗത്ത് കാണാനുണ്ട്. ഇരുമ്പു ഷട്ടർ തുറക്കപ്പെട്ടു. സ്വെറ്ററിട്ട് മഫ്ളയർ കഴുത്തിൽ ചുറ്റി ഒരാൾ ഇറങ്ങി വന്നു.

“സാറവിടിരുന്നാമതി. പിന്നെ വിളിക്കാം.”

അനിബാബു സന്ദീപിനോടു പറഞ്ഞു.

അനിബാബുവും കൂട്ടാളികളും ഇറങ്ങി കെട്ടിടത്തിനുള്ളിലേക്കു പോയി.

പിൻസീറ്റിന്റെ ഭാഗത്ത് ചലനം അറിഞ്ഞു സന്ദീപ് തിരിഞ്ഞു നോക്കി. പ്ലാറ്റ്ഫോമിൽ കമിഴ്ന്നു കിടക്കുന്ന ആൾ ഇഴഞ്ഞ് കാറിനു പുറത്തു കടക്കാനുള്ള ശ്രമമാണ്. കൈകാലുകൾ കെട്ടിയിരിക്കുന്നതിനാൽ ആൾക്ക് അതത്ര എളുപ്പമല്ല.

അനിബാബു തിരിച്ചെത്തി.

“എന്തിനാടാ സുകുവേ നീയിത്ര കഷ്ടപ്പെടുന്നെ? ഞങ്ങള് നിന്നെ എറക്കിക്കൊണ്ടു പോകുവല്ലേ.” സുകുവിന്റെ തലയും ഉടലും കാറിന്റെ പുറത്ത് കടന്നിരുന്നു. ഒരാൾകൂടി ഇറങ്ങിവന്ന് സുകുവിനെ വലിച്ചിറക്കി. ഇരു കക്ഷത്തിൽകൂടിയും കയ്യിട്ട് സുകുവിനെ തൂക്കിയെടുത്ത് കെട്ടിടത്തിനുള്ളിലേക്കു കൊണ്ടുപോയി. ഉടൻതന്നെ അനിബാബു തിരിച്ചെത്തി.

“സാറ് മൊഖോം തലേം ഒന്ന് മറച്ച് കെട്ടിക്കോ. സാറിന്റെ മൊഖം ആരും കാണണ്ട.”

“എനിക്കൊരു തൊപ്പിയുണ്ട്. അതു വെച്ചാ മതിയോ?”

“തലേലതു മതി. മൊഖം ഒന്നു മൂടിയേക്കണം.” സന്ദീപ് കർച്ചീഫ്കൊണ്ടു കണ്ണിനു താഴേക്കു മൂടിക്കെട്ടി. തലയിൽ തൊപ്പിയും വെച്ചു.

“ങാ... ഇതു മതി.. വാ.”

സന്ദീപ് കാറിൽനിന്ന് ഇറങ്ങി. മൂടൽമഞ്ഞ്. ഫ്രീസറിൽ കയറിയതുപോലുള്ള തണുപ്പ്.

“ഇവിടെ നല്ല തണുപ്പും മഞ്ഞുമാ. അകത്തോട്ടു കേറിക്കോ.”

“ഇതേതാ സ്ഥലം?”

“ഇതൊരു പാലാക്കാരന്റെയാ സാറെ. റിസോർട്ടൊണ്ടാക്കാൻ വേണ്ടി വാങ്ങിച്ചിട്ടിരിക്കുന്നതാ. ഇപ്പം കൊറച്ചു കൃഷിയൊക്കെയേ ഒള്ളൂ. നമ്മടൊരു പാർട്ടിയാ ഇതിന്റെ നോട്ടക്കാരൻ.”

“ഇങ്ങോട്ട് ഇലക്ട്രിക് കണക്ഷനൊന്നും കാണാനില്ലല്ലോ. പിന്നെങ്ങനാ കറന്റ്?”

“സോളാറാ സാറെ. പിന്നൊരു ഹോണ്ടാ ഇഞ്ചനും ഒണ്ട് - ഡീസലിന്റെ.”

“ഞാനെന്താ ചെയ്യണ്ടേ?”

“സാറെ, കൂട്ടിക്കസുകൂനെ ചോദ്യം ചെയ്യണം. ഇരുപത്തിരണ്ടു വർഷം മുൻപ് ഏലപ്പാറ ബസ്സ്റ്റാന്റീന്ന് ഒരാളെ കാണാതായി, അവിടുന്നു തൊടങ്ങാം. സാറ് മര്യാദയ്ക്കു ചോദിച്ചാ മതി. മര്യാദകേടിന് ഞങ്ങള് നാലുപേരൊണ്ട്.” അനിബാബു സന്ദീപിനെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

ഒരു മുറിയിൽ നിലത്ത് ഭിത്തി ചാരി ഇരുത്തിയിരിക്കുകയാണ് കൂട്ടിക്കൽ സുകുവിനെ. കൈകൾ പുറകോട്ട് കെട്ടിയിട്ടുണ്ട്. കാലുകളും കൂട്ടിക്കെട്ടിയ നിലയിലായതുകൊണ്ട് ഒന്നു തള്ളിയാൽ മറിഞ്ഞു വീഴുമെന്ന അവസ്ഥയിലാണ്. വാതിൽക്കൽനിന്ന് കൂട്ടിക്കൽ സുകുവിനെ നോക്കിയ സന്ദീപ് അമ്പരപ്പോടെ പിന്തിരിഞ്ഞു.

“എന്താ സാറെ?”

അനിബാബു സ്വരം താഴ്ത്തി.

“കൂട്ടിക്കൽ സുകൂന്നൊക്കെ കേട്ടപ്പോ ഞാൻ വിചാരിച്ചത് ആറടി പൊക്കോം അതിനൊത്ത തടീം ഒള്ള ഒരു ഭീകര ഗുണ്ടയാണെന്നാ. ഇയാളൊരു വള്ളിപോലത്തെ മനുഷ്യൻ... ഇതുതന്നെയാണോ ആള്?”

“സാറെ... സിനിമയിലേ ഒള്ളൂ തടിമാടന്മാര് ഗുണ്ടകള്... സാറ് ജയിലിക്കേറി കാണണം. വല്യ കൊലകൊമ്പൻമാര് കള്ളന്മാരും ഗുണ്ടകളും ഒക്കെ ചെറിയ മനുഷേൻമാരാ... അവരടെ അകത്താ ശക്തീം ധൈര്യോം - പൊറമേ കാണുന്നപോലല്ല അകമേ... വല്യ തടിമുടുക്കൊള്ളവരൊക്കെ മിക്കവാറും ഇതിനൊന്നും കൊള്ളാത്തവരാ.”

അത് സന്ദീപിന് പെട്ടെന്നൊന്നും വിശ്വാസമായില്ല.

“പിന്നെ വേറൊരു കാര്യമൊണ്ട്.” അനിബാബു പറഞ്ഞു: “തടിച്ചു കൊഴുക്കാനൊന്നും പോലീസുകാരും ജയിലർമാരും സമ്മതിക്കത്തുമില്ല.”

കൂട്ടിക്കൽ സുകുവിന്റെ മുന്നിൽ ഒരാൾ ഒരു കസേര കൊണ്ടിട്ടു. അനിബാബു സന്ദീപിന്റെ കൈ പിടിച്ച് ആ കസേരയിൽ കൊ

ണ്ടുചെന്നിരുത്തി.

"സാറ് ചോദിച്ചാട്ടെ." അനിബാബു പറഞ്ഞു. എന്നിട്ടു സംഘാംഗങ്ങളെയും കൂട്ടി മുറിയിൽനിന്ന് ഇറങ്ങിപ്പോയി.


സന്ദീപ് കുട്ടിക്കൽ സുകുവിന്റെ കണ്ണിലേക്കുതന്നെ നോക്കി. സുകു ഒരവജ്ഞകലർന്ന ഗോഷ്ടിച്ചിരിയോടെ സന്ദീപിനെ നോട്ടം കൊണ്ടളന്നു. എന്നിട്ടു നിഷേധാർത്ഥത്തിൽ നാലഞ്ചുവട്ടം തല യാട്ടി. അനിബാബു പ്ലാസ്റ്റിക് ബക്കറ്റിൽ അര ബക്കറ്റ് വെള്ളവുമായി മുറിയിലേക്കു വന്നു. അതു കുട്ടിക്കൽ സുകുവിന്റെ തല വഴി കമഴ്ത്തി.

"കുടിച്ച കള്ളിന്റെ കെട്ടെറങ്ങാംവേണ്ടിയാ. നേരെയിരുന്ന് നല്ല ചൊണയായി വർത്തമാനം പറ സുകുവേ..."

സുകു അടുത്ത നിമിഷം വായിൽവന്ന തെറിയെല്ലാംകൂടി മാലപ്പടക്കംപോലെ കൊരുത്ത് അനിബാബുവിന്റെ നേരെ പൊട്ടിച്ചു. എന്നിട്ട് ഭിത്തിയിലേക്കു തലയുടെ പിറകുവശം ഇടിച്ച് സർവശക്തിയുമെടുത്ത് അലറി.

"നിന്റിഷ്ടംപോലെ അലറിക്കോടാ. മദയാന ചിന്നം വിളിച്ചാ കേക്കാൻ ഈ പ്രദേശത്ത് വേറെ മനുഷ്യരാരുമില്ല." നിസ്സാരമട്ടിൽ പറഞ്ഞിട്ട് അനിബാബു ഒഴിഞ്ഞ ബക്കറ്റുമായി മാറിനിന്നു. ഐസുപോലെ തണുത്ത വെള്ളമായിരുന്നതിനാൽ അക്ഷരാർത്ഥത്തിൽ ത്തന്നെ കുട്ടിക്കൽ സുകുവിന്റെ ലഹരിക്കെട്ടെല്ലാം നിമിഷങ്ങൾക്കുള്ളിൽ അഴിഞ്ഞലിഞ്ഞു.

"ചില കാര്യങ്ങൾ ചോദിച്ചറിയാൻ വേണ്ടിയാ ഞങ്ങൾ നിങ്ങളെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വന്നിരിക്കുന്നെ." മനുഷ്യസഹജമായ മര്യാദയോടെ സന്ദീപ് പറഞ്ഞു.



സുകു തല കുടഞ്ഞപ്പോൾ നാലുപാടും വെള്ളത്തുള്ളികൾ തെറിച്ചു.

"കണിയാമ്പറമ്പിൽ ശേഖരൻകുട്ടിയുടെ മകൻ ചന്ദ്രബാബുവിനെ നിങ്ങൾ അറിയുമോ?"

സന്ദീപ് ചോദിച്ചു.

സുകു ചുണ്ടു കോട്ടി.

"ഉത്തരം പറയെടാ." അനിബാബു ആക്രോശിച്ചു.

"നീ പോടാ മൈ..." വീണ്ടും തെറിയുടെ മാലപ്പടക്കം. അനിബാബു മുന്നോട്ടുചെന്നു കുനിഞ്ഞ് സുകുവിന്റെ രണ്ടു ചെകിട്ടത്തും ഓരോന്നു പൊട്ടിച്ചു.

"വേണ്ട ചേട്ടാ... മർദനോം ബലപ്രയോഗോം ഒന്നും വേണ്ട." സന്ദീപ് തടഞ്ഞു.

"സാറ് ചോദിച്ചാട്ടെ."

"ഞങ്ങൾ നിങ്ങളെ ഉപദ്രവിക്കാൻ കൊണ്ടുവന്നതല്ല."

"പിന്നെ ബിരിയാണി തരാൻ കൊണ്ടുവന്നതാണോടാ പട്ടീ." സുകു പൊട്ടിത്തെറിച്ചു.

"എടാ, ഒരൊറ്റയിടി ഇടിച്ചാ നിന്റെ വായിലെ പല്ലു മുഴുവൻ എളകും. മര്യാദയ്ക്കു സംസാരിച്ചോ." അനിബാബു ഭീഷണിപ്പെടുത്തി.

"നമുക്ക് വഴക്കില്ലാതെ സംസാരിക്കാൻ പറ്റുമല്ലോ. രണ്ടു കൂട്ടർക്കും അതാ നല്ലത്. ഞാൻ ചോദിച്ച ചോദ്യം ഇത്രേയുള്ളൂ. ചന്ദ്രബാബുവിനെ അറിയാമായിരുന്നോ?"

"അറിയാരുന്നു. നിന്റച്ഛന്റെ അമ്മേ കെട്ടിയവനല്ലേടാ.... മോനെ." സുകുവിന്റെ മറുപടി വന്നു.

"സാറേ, സാറിങ്ങോട്ട് എഴുന്നേറ്റു വാ..."

അനിബാബു വന്ന് സന്ദീപിന്റെ കൈ പിടിച്ചു കസേരയിൽനിന്ന് എണീപ്പിച്ചു.

"ഇവൻ സാറിനോട് മറുപടി പറയൂന്ന് വിചാരിച്ചല്ല ചോദ്യം ചോദിച്ചോന്നും പറഞ്ഞ് സാറിനെ ഇവിടെക്കൊണ്ടിരുത്തിയെ. ഇവന്റെ സൊബാവം ഇതാണെന്നു കാണിക്കാൻ വേണ്ടിയാ. അല്ലെങ്കി ഞങ്ങള് വല്ലതും ചെയ്താ സാറ് പറയും – അതൊന്നും വേണ്ടാരുന്നല്ലോ... മര്യാദയ്ക്കു ചോദിച്ചാ മതിയാരുന്നല്ലോന്ന്. ഇപ്പ സാറിനു മനസ്സിലായല്ലോ." അനിബാബു പറഞ്ഞു.

സംഘത്തിലൊരാൾ ഒരു മുളകുപൊടി പാക്കറ്റ് കൊണ്ടുവന്നു കടിച്ചു പൊട്ടിച്ച് അതിലെ മുളകുപൊടി സുകുവിന്റെ മുഖത്തും തലയിലും വിതറി. മറ്റൊരാൾ ഒരു വലിയ ചരുവത്തിൽ വെള്ളം കൊണ്ടുവന്നു മുറിയിൽ വെച്ചു. മറ്റൊരാൾ പാക്കറ്റിൽ അവശേഷിച്ചിരുന്ന മുളകുപൊടി വെള്ളത്തിൽ കലക്കി.

"സാറ് ഇതൊന്നും കാണാൻ നിക്കണ്ട. പുറത്തോട്ടെറങ്ങിക്കോ."

അനിബാബു പറഞ്ഞു.

മുറിവിട്ടിറങ്ങുന്നതിനിടയിൽ സന്ദീപ് ആ കാഴ്ച കണ്ടു. ഒരാൾ കുട്ടിക്കൽ സുകുവിന്റെ തല പിടിച്ച് ചരുവത്തിലെ മുളകുപൊടി കലക്കിയ വെള്ളത്തിലേക്കു മുക്കുന്നു. തുപ്പിത്തെറിക്കുന്ന മാതിരി ചരുവത്തിലെ വെള്ളത്തിൽനിന്ന് കുമിളകളും ജലകണങ്ങളും ചിതറുന്നു. മുക്രയിടുന്ന സ്വരം പുറപ്പെടുവിച്ചുകൊണ്ട് കുട്ടിക്കൽ സുകു നിലത്തു കാലുകളിട്ടടിക്കുന്നു.

പുകക്കുഴലിൽ കിടന്നു ശ്വാസം മുട്ടിയ പോലെയാണ് സന്ദീപ് കെട്ടിടത്തിനു വെളിയിലെത്തിയത്. തണുത്ത പ്രാണവായു വലിച്ചെടുത്തപ്പോൾ എന്തെന്നില്ലാത്ത ആശ്വാസം. കെട്ടിടത്തിനുള്ളിൽനിന്ന് സുകുവിന്റെ അലർച്ച ഇടവിട്ടിടവിട്ടു കേട്ടു.

ഇതിനു താൻ വരേണ്ടിയിരുന്നില്ലെന്ന് സന്ദീപ് കുണ്ഠിതപ്പെട്ടു. അനിബാബു പുറത്തേക്കു വന്നപ്പോൾ അയാൾ പറഞ്ഞു:

"ഇത് നിങ്ങള് കൈകാര്യം ചെയ്താ മതിയാരുന്നു. എന്നെ വെറുതെ..."

"അതല്ല സാറേ. ഞങ്ങക്കൊരു നേതാവ് വേണ്ടേ. സാറിനു വേണ്ടിയാണെന്നാ ഞാനവമ്മാരോട് പറഞ്ഞേക്കുന്നെ."

"ഞാൻ നേരിട്ട് വരേണ്ട കാര്യമില്ലാരുന്നു."

"കാറു വേണ്ടേ. അതു മാത്രോ... സാറ് കൂടെ ഒണ്ടെങ്കിലേ ഞങ്ങക്ക് ഒരുശിരൊള്ളു, സാറേ. അതങ്ങനെയാ..."

"ഇതിപ്പോ ഞാനാരാണെന്ന് അവർക്കറിയില്ലേ?"

"സാറ് സാറല്ല- വേറൊരാളാണെന്നാ ഞാൻ പറഞ്ഞേക്കുന്നെ. സാറിന്റെ പേര് വേറേ. തൊഴിലു വേറേ. അഡ്രസ്സു വേറേ. പിന്നെന്താ പ്രശ്നം." കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ വന്നു വിളിച്ചു.

"ഇപ്പ വല്ലതും ചോദിച്ചാ മറുപടി പറയും. ഒരു മയം വന്നിട്ടൊണ്ട്."

"സാറ് വന്നാട്ടെ."

അനിബാബു വിളിച്ചു.

സന്ദീപിന് അകത്തേക്കു പോകാൻ മടിയായിരുന്നു. കുട്ടിക്കൽ സുകു ഇപ്പോൾ ഏതു കോലത്തിലായിരിക്കും എന്നോർത്തിട്ട് ഒരുൾക്കിടിലം.

"ചേട്ടൻ ഒന്നു നോക്ക് എന്നിട്ടു വിളിക്ക്." അനിബാബുവിനു കാര്യം മനസ്സിലായി. അയാൾ അകത്തേക്കു പോയി.

സന്ദീപ് സമീപസ്ഥമായ പുൽമേടുകളെ നോക്കി നിന്നു. വാകമരങ്ങളുടെയും യൂക്കാലി മരങ്ങളുടെയും ചില്ലകളിലൂടെ കാറ്റ് ചീറിക്കടന്നു പോകുമ്പോൾ ഇടയ്ക്കു മൂളക്കമുണ്ടാകുന്നതു കേൾക്കാം. വിദൂര ഗിരിനിരകളുടെ വളഞ്ഞുപുളഞ്ഞ് പാറ്റേൺ ആകാശച്ചുവട്ടിൽ മങ്ങിക്കാണാനുണ്ട്.

അനിബാബു വീണ്ടും വന്നു വിളിച്ചു.

"സാറ് ആ ഫോണുംകൂടി എടുത്തോ. അവൻ പറയുന്നതൊക്കെ അതിലോട്ട് പിടിച്ചോ." ഫോൺ കാറിനുള്ളിലായിരുന്നു. സന്ദീപ് അതെടുത്തുകൊണ്ട് അനിബാബുവിന്റെ പിന്നാലെ കെട്ടിടത്തിനുള്ളിലേക്കു കയറിച്ചെന്നു. മുറിയിൽ പഴയ നിലയിൽത്തന്നെ ചുമരും ചാരി ഇരുപ്പുണ്ട് കുട്ടിക്കൽ സുകു. ആൾ അവശനാണെന്ന് ഒറ്റനോട്ടത്തിൽത്തന്നെ സന്ദീപിനു മനസ്സിലായി. അയാളുടെ മുൻപിൽ അനിബാബു ഇട്ടുകൊടുത്ത കസേരയിൽ സന്ദീപ് ഇരുന്നു. മറ്റൊരു കസേരയിൽ അനിബാബുവും ഇരുന്നു. കുട്ടിക്കൽ സുകുവിന്റെ കണ്ണുകൾക്കു ചോര നിറം. മുഖം തിണർത്തിരിക്കുന്നു. നിലത്ത് മുൻപൊഴിച്ച വെള്ളത്തിനു പകരം അങ്ങിങ്ങ് ചോരത്തുള്ളികൾ.

മൊബൈലിൽ വീഡിയോ ക്യാമറ പ്രവർത്തിപ്പിക്കാൻ അനിബാബു ആംഗ്യം കാട്ടി. സന്ദീപ് മൊബൈലിലെ വീഡിയോ ക്യാമറ കുട്ടിക്കൽ സുകുവിന്റെ മുഖത്തിന് അഭിമുഖമായി പിടിച്ചു.

"അറിയാം... ചന്ദ്രബാബൂനെ അറിയാം."

അതു പറയുമ്പോൾ സുകുവിന്റെ ശബ്ദം വിറകൊണ്ടു.

"നിന്നോടു ചോദിച്ചില്ലല്ലോടാ സുകൂ. ചോദിക്കട്ടെ. അന്നാരം പറഞ്ഞാ മതി."

അനിബാബു പറഞ്ഞു. എന്നാൽ സന്ദീപ് ചോദ്യം ആവർത്തിച്ചില്ല.

"മാങ്ങോട്ടുശ്ശേരീലെ ജഗന്നാഥക്കുറുപ്പിന്റെ മകൾ മാളവികയെ അറിയാമോ?"

"അറിയാം. ചന്ദ്രബാബും ആ പെങ്കൊച്ചും സ്നേഹിച്ചതും ഒളിച്ചോടിയതും കേസായതും ഒന്നിച്ചു ജീവിക്കാൻ കോടതി സമ്മതിച്ചതും എല്ലാം അറിയാം."

എങ്ങനെങ്കിലും പറഞ്ഞു തീർത്താൽ മതിയെന്നേ ഉള്ളു കുട്ടിക്കൽ സുകുവിന്.

"നീ അങ്ങനെ ധൃതിപിടിക്കണ്ട. പതിയെ പറഞ്ഞാൽ മതി."

"എനിക്കു കുടിക്കാൻ എന്തെങ്കിലും താ." അനിബാബു വെള്ളം കൊടുക്കാൻ ആംഗ്യം കാട്ടിയപ്പോൾ സംഘത്തിലൊരാൾ ഗ്ലാസിൽ ഒരിത്തിരി വെള്ളമെടുത്തു കൊടുത്തു. സുകു അത് ആർത്തിയോടെ കുടിച്ചു.

"ചോദിക്ക്... ചോദിക്ക്..."

സുകുവിന് ഇരിക്കപ്പൊറുതിയില്ല.

"സാറേ... പടിപടിയായിട്ടു ചോദിച്ച് ഉത്തരം പറയിപ്പിച്ചാ മതി. പെരുവന്താനത്തെ ബന്ധുവീട്ടീന്ന് ചന്ദ്രബാബൂനേം മാളവികേം പോലീസുവന്നു പിടികൂടിയപ്പം കല്ലാറ്റുപടിക്കാരുടെ കൂടെ നീയും ഇല്ലാരുന്നോടാ സുകുവേ?"

"ഒണ്ടായിരുന്നെന്ന് എത്ര തവണ പറയണം."

"നൂറുതവണ പറയണമെടാ..." അനിബാബു കൈ നീട്ടി സുകുവിന്റെ താടിപിടിച്ച് കുനിഞ്ഞ മുഖം പൊക്കി.

"ചന്ദ്രബാബുവിനെ കൊല്ലാൻ പദ്ധതിയിട്ടത് ആരാ?"

"അത് ഹേമചന്ദ്രൻ സാറാ. കല്ലാറ്റുപടിക്കെ ഇരുന്നാ തീരുമാനിച്ചെ.... വെള്ളം താ." സുകു പരവേശപ്പെട്ടു.

"വെള്ളം കൊടുക്കണ്ട. ഇനി മുഴുവൻ പറഞ്ഞിട്ട് കൊടുത്താ മതി." അനിബാബു നിർദേശിച്ചു.

"ആ സംഭവം നടന്നപോലങ്ങു പറഞ്ഞോ." സന്ദീപ് ആവശ്യപ്പെട്ടു.

"അവര് മണിമലേല് താമസിച്ചോണ്ടിരുന്നപ്പ തീരുമാനിച്ചതാ കൊല്ലണംന്ന്."

സുകു പറഞ്ഞു. "ആലോചന മുറുകി വന്നപ്പഴേക്കും അവര് സ്ഥലം വിറ്റ് പുല്ലുപാറയ്ക്കു പോയി. അവിടെവെച്ച് കൊല്ലാൻ പലവട്ടം പരിപാടിയിട്ടെങ്കിലും ഒന്നും നടന്നില്ല. ഒന്നുകില് ഞങ്ങള് ചെല്ലുമ്പ അവനവിടെ ഇല്ല. അല്ലെങ്കി എന്തേലും തടസ്സം വരും."

"എന്തു തടസ്സം?" സന്ദീപ് ചോദിച്ചു.

"നാട്ടുകാരോ അയൽക്കാരോ അങ്ങനെ ആരെങ്കിലും ഇടയ്ക്ക് കേറിവരും. വണ്ടിപിടിച്ചു പോയി പലതവണ പുല്ലുപാറ കവലേ കാത്തു കെടന്നിട്ടൊണ്ട്. പാകത്തിന് ഒത്തു കിട്ടിയില്ല. അങ്ങനിരിക്കുമ്പഴാ ഏലപ്പാറവെച്ച് പിടിക്കാന്ന് തീരുമാനിച്ചെ."

(ശേഷം 30-ാം പേജിൽ)

# സെക്രട്ടേറിയറ്റിൽ പരിഷ്കാരങ്ങൾ പഠിക്കാൻ കൺസൾട്ടൻസി

തിരുവനന്തപുരം: ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നടപ്പാക്കേണ്ട പരിഷ്കാരങ്ങൾ പഠിക്കാൻ കൺസൾട്ടൻസിയെ നിയമിക്കാൻ സർക്കാർ. സെക്രട്ടേറിയറ്റിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചു ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പു പുറത്തിറക്കിയ റിപ്പോർട്ടിനെതിരെ ധനവകുപ്പ് അടക്കമുള്ള വിവിധ വകുപ്പുകൾ രംഗത്തെത്തിയ സാഹചര്യത്തിലാണ് വിശദപഠനത്തിന് കൺസൾട്ടൻസിയെ നിയോഗിക്കുന്ന കാര്യം സർക്കാരിന്റെ സജീവചർച്ചയിലെത്തിയത്. സെക്രട്ടേറിയറ്റ് പരിഷ്കാരത്തെക്കുറിച്ചു പഠിക്കാൻ സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിനെ ഏൽപിക്കുന്നതാണ് സർക്കാരിന്റെ സജീവ പരിഗണനയിലുള്ളത്. സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് നേരിട്ടു പഠിക്കുമോ അതോ സ്വകാര്യ കൺസൾട്ടൻസി സ്ഥാപനത്തിന് കരാർ കൈമാറുമോ എന്നു വ്യക്തമല്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കൺസൾട്ടൻസി സ്ഥാപനമായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിന് സെക്രട്ടേറിയറ്റിൽ ഓഫീസ് അനുവദിക്കാനുള്ള തീരുമാനം ഏറെ വിവാദങ്ങൾക്കു വഴിവെച്ചിരുന്നു.

വികസന പദ്ധതികൾ നടപ്പാക്കുന്നതിനായി ബജറ്റിനു പുറത്തു സംസ്ഥാന സർക്കാരിന്റെ അഭിമാനപദ്ധതിയായി രൂപീകരിച്ച കിഫ്ബിയും സാമൂഹിക സുരക്ഷാ പെൻഷൻ തുക കണ്ടെത്തുന്നതിനായി രൂപീകരിച്ച സോഷ്യൽ സെക്യൂരിറ്റി മിഷനും അടച്ചുപൂട്ടണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് സർക്കാരിനു തിരിച്ചടിയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാമാണ് കിഫ്ബിയുടെ തലപ്പത്തുള്ളത്. കിഫ്ബിക്കെതിരെയുള്ള ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് സർക്കാരിന് ഏറെ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇതോടെ റിപ്പോർട്ട് സർക്കാർ നടപ്പാക്കാനായി പരിഗണിക്കുമോ എന്ന കാര്യത്തിലും ആശയക്കുഴപ്പമായി. ഇതിനിടെയാണ് സെക്രട്ടേറിയറ്റിലെ ഫയൽനീക്കം വേഗത്തിലാക്കുന്നതിനെക്കുറിച്ചും തസ്തിക പുനർനിർണയത്തെക്കുറിച്ചു പഠിക്കുന്നതിനായി കൺസൾട്ടൻസിയെ കൊണ്ടുവരുന്നതിനെക്കുറിച്ചുള്ള ചർച്ചകളും സജീവമായത്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് തള്ളി ധനവകുപ്പ് പരസ്യമായി രംഗത്തെത്തിയിരുന്നു. പൊതുഭരണ വകുപ്പിലെ തസ്തികകളാണ് കുറയ്ക്കേണ്ടതെന്നായിരുന്നു ധനവകുപ്പ് നിലപാട്.

## സർക്കാരിന്റെ വികലമായ മദ്യനയത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ്

കൊച്ചി: കേരളത്തെ മദ്യവിമുക്തമാക്കുമെന്നു പ്രഖ്യാപിച്ച എൽഡിഎഫ് സർക്കാരിന്റെ വികലമായ മദ്യനയം കേരളത്തിലെ പ്രബുദ്ധരായ ജനതയോടുള്ള വെല്ലുവിളിയാണെന്ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി. റസ്റ്ററന്റുകളിലൂടെ ബിയറും ബാറുകളിൽ കള്ളും വിതരണം ചെയ്യാനും ഡ്രൈഡേയിൽ സുലഭമായി മദ്യം ലഭ്യമാക്കാനുമുള്ള തീരുമാനം പുനഃപരിശോധിക്കണം. ടൂറിസത്തിന്റെ മറവിൽ കേരളത്തിൽ മദ്യം സുലഭമാക്കാനുള്ള സർക്കാർ തീരുമാനം ദൗർഭാഗ്യകരമാണ്. വരുമാന വർധനയ്ക്കുള്ള ശിപാർശകളിൽ മദ്യ ഉത്പാദനം പ്രോത്സാഹിപ്പിക്കാനുള്ള നീക്കം ആശങ്കയുളവാക്കുന്നതാണ്. കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള ഗൂഢപദ്ധതികൾ അവസാനിപ്പിക്കുകയും വികലമായ മദ്യനയം തിരുത്തുകയും ചെയ്തില്ലെങ്കിൽ ശക്തമായ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുമെന്നും കത്തോലിക്കാ കോൺഗ്രസ് അറിയിച്ചു.

## നടൻ കോട്ടയം സോമരാജ് അന്തരിച്ചു



കോട്ടയം: മിമിക്രി കലാകാരനും സിനിമ, സീരിയൽ നടനുമായ പയ്യപ്പാടി കല്ലുവേലിപ്പറമ്പിൽ കോട്ടയം സോമരാജ് (കെ.കെ. സോമരാജ്-62) അന്തരിച്ചു. അഞ്ചരക്കല്യാണം, കണ്ണകി, ഫാന്റം, ബാംബു ബോയ്സ്, ഇലകൾ പച്ചപൂക്കൾ മഞ്ഞ, ചാക്കോ രണ്ടാമൻ, ആനന്ദഭൈരവി, അണ്ണൻ തമ്പി, കിങ് ലയർ, ക്ലാസ്മേറ്റ്സ്, മേരാ നാം ഷാജി തുടങ്ങി ഒട്ടേറെ സിനിമകളിൽ അഭിനയിച്ചു. സിനിമാ താരങ്ങളുടെ ശബ്ദം ചേർത്തുള്ള 'പുതുക്കോട്ടയിൽ ആടുമണവാളൻ' ഹാസ്യ കഥാപ്രസംഗം ഏറെ ശ്രദ്ധിക്കപ്പെട്ടു. വിവിധ മിമിക്രി ട്രൂപ്പുകളിൽ അംഗമായിരുന്നു. ദേ മാവേലി കൊമ്പത്ത്, ഓണത്തിനിടയ്ക്ക് പൂട്ടുകച്ചവടം തുടങ്ങിയ കോമഡി ആൽബങ്ങൾക്ക് സ്ക്രിപ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭാര്യ ശാന്തമ്മ. മക്കൾ: ശാരിക, രാധിക, ദേവിക.

## നോവൽ

(29-ാം പേജിൽ നിന്നും)

"ആര് തീരുമാനിച്ചത്?" സന്ദീപ് തിരക്കി.

"എല്ലാം ഹേമചന്ദ്രൻ സാറാ... ഏലപ്പാറ ബസ്സ്റ്റാൻഡീന്ന് രാത്രി പൊക്കാൻ വേണ്ടി വണ്ടീംകൊണ്ട് പോയി. മൂന്നാമത്തെ തവണയാ എല്ലാംകൂടെ ഒത്തുവന്നെ."

"ആരൊക്കെയൊണ്ടാരുന്നു നിങ്ങൾടെ കൂടെ?"

"തൊടക്കത്തില് ഞാനും കുഞ്ഞുമോനും മാത്രമേയൊള്ളൂ. കുഞ്ഞുമോൻ അന്ന് പൊൻകുന്നത്ത് ടാക്സി ജീപ്പിന്റെ ഡ്രൈവറാ. ഞങ്ങള് തമ്മി കള്ളു കമ്പനിയൊണ്ട്. ഞാനാ കുഞ്ഞുമോനെ ഹേമചന്ദ്രൻ സാറിനു മുട്ടിച്ചു കൊടുത്തെ-വെള്ളം തരുവോ?"

"തരാം. ബാക്കികൂടി പറ..."

"നല്ല മഴയൊള്ള ദിവസമാ... ചന്ദ്രബാബൂന്റെ ബസ് കുമളീന്നു വരണം. അന്ന് മൊബൈലൊന്നും ഇല്ല. വണ്ടി വരുന്ന സമയം കണക്കാക്കി ഞങ്ങള് ഏലപ്പാറ ടൗണി വന്നു. ജീപ്പിലാ. ഞാനും കുഞ്ഞുമോനും കൂടെ കട്ടപ്പനേന്ന് മുണ്ടക്കയം പോണ മട്ടില് ബസ്സ്റ്റാന്റിന്റെ മുന്നീച്ചെന്നു. മുണ്ടക്കയം പോകുന്ന ആരെങ്കിലും ഒണ്ടെങ്കി ജീപ്പേ കേറിക്കോളാൻ പറഞ്ഞു. ചന്ദ്രബാബു പണി തീർത്ത് പുല്ലുപാറയ്ക്കു പോകാൻ വണ്ടി കാത്തുനിൽക്കുവാ. രാത്രി പത്തിനപ്രത്തോട്ട് അന്നത്തെക്കാലത്ത് മുണ്ടക്കയത്തിനു ബസ്സില്ല. ചന്ദ്രബാബു ജീപ്പിനടുത്തുവന്ന് അകോം പൊറോം ഒക്കെ നോക്കി. അവന്റേം ഉള്ളില് പേടീം സംശയോം ഒക്കെ ഒള്ളതു കാരണം അവനും സൂക്ഷിച്ചാ നടക്കുന്നെ."

സുകു ഒന്നു നിർത്തി. ദയനീയമായി സന്ദീപിനെ നോക്കി.

"സാറെ... തൊണ്ണ പൊരിയുന്നു ... ഇച്ചിരി വെള്ളം തായോ..."

"തരാം. ഇതൊന്നു പറഞ്ഞു തീർത്തോട്ടെ. എന്നിട്ട്?"

"അവൻ നോക്കിയപ്പം രണ്ടുപേരെയൊള്ളൂ ജീപ്പില്. ടാക്സിയാണല്ലോ. പുറകില് കൊറേ ചാക്കുകെട്ടൊണ്ട്. കുറേ ഇഞ്ചീം കുരുമൊളകും തേയിലേം കപ്പേം ഒക്കെയാ... നമ്മള് കട്ടപ്പനേന്ന് മലഞ്ചരക്കുംകൊണ്ട് പോകുവാണെന്നു തോന്നിപ്പിക്കാൻ വേണ്ടിയാ... കൊഴപ്പമില്ലെന്നു തോന്നീട്ടാരിക്കും അവൻ ചോദിച്ചു പുല്ലുപാറേൽ എറക്കുവോന്ന്. അവനോട് മുന്നിലത്തെ സീറ്റിൽ കേറിക്കോളാൻ പറഞ്ഞിട്ട് ഞാൻ നടുക്കത്തെ സീറ്റിക്കേറി ഇരുന്നു. ചന്ദ്രബാബൂം ജീപ്പേലോട്ടു കേറി."

"വേറെ ആരും ഇല്ലാരുന്നോ?"

സന്ദീപ് ഉദ്വിഗ്നനായി.

"ആ സമയത്ത് വേറാരും ഇല്ല സാറെ. ഞങ്ങള് വണ്ടി വിട്ടു. ഏലപ്പാറ കഴിഞ്ഞാപ്പിന്നെ ഭയങ്കര വളവും തിരിവും കുറ്റിക്കാടുമാ... മേമല ചെല്ലുന്നതിനു മുന്നേ ഹേമചന്ദ്രൻസാറിന്റെ കാറു കണ്ടു. ഞങ്ങള് ഡിമ്മും ബ്രൈറ്റും മാറി മാറി അടിച്ച് സിഗ്നലു കൊടുത്തു. ഞങ്ങള് പള്ളിക്കുന്നു കവല കഴിഞ്ഞപ്പഴേക്കും ഹേമചന്ദ്രൻ സാറിന്റെ കാറ് ഓവർടേക്ക് ചെയ്തു കയറിപ്പോയി. കുട്ടിക്കാനത്തിനു താഴെവെച്ച് ജീപ്പിനു കൈകാണിച്ച് മൂന്നുപേരുംകൂടെ ജീപ്പിൽ കേറി. ഒരാള് ഫ്രെണ്ടിലും ബാക്കി രണ്ടുപേര് എന്റെ കൂടെയും. മഴക്കോട്ടും തൊപ്പീം ഒക്കെ ഒണ്ടായിരുന്നതു കാരണം ചന്ദ്രബാബൂന് പെട്ടെന്ന് ആളെ തിരിച്ചറിയാൻ പറ്റീല്ല."

"ആരൊക്കെയായിരുന്നു അത്?"

"സാറെ... ഹേമചന്ദ്രൻ സാറും ഹരീ ന്ദ്ര ൻ സാറും. അങ്ങോരടെ അച്ഛൻ കുറുപ്പങ്ങൂന്നും."

"അവരായിരുന്നോ കാറിൽ?"

"ആണ് സാറെ. ഒരാളുംകൂടെ ഒണ്ടാരുന്നു. ബാലകൃഷ്ണ മൊതലാളി. പുള്ളിക്കാരനാ മറ്റെ കാറോടിച്ചെ."

"എന്നിട്ട്?"

"എന്നിട്ടെന്താ സാറെ, വളഞ്ഞാങ്ങാനത്തിന്റെ മോളില് വല്യ യക്ഷിവളവൊണ്ടല്ലോ. അവടെ എത്തിയപ്പം ഹരീന്ദ്രൻ സാറ് പുറകീന്ന് ഒരു പ്ലാസ്റ്റിക് ചരടിട്ട് മുൻസീറ്റിലിരുന്ന ചന്ദ്രബാബൂന്റെ കഴുത്തിനു ചുറ്റി. ഒരറ്റം ഹേമചന്ദ്രൻ സാറും പിടിച്ചു. മറ്റേയറ്റം ഹരീന്ദ്രൻ സാറും പിടിച്ചു. നെലവിളിക്കാണ്ടിരിക്കാൻ കുറുപ്പങ്ങൂന്ന് വാ പൊത്തിപ്പിടിച്ചു. കൊറച്ച് കൈകാലിട്ടടിച്ചു. പക്ഷേങ്കി മൂന്നു മിനിറ്റിനകത്ത് കാര്യം കഴിഞ്ഞു."

സന്ദീപിന്റെ മുഖം മുറുകി. ഇരുപത്തിരണ്ടു വർഷം മുൻപു നടന്ന അരുംകൊലയുടെ വിവരണം സന്ദീപിനെ വികാരവിക്ഷുബ്ധനാക്കി.

"സാറേ... വെള്ളം."

കൂട്ടിക്കൽ സുകു കെഞ്ചി.

"എന്നിട്ട് എന്തു ചെയ്തു?"

"ശവം കൊക്കേലോട്ടു തള്ളാനാരുന്നു തീരുമാനം. പുറകിലെ ചാക്കുകെട്ടെല്ലാം തള്ളി. അതിനെടയ്ക്ക് ഒരു പാണ്ടിലോറി വന്ന് വെലങ്ങി. അതിന്റെ ആക്സിലൊടിഞ്ഞു. ശവം എറക്കാതെ ഞങ്ങള് മുന്നോട്ടു പോയി. വളഞ്ഞാങ്ങാനം കഴിഞ്ഞ് വണ്ടി നിർത്തീട്ട് ഹേമചന്ദ്രൻ സാർ മഴക്കോട്ട് മാറ്റി. അകത്ത് പോലീസിന്റെ കാക്കിവേഷം. തൊപ്പിയെടുത്തുവെച്ചു. പോലീസിന്റെ ബോർഡും പ്ലേറ്റും സ്റ്റിക്കറും ലൈറ്റും എല്ലാംകൂടെ ഫിറ്റ് ചെയ്തപ്പ പൊലീസ് ജീപ്പായി. പിന്നെ ആരും ചെക്ക് ചെയ്യുംന്ന് പേടിക്കണ്ടല്ലോ."

"ചന്ദ്രബാബൂന്റെ ബോഡി എന്തു ചെയ്തെന്നു പറ."

സന്ദീപ് അക്ഷമനായി.

"അത് അറിയാമ്മേല സാറെ. മുണ്ടക്കയത്തു ചെന്നപ്പം എന്നെ എറക്കിവിട്ടു. ഞാനൊരു ഓട്ടോ പിടിച്ച് കൂട്ടിക്കലോട്ടു പോയി. അന്നു പെണ്ണുമ്പിള്ളേം പിള്ളേരുമൊക്കെ ഒണ്ടെനിക്ക്. പിന്നെയാ അവരുപേക്ഷിച്ചു പോയെ."

"അവര് ഡെഡ്ബോഡി കൊണ്ടു പോയി എന്തു ചെയ്തു?"

"എനിക്കറിയാമ്മേല സാറെ. ചോദിക്കരുതെന്നു പറഞ്ഞിട്ടൊണ്ടാരുന്നു. ഞാൻ ചോദിക്കാനും പോയിട്ടില്ല. സാറേ വെള്ളം... ചത്തുപോകും സാറേ..."

സുകു ദാഹനീരിനു കെഞ്ചിക്കൊണ്ടിരുന്നു.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman
Advt001

## ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്ക ഫൊറോന ദൈവാലയത്തിൽ




# ഈശോയുടെ തിരുഹൃദയ ദർശന തിരുനാൾ മഹോത്സവം

## 2024 മെയ് 27 മുതൽ ജൂൺ 3 വരെ

### 145 E.Grand Ave, Bensenville, IL 60106

പ്രിയ ദൈവജനമേ,

ക്നാനായ റീജിയണിലെ ആദ്യ ദൈവാലയമായ ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിലെ പതിനെട്ടാമത്തെ തിരുഹൃദയമഹോത്സവം മെയ് 27 തിങ്കൾ മുതൽ ജൂൺ 3 ഞായർ വരെ ഭക്ത്യാദരപൂർവം നടത്തപ്പെടുകയാണ്. തിരുഹൃദയം കനിഞ്ഞ് നല്കിയ ബെൻസൻവില്ലയിലെ പുതിയ ദൈവാലയത്തിലെ ആദ്യ തിരുനാളിലേക്ക് ഏവരേയും കുടുംബസമേതം ക്ഷണിക്കുന്നു. തിരുഹൃദയത്തണലിൽ നല്കിയ അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദി അർപ്പിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.




FR.THOMAS MULAVANAL (PASTOR)



FR.BINS CHETHALIL (ASSOCIATE PASTOR)



MSGR. THOMAS KADUKAPPILLIL



MSGR. SHOBY CHETTIYATH



FR. SIJU MUDAKODIL



FR. THOMAS KADUTHODIYIL



FR. MELVIN MANGALATH PAUL



FR. KEVIN MUNDACKEL



FR. TOM KANNAMTHANAM



FR. JOSHY VALIYAVEETTIL



THOMAS NEDUVAMPUZHA (TRUSTEE)



KISHOR KANNALA (TRUSTEE)



JENSEN AIKKARAPARAMBIL (TRUSTEE)



SABU MUTHOLATH (TRUSTEE)



MATHIAS PULLAPPALLIL (TRUSTEE)



SUNNY MUTHOLATH (ACCOUNTANT)



LINCE THANNICHUVATTIL (PRO)

## PROGRAMS

**May 27-30 ( Monday - Thursday)**

6.30 pm - Adoration, Sacred Heart Rosary & Letheenju

7.00 pm Holy Mass & Sacred Heart Novena

**May 27 - Monday**

Infant Jesus & Guadalupe Koodarayogam

**May 28 - Tuesday**

St. Alphonsa Koodarayogam

**May 29 - Wednesday**

St. Stephen Koodarayogam

**May 30 - Thursday**

St. Augustine & St Michael Koodarayogam

**May 31 - Friday**

6.30 pm - Flag Hoisting, Latheeju, Holy Mass in English & Homily.
Main Celebrant: Fr. Melvin Mangalath Paul
Homily: Fr. Kevin Mundackal
Sacred Heart Youth Choir
Women's Ministry Chenda " Amma Melam "
Entertainment Program " BESEN STARS " & Food Fest
( Mission League )

**June 1, Saturday**

5.00 pm: Holy Qurbana: Fr. Siju Mudakodil
Homily: Msgr. Thomas Kadukappillil
St. Mary's Church Choir
Honoring Pastor by Darshana Samuham
" Ville Night " by Artists of the parish. Food Fest ( Vincent De Paul )

**June 2, Sunday**

10.00 am: Solemn Rasa Qurbana: Rev.Fr.Shoby Chettiyath
Homily: Rev. Fr. Tom Kannamthanam OFM
Solemn Outdoor, Procession, Benediction.
Auction and SNEHAVIRUNNU

**June 3, Monday**

5.00 pm : Oppees at cemetery
7.00 pm : Memorial Mass for the departed souls from the parish:
Msgr. Thomas Mulavanal

Printed at GRACE PRINTING, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : K.M. EAPEN. Executive Editor : JOSE KANIYALY